പുസ്തകം 79
ലക്കം 1
ജനുവരി 2007
സുൽഹ് 1386
ദുൽഹജ്ജ് 1427 - മുഹറം 1428



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 6520733
**ഫാക്സ് :** **0495 - 2721609**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**


# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**


**4** *യുഗശബ്ദം*

**5** *മുഖക്കുറിപ്പ്*

**ലേഖനം**

**6** *അഹങ്കാരം ഉപേക്ഷിക്കുക*
ഹദ്റത്ത് അഹ്മദ് (അ)

**7** *ഇറാഖിന്റെ നാശം : ഒരു യഹൂദ-പാശ്ചാത്യ ഗൂഢാലോചന*
ഖലീഫത്തുൽ മസീഹ് - IV

**10** *ദൈവിക സിംഹാസനത്തിന്റെ യാഥാർത്ഥ്യം സൂറ:ഫാത്തിഹായുടെ വെളിച്ചത്തിൽ*
ഇജാസ്

**16** *ബുദ്ധന്റെ ദൈവവിശ്വാസം (തുടർച്ച)*
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**20** *വാഗ്ദത്ത മസീഹിന്റെ വംശപരമ്പരയും ഖാദിയാൻ ദേശത്തിന്റെ പൂർവ്വചരിത്രവും*
ഏ.ക്യു മഹ്ദി

**25** *ഔതാദുകളുടെ ഫിർഔനും ഈജിപ്തിലെ പടുകൂറ്റൻ നിർമ്മിതികളും*
ഏ.എം. മുഹമ്മദ് സലീം

**29** *ജിന്ന് ആരാണ്?*
ഏ.പി. കുഞ്ഞാമു

**32** *യേശു ദൈവത്തിനു സമനോ?*
അൻവർ, പാലക്കാട്

**36** *മൗലാനാ സനാഉല്ലാ അമൃതസ്സരിയുടെ ദാരുണമായ അന്ത്യം*
മുഹമ്മദ് ഉമർ എച്ച്.എ. കോഴിക്കോട്

**കുറിപ്പുകൾ**

**39** *സദ്ദാം : വീരമൃത്യു വരിച്ച പോരാളി*

**42** *വാർത്തകൾ.*



Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, CLT - 1.

## ഖുർആനിൽ നിന്ന്


'ഓ വിശ്വാസികളെ ദൈവമാർഗ്ഗത്തിൽ ഉറച്ചുനിൽക്കുവീൻ നീതിക്ക് സാക്ഷികളായിരിക്കുവീൻ ഒരു കൂട്ടർക്ക് നിങ്ങളോടുള്ള ശത്രുത നീതിവിരുദ്ധമായി പ്രവർത്തിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നീതി പ്രവർത്തിക്കുവിൻ അതത്രെ ഭയഭക്തിയോടടുത്തത്. അല്ലാഹുവിനോടുള്ള കടപ്പാടിനെക്കുറിച്ച് സദാ ജാഗരൂകരായിരിക്കുവിൻ, നിങ്ങൾ ചെയ്യുന്നതെന്തോ അത് അല്ലാഹു നിശ്ചയമായും അറിയുന്നു.

***(5:9)***

## നബിവചനം

നിങ്ങളിൽ ആരെങ്കിലും ന്യായാധിപനായി നിയമിക്കപ്പെട്ടാൽ, കോപമുള്ളപ്പോൾ വിധി പറയാതിരിക്കാൻ സൂക്ഷിക്കേണ്ടതാണ്. അയാൾ കക്ഷികൾക്കിടയിൽ തികഞ്ഞ സമഭാവന പാലിക്കണം. ഇരിപ്പിടത്തിലും നോട്ടത്തിലും ആട്ടം അനക്കങ്ങളിൽ പോലും!

**യുഗശബ്ദം**



# സഹോദരന് പൊറുത്തു കൊടുക്കുക

**<u>വാഗ്ദത്ത മസീഹ്</u>**

ആകാശത്തിൽ അല്ലാഹു നിങ്ങളിൽ തൃപ്തനായിരിക്കണമെന്നു നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ ഒരമ്മ പെറ്റ മക്കളെപ്പോലെ നിങ്ങൾ ഐക്യത്തിൽ വർത്തിക്കുവിൻ. സ്വന്തം സഹോദരന്റെ തെറ്റുകുറ്റങ്ങൾ ഏറെ പൊറുത്തു കൊടുക്കുന്നതാരോ അയാളാണ് നിങ്ങളിൽ ഏറെ ആദരണീയൻ. കടുംപിടുത്തം പിടിക്കുകയും പൊറുത്തുകൊടുക്കാതിരിക്കുകയും ചെയ്യുന്നവൻ അങ്ങേയറ്റം ഭാഗ്യം കെട്ടവനത്രെ. അവനു ഞാനുമായി യാതൊരു ബന്ധവുമില്ല. ദൈവത്തിന്റെ ശാപത്തെത്തൊട്ടു വളരെ ഭയമുള്ളവരായിരിക്കുവിൻ! അവൻ പരിശുദ്ധനും അഭിമാനിയുമത്രെ. ദുർവൃത്തൻ ദൈവപ്രീതിയാർജിക്കുകയില്ല.

***- കിശ്തീനൂഹ്***

മുഖക്കുറിപ്പ്

# ജേതാവിന്റെ കാട്ടുനീതി

പുരാതന യമനിലെ ബിൽക്കീസ് രാജ്ഞി (ശേബാ രാജ്ഞി) അധിനിവേശക്കാരായ രാജാക്കന്മാരെ പറ്റി പറഞ്ഞ ഒരു വാചകം ഖുർആനിലുണ്ട്. *'രാജാക്കന്മാർ ഒരു നാട്ടിൽ പ്രവേശിച്ചാൽ അവരതിനെ തകർത്തുകളയുകയും ആ നാടുകളിലെ മാന്യന്മാരെ നിന്ദ്യരാക്കുകയും ചെയ്യും. അവർ അങ്ങനെതന്നെയാണ് ചെയ്യുക (27:36)*

ഇറാഖിലെ എണ്ണ വിഭവങ്ങൾ കൈക്കലാക്കാൻ കാരണങ്ങളുണ്ടാക്കി ഇറാഖിലേക്ക് അതിക്രമിച്ചു കയറുകയും ആറരലക്ഷം ഇറാഖികളെ കൊന്നൊടുക്കുകയും ഇറാഖിനെ മുഴുവൻ തകർത്തു തരിപ്പണമാക്കുകയും അവസാനം അവരുടെ പ്രസിഡണ്ട് സദ്ദാം ഹുസൈനെ കഴുമരത്തിലേറ്റുകയും ചെയ്ത അമേരിക്കൻ പ്രസിഡണ്ടും യഹൂദ കൂട്ടാളികളും ഇറാഖിൽ നടപ്പാക്കിയത് ഇത്തരത്തിലുള്ള ജേതാവിന്റെ കാട്ടുനീതിയാണ്. ഒരു പക്ഷേ ചരിത്രത്തിലിന്നോളം ഒരു രാജാവും ചെയ്തിട്ടില്ലാത്തയത്ര ക്രൂരതയാണ് അമേരിക്കയും യഹൂദികളും ഇറാഖിൽ ചെയ്തത്.

ലോകത്ത് ആദ്യമായി നിയമസംഹിത നിലവിൽ വന്ന ബാബിലോൺ ദേശം കൂടിയാണ് ഇറാഖ്. ഹമ്മുറാബിയുടെ നിയമസംഹിതക്ക് (Code of Hamurabi) ശേഷം നാലായിരം വർഷം കഴിഞ്ഞ് ജോർജ് ബുഷിലെത്തുമ്പോൾ നീതിബോധത്തിന്റെ മാപിനിയിലെ സൂചിക മാനുഷവിതാനത്തിൽ നിന്നും താഴോട്ടുപോയി പൈശാചിക തലത്തിലെത്തിയിരിക്കുകയാണ്. അമേരിക്കൻ അധിനിവേശ സേനയുടെ പിടിയിലായ സദ്ദാം കുറ്റം ചെയ്തെങ്കിൽ അത് അമേരിക്കയുടെ പാവസർക്കാറിനെ ഏല്പിക്കാതെ അന്താരാഷ്ട്ര ട്രിബ്യൂണലിന് കൈമാറി വിചാരണ കുറ്റമറ്റതും നീതിപൂർണ്ണവുമാക്കണമെന്നുമുള്ള ലോകമനസ്സാക്ഷിയുടെ മുറവിളി ബുഷിന്റെ ബധിര കർണ്ണങ്ങളിൽ യാതൊരു പ്രതികരണവുമുണ്ടാക്കിയില്ല. സദ്ദാമിന്റെ അഭിഭാഷകരെ കൊലപ്പെടുത്തിയും ജഡ്ജിയെ മാറ്റിയും പ്രതിയുടെ വാദം ന്യായമായും കേൾക്കാതെയും ജുഗുപ്സാവഹമായ ഒരു കംങ്കാരു കോടതിയിലാണ് സദ്ദാം വിചാരണ ചെയ്യപ്പെട്ടത്. അമേരിക്കയും യഹൂദികളും ചേർന്നുണ്ടാക്കിയ നീതിയുടെ ആത്മാവില്ലാത്ത തിരക്കഥയുടെ പൈശാചികമായ പരിണാമഗുപ്തിയാണ് കോടതി പ്രഹസനങ്ങളിലൂടെ ലോകം കണ്ടത്.

ബുഷ് അഗാധവിശ്വാസമുള്ള ഒരു ക്രിസ്ത്യാനി കൂടിയാണ്. ന്യായപ്രമാണത്തിനതീതനായി അവതരിച്ച ദൈവപുത്രന്റെ കുരിശുമരണത്തിൽ വിശ്വസിച്ചാൽ എന്ത് പാപകർമ്മം ചെയ്താലും പരലോകത്തെ ന്യായവിധിയെ അതിജീവിക്കാൻ കഴിയുമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. മനുഷ്യൻ വിശ്വാസത്താൽ നീതികരിക്കപ്പെടും എന്ന വികലമായ ആത്മീയ സങ്കല്പമായിരിക്കാം മതഭക്തനായ ബുഷിന്റെ ഈ കിരാത കൃത്യങ്ങൾക്ക് അടിസ്ഥാനം. ബൈബിളിലെ പൗലോസിന്റെ വചനം ഇങ്ങനെയാണ്. *'...പ്രവർത്തിയുടെ മാനദണ്ഡം അനുസരിച്ചോ? അല്ല. വിശ്വാസത്തിന്റെ മാനദണ്ഡം അനുസരിച്ചാണ്. നിയമം അനുസരിച്ചുള്ള കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനാലല്ല, വിശ്വാസത്താലാണ് മനുഷ്യൻ നീതീകരിക്കപ്പെടുന്നത് എന്നു നാം വിശ്വസിക്കുന്നു.' (റോമ 3:27, 28)*

എന്നാൽ മനുഷ്യൻ വിശ്വാസം കൊണ്ട് മാത്രമല്ല കർമ്മം കൊണ്ടും വിധിക്കപ്പെടുന്നു എന്നതാണ് സാർവ്വത്രികനീതി. ഖുർആൻ പറയുന്നു: *'അതിനാൽ നിന്റെ നാഥനെ കൊണ്ട് സത്യം അവരെയെല്ലാവരേയും തീർച്ചയായും നാം ചോദ്യം ചെയ്യും. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് (ഖുർആൻ 15:93, 94). 'വിശ്വസിച്ചവരെ നിങ്ങൾ പ്രവർത്തിക്കാത്തത് എന്തിന് നിങ്ങൾ പറയുന്നു? നിങ്ങൾ പ്രവർത്തിക്കാത്തത് നിങ്ങൾ പറയുക എന്നത് അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഏറ്റവും ക്രോധകരമാവുന്നു (61:3, 4)*

വിധി നടത്തുമ്പോൾ അത് ഏറ്റവും നീതിപൂർവ്വമായിരിക്കണമെന്നത് ഖുർആന്റെ വിട്ടുവീഴ്ചയില്ലാത്ത താക്കീതാണ്. ഖുർആൻ പറയുന്നു: *'ജനങ്ങൾക്കിടയിൽ വിധി നടത്തുമ്പോൾ നിങ്ങൾ നീതിപൂർവ്വം വിധി നടത്തുവീൻ അല്ലാഹു നിങ്ങളെ ഉപദേശിക്കുന്നത് എത്രമേൽ മഹത്തരം അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമത്രെ' (4:54).* വിദ്വേഷവും പകയും മൂലം നീതിയുടെ തുലമാനത്തിൽ പക്ഷപാതിത്വത്തിന്റെ പിഴവുകൾ ഉണ്ടാകരുത് എന്നത് ഖുർആന്റെ കർശനമായ അനുശാസനയാണ്. ഖുർആൻ പറയുന്നു: *'ഓ വിശ്വാസികളെ ദൈവമാർഗ്ഗത്തിൽ ഉറച്ചുനിൽക്കുവീൻ നീതിക്ക് സാക്ഷികളായിരിക്കുവീൻ ഒരു കൂട്ടർക്ക് നിങ്ങളോടുള്ള ശത്രുത*

*(ശേഷം 6-ൽ)*

# അഹങ്കാരം ഉപേക്ഷിക്കുക

## ഹദ്റത്ത് അഹ്മദ് (അ)

അഹങ്കാരം ഉപേക്ഷിക്കുവാൻ ഞാൻ എന്റെ ജമാഅത്തിനെ ഉപദേശിച്ചു കൊള്ളുന്നു. ഗർവ്വ് പ്രതാപവാനായ നമ്മുടെ ദൈവത്തിന്റെ കണ്ണിൽ അങ്ങേയറ്റം അനിഷ്ടകരമായിട്ടുള്ളതത്രെ, ഗർവ്വ് എന്നാൽ എന്താണെന്ന് നിങ്ങൾ പക്ഷെ, പൂർ ണ്ണമായും മനസ്സിലാക്കിയിട്ടില്ലായിരിക്കാം. ആകയാൽ, എന്നിൽ നിന്നും അതറിഞ്ഞുകൊൾവിൻ. എന്തെന്നാൽ ഞാൻ അല്ലാഹുവിൽ നിന്നുള്ള ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് സംസാരിക്കുന്നു.

തന്റെ സഹോദരനെക്കാൾ കൂടുതൽ പഠിച്ചവനും അറിവുള്ളവനും ബുദ്ധിമാനും ആണെന്നു കരുതിക്കൊണ്ട് അവനെ താഴ്ത്തിക്കാണുവാൻ ശ്രമിക്കുന്നവൻ അഹങ്കാരിയാകുന്നു. എല്ലാ അറിവിന്റെയും ജ്ഞാനത്തിന്റെയും ഉറവിടം അല്ലാഹുവാണെന്നു കരുതുന്നതിനുപകരം താൻ തന്നെ വലിയ എന്തോ ആണെന്നു അയാൾ വിചാരിക്കുന്നു. അയാളെ മാനസികമായി നിലതെറ്റിയവനാക്കുവാനും താൻ താഴ്ന്നവനായിക്കരുതിയ തന്റെ സഹോദരന്നു ഏറെ ഉയർന്ന ജ്ഞാനവും അറിവും ബുദ്ധിശക്തിയും നല്കി അയാളെ അനുഗ്രഹിക്കുവാനും അല്ലാഹുവിനു ശക്തിയില്ലേ? ഇപ്രകാരം തന്നെ തന്റെ സമ്പത്തിന്റെയും ഉത്തുംഗസ്ഥാനത്തിന്റെയും പേരിൽ തന്റെ സഹോദരനെ ഇകഴ്ത്തിക്കാണുന്നവനും ഗർവ്വിഷ്ഠനാകുന്നു. തന്റെ പദവിയും മഹിമാവുമെല്ലാം അല്ലാഹു അനുഗ്രഹിച്ചു നൽകിയതാണെന്ന യാഥാർത്ഥ്യത്തെ അവഗണിച്ചതിനാലാണ് അവൻ അഹങ്കാരിയാകുന്നത്. പെട്ടെന്ന് താൻ നീചരിൽ നീചനായി താഴത്തേയ്ക്കെറിയപ്പെടുമാറ് തനിക്ക് ദൗർഭാഗ്യം വരുത്തിവെയ്ക്കുവാൻ അല്ലാഹുവിന്നു കഴിവുണ്ടെന്ന വസ്തുത മനസ്സിലാക്കാത്തവനും അന്ധനുമാണവൻ. അവൻചെറിയവനായിരിക്കരുതുന്ന തന്റെ സഹോദരന് കൂടുതൽ സമ്പത്തും ഐശ്യര്യവും അനുഗ്രഹിച്ചു നൽകാൻ അല്ലാഹു ശക്തനാണെന്ന കാര്യവും അവൻ മനസ്സിലാക്കുന്നില്ല. ശരീരാരോഗ്യത്തിലോ സൗന്ദര്യത്തിലോ ആകാരസൗഷ്ഠവത്തിലോ ഉള്ളുക്കിലോ താൻ കേമനാണെന്നു കരുതിക്കൊണ്ട് സ്വസഹോദരനെ നിന്ദിച്ചു പറയുകയും പരിഹസിക്കുകയും അപനാമങ്ങൾ വിളിച്ചു അപഹാസ്യനാക്കുകയും ചെയ്യുന്നവനും അഹങ്കാരിയാകുന്നു. തന്റെ മേൽ ക്ഷണനേരം കൊണ്ടു വൈകല്യങ്ങൾ വരുത്തിവെയ്ക്കാനും തന്റെ നിന്ദിക്കപ്പെട്ട സഹോദരനേക്കാൾ എത്രയോ നിന്ദ്യമായ ദുസ്ഥിതിയിലാക്കാനും പോരുന്നവനായ ഒരു ദൈവത്തിന്റെ ഉണ്മയെക്കുറിച്ചു അറിവില്ലാത്തവനും അഹങ്കാരിയത്രെ.

*(റൂഹാനീ ഖസായിൻ, വാള്യം 18, ഭാ 402; നുസൂലുൽ മസീഹ് ഭാ 26.)*

---

*(5-ൽ നിന്ന് തുടർച്ച)*

*നീതിവിരുദ്ധമായി പ്രവർത്തിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നീതി പ്രവർത്തിക്കുവിൻ അതത്രെ ഭയഭക്തിയോടടുത്തത്. അല്ലാഹുവിനോടുള്ള കടപ്പാടിനെക്കുറിച്ച് സദാ ജാഗരൂകരായിരിക്കുവിൻ, നിങ്ങൾ ചെയ്യുന്നതെന്തോ അത് അല്ലാഹു നിശ്ചയമായും അറിയുന്നു. (5:9) വീണ്ടും ഖുർആൻ പറയുന്നു: 'വിശ്വസിച്ചവരെ നീതി പാലിക്കുന്നതിൽ നിങ്ങൾ കണിശക്കാരായിരിക്കുവിൻ. നിങ്ങൾക്കെതിരായാലും നിങ്ങളുടെ മാതാപിതാക്കൾക്കോ, ഉറ്റവർക്കോ എതിരായാലും അല്ലാഹുവിന് വേണ്ടി നിങ്ങൾ നീതിയിൽ ഉറച്ചുനിൽക്കുവിൻ. അവർ ധനവാന്മാ രായാലും ദരിദ്രരായാലും അല്ലാഹുവത്രെ അവരുമായി കൂടുതൽ അടുത്തവൻ. നീതിമാർഗ്ഗത്തിൽ നിന്ന് തെറ്റിപ്പോകാതിരിക്കാൻ നിങ്ങൾ സേഛകൾക്ക് അടിമപ്പെടാതെ സൂക്ഷിക്കുവിൻ. നിങ്ങൾ സത്യം മറച്ചുവെക്കുകയോ വളച്ചൊടിക്കുകയോ ചെയ്യുന്നപക്ഷം നിങ്ങൾ പ്രവർത്തിക്കുന്നതെന്താണെന്ന് അല്ലാഹു നല്ലവണ്ണം അറിയുന്നവനത്രെ (4:136)*

ലോകത്തിന്റെ ധാർമ്മികതയെ അങ്ങേയറ്റം ദുഷിപ്പിക്കുകയും ലോകനീതിവ്യവസ്ഥയെ അടിമേൽ മറിക്കയും കോടതിനടപടികളെ പ്രഹസനമാക്കുകയും ലോകമാകമാനം അരാചകത്വം അഴിച്ചുവിടുകയും ചെയ്യുന്ന അമേരിക്കയും യഹൂദികളും, അവരുദ്ദേശിക്കുന്നത്പോലെ ഏറെ നാൾ മുന്നോട്ടു പോകാനാവില്ല എന്നതാണ് ചരിത്രപാഠം. തീർച്ചയായും നിന്ദ്യതയുടെ ദൈവവിധി അവരെ കാത്തിരിക്കുന്നു.

ലേഖനം

# ഇറാഖിന്റെ നാശം : ഒരു യഹൂദ പാശ്ചാത്യ ഗൂഢാലോചന

പതിനാറ് വർഷങ്ങൾക്ക് മുമ്പ് ഗൾഫ് യുദ്ധവേളയിൽ ഖലീഫത്തുൽ മസീഹ് നാലാമൻ ചെയ്ത ഖുത്ബകളിൽ നിന്ന്

### 1990 ആഗസ്റ്റ് 17

"എന്റെ ഭയം ഇറാഖ് ഏറ്റവും ഭീകരമായ പ്രതികാരത്തിന്റെ ലക്ഷ്യമായിത്തീരുമെന്നും ഇറാഖിനെ ഇഞ്ചിഞ്ചായി കത്തിച്ച് ചാമ്പലാക്കുമെന്നുമാണ്. ആ മേഖലയിലെ ഏറ്റവും വലിയ മുസ്‌ലിം ശക്തിയായി മാറിക്കൊണ്ടിരിക്കുന്ന ഇറാഖിനെ നാമാവശേഷമാക്കി നശിപ്പിക്കുന്നതുവരെ അവരുടെ പ്രതികാരദാഹം കെട്ടടങ്ങുകയില്ല എന്നതാണ് എന്റെ ആശങ്ക.

എനിക്ക് നോക്കിക്കാണാനായേടത്തോളം ഇത്തവണ ഏതൊരു മുസ്‌ലിം രാജ്യത്തിനും തെല്ല് പോലും അവർക്കെതിരെ നില്ക്കാനോ അവരുടെ അധീശത്വത്തിനു കീഴിൽ നിന്നും തെന്നിമാറുന്നതിനെപ്പറ്റി സ്വപ്നം കാണാൻ കൂടിയോ സാധ്യമല്ല. അതിഭയാനകമായ നാശം ഇറാഖിനുമേൽ ഏല്പിക്കാൻ പാശ്ചാത്യരാഷ്ട്രങ്ങൾ തീരുമാനിച്ചിരിക്കുന്നു. ഈ പദ്ധതിയുടെ പ്രധാന ചാലകശക്തി ഇസ്റായേലാണ്....

നമ്മുടെ നിഷ്കളങ്കമായ ഈ അഭ്യർത്ഥന (കുവൈത്തിൽ നിന്ന് ഇറാഖ് പിന്മാറുകയും ഖുർആനിക പാഠങ്ങൾക്ക് വിധേയരായി പ്രവർത്തിക്കുകയും ചെയ്യുക എന്ന അഭ്യർത്ഥന) വളരെ വിനീതമായൊരു ഉപദേശമാകുന്നു. അത് ആത്മാർത്ഥതയോടെ ആരെങ്കിലും ശ്രദ്ധിക്കുവാനാഗ്രഹിക്കുന്നുവെങ്കിൽ അത് മനസ്സിലാക്കുകയും പ്രതികരിക്കുകയും ചെയ്യുന്നുവെങ്കിൽ അവർ അതിൽ നിന്ന് ഗുണഫലമെടുക്കും. എന്തുകൊണ്ടെന്നാൽ ഞാൻ അവരുടെ മുമ്പിൽ അവതരിപ്പിക്കുന്നത് വിശുദ്ധ ഖുർആന്റെ പാഠമാകുന്നു. ഈ പാഠത്തെ പരിഹാസത്തോടും ധിക്കാരത്തോടും കൂടി തള്ളിക്കളയുകയാണെങ്കിൽ ഞാൻ താക്കീത് ചെയ്യുന്നു. മുസ് ലിം ലോകം മുഴുവനും നീണ്ട കാലത്തോളം കരഞ്ഞിരിക്കേണ്ടി വരവിധം വൻവിപത്തുകളുടെ കയത്തിലേക്ക് തള്ളപ്പെടുന്നതാണ്. പിന്നീട് ഭിത്തിയിന്മേൽ തലതല്ലിത്തകർക്കുകയും വിലപിക്കുകയും ചെയ്താലും ഒരു ഫലവും ഉണ്ടാകുകയില്ല. നഷ്ടപ്പെട്ട ശക്തിയും അന്തസ്സും ഒരിക്കലും വീണ്ടുകിട്ടുകയുമില്ല."

### 1990 ആഗസ്ത് 24

അവർ ഇപ്പോൾ സദ്ദാം ഹുസൈനെ വിശകലനം ചെയ്ത് അവതരിപ്പിക്കുകയാണ്. ലോകശ്രദ്ധ മുഴുവൻ ക്ഷണിച്ചുകൊണ്ട് അവർ പറയുകയാണ്. ഇതാ നോക്കൂ. 'മറ്റൊരു ഭ്രാന്തൻ നേതാവ് എഴുന്നേറ്റിരിക്കുന്നു.' ഈ ഭ്രാന്തൻ നേതാവിന്റെ അടിവേരുകൾ 'നാസറി'സത്തിൽ മാത്രമല്ല ഹിറ്റ്ലറുടെ ആശയങ്ങളിലും നാസിസത്തിലും കൂടി ആരൂഢമുള്ളതാണ്. അതിനാൽ പാശ്ചാത്യലോകം ഈ സന്ദർഭത്തിൽ ഹിറ്റ്ലറുടെ കാലത്തെ ചലചിത്രങ്ങൾ നിരന്തരം പ്രദർശിപ്പിച്ചുകൊണ്ട് അവർ അക്കാലത്തെ സംഭവങ്ങളും രംഗങ്ങളും ജനങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്രകാരം അവർ സദ്ദാമിനെ ഹിറ്റ്ലറുമായി കണ്ണിചേർക്കുകയാണ്. ഇതാണ് പാശ്ചാത്യരുടെ വിശകലനം. ഇത്തരം മാനസിക ഭ്രമമുള്ള ആളുകൾ മധ്യപൗരസ്ത്യദേശത്ത് നേതാക്കന്മാരായി വരുമ്പോൾ ഈ മാനസികരോഗികളെ സൃഷ്ടിക്കുന്ന മൂലകാരണം പാശ്ചാത്യപണ്ഡിതന്മാർ ആരും തന്നെ വിശകലനത്തിന് വിധേയമാക്കിയിട്ടില്ല. ഇത്തരം മാനസിക രോഗ മുള്ള നേതാക്കന്മാരെ ഛേദിച്ചുമാറ്റിയാലും അത്തരം നിരവധി നേതാക്കന്മാർ വീണ്ടും ഉല്പാദിപ്പിക്കപ്പെടുന്നു. അവരൊരിക്കലും തന്നെ ഇത്തരം രോഗങ്ങളിൽ നിന്നോ അതിന്റെ ബാധയിൽ നിന്നോ മുക്തരുമല്ല. എന്താണ് ആ രോഗം? അത് ഇസ്രയേലിന്റെ രൂപീകരണവും പാശ്ചാത്യരുടെ അവരോടുള്ള നിരന്തരമായ പ്രീണന നയവുമാണ്. ഇസ്രായേലിന്റെ താല്പര്യമോ അറബികളുടെ താല്പര്യങ്ങളോ ഏതാണ് സ്വീകരിക്കേണ്ടതെന്ന പ്രശ്നം വരുമ്പോൾ യാതൊരു തത്വദീക്ഷയും കൂടാതെ അവർ ഇസ്രായേലിനെ അനുകൂലിക്കുന്നു. അവർ മുസ്‌ലിം ലോകത്തിന്റെ താല്പര്യങ്ങളെ തട്ടിമാറ്റുകയും ചെയ്യുന്നു.

### 1991 ജനുവരി 11

സമാധാനത്തിനുവേണ്ടി അടിക്കടി നടത്തിക്കൊണ്ടിരുന്ന എല്ലാ

ശ്രമങ്ങളെയും തട്ടിമാറ്റിക്കൊണ്ടിരിക്കാനുള്ള ധീരത കാണിക്കാൻ ഒരു പ്രകാരത്തിലും തുലനമില്ലാത്ത അവസ്ഥയിലും പ്രസിഡണ്ട് സദ്ദാം ഹുസൈനു എങ്ങനെ സാധിക്കുന്നു എന്ന കാര്യത്തിൽ ലോകം മുഴുവനും അമ്പരന്നിരിക്കുകയാണ്. ഈ വമ്പിച്ച സമ്മർദ്ദങ്ങൾക്കിടയിൽ അരക്കല്ലിൽ പെട്ട ധാന്യം കണക്കെ പൊടിപൊടിയായി പോകാനേ സാദ്ധ്യതയുള്ളൂ. വൻ രാഷ്ട്രങ്ങളുടെ ഏകീകൃത ശക്തിയ്ക്കെതിരിൽ ഇറാഖിനു കുവൈത്തിനെയോ തങ്ങളെത്തന്നെയോ രക്ഷിയ്ക്കുകയെന്നത് സാധ്യമായിട്ടുള്ള കാര്യമല്ല. ലോകത്തെങ്ങുമുള്ള സൈനിക വിദഗ്ദ്ധന്മാരുടെ അഭിപ്രായമാണ് ഞാനിപ്പറഞ്ഞത്. എന്താണ് സംഭവിക്കുന്നതെന്നു ലോകം മുഴുവനും വിസ്മയപ്പെട്ടു നോക്കുന്നു. സമാധാനത്തിനുള്ള സകല നിർദ്ദേശങ്ങളെയും നിരാകരിക്കാൻ കാരണമായിട്ടുള്ള എന്തൊന്നാണ് പ്രസിഡണ്ട് സദ്ദാം ഹുസൈന്റെ പക്കലുള്ളത്? ഈ പ്രദേശത്ത് എന്തെങ്കിലും ഫലപ്രദമായ നടപടികൾ എടുക്കുന്നവരും എടുക്കാൻ കഴിയുന്നവരും ആയ സകല ശക്തികളും പാശ്ചാത്യ രാഷ്ട്രങ്ങളാണെന്നുള്ളതാണ് വസ്തുത. മുസ്ലിം രാജ്യങ്ങളെ മറ്റു കാരണങ്ങളാൽ ഇതിൽ പങ്കാളികളാക്കിയിരിക്കുക മാത്രമാണ്. ഈ പ്രശ്നത്തിന് പുണ്യസ്ഥലങ്ങളുടെ പരിശുദ്ധിയുമായി നേരിയ ബന്ധംപോലുമില്ല. മുസ്ലിം രാഷ്ട്രങ്ങളെ മാത്രമല്ല ഇതിൽ പേരിന് മാത്രമായി ചേർത്തിട്ടുള്ളത്. യൂറോപ്പിലെ മറ്റു ചില രാജ്യങ്ങളെയും 'ടോക്കൻ' ആയി ചേർത്തിട്ടുണ്ട്. ജപ്പാന്റെ മേലും വലുതായ സമ്മർദ്ദം ചെലുത്തുകയുണ്ടായി. ഇപ്രകാരം തന്നെ ലോകത്തിലെ പാശ്ചാത്യവും പൗരസ്ത്യവുമായ മറ്റു രാഷ്ട്രങ്ങളെയും കൂട്ടാളികളാക്കാൻ ശ്രമങ്ങളുണ്ടായി. അവരെ കൂടാതെ കഴിയില്ല എന്നതു കൊണ്ടല്ല, മഴുവൻ ലോകത്തിന്റെയും പൊതുജനാഭിപ്രായം ഒരു "മഹാദ്രോഹി" ക്കെതിരിൽ ഏകോപിപ്പിച്ചിരിക്കുന്നു എന്നു വരുത്തിക്കാണിക്കാനാണിത്. ലോകാഭിപ്രായത്തെ മാനിച്ചു തങ്ങൾ എത്ര കടുത്ത നടപടികൾ സ്വീകരിച്ചാലും അത് അധികമാവില്ല! ഇറാഖിനെതിരെ ആത്യന്തികമായ അക്രമ നടപടി സ്വീകരിക്കുന്നപക്ഷം ആ നടപടികളിൽ പാകിസ്താനും ഈജിപ്തും തുർക്കിയും മറ്റു മുസ്ലിം രാജ്യങ്ങളുമെല്ലാം ഭാഗഭാക്കായിരിക്കുന്നുവെങ്കിൽ, വലിയ അക്രമമായിപ്പോയി എന്ന് പിന്നീട് അവർക്ക് തിരിഞ്ഞു നിന്നു പറയാൻ എങ്ങനെ കഴിയും?

ആകയാൽ, ഈ അക്രമ നടപടികളെപ്പറ്റി പിന്നീട് ആക്ഷേപങ്ങളൊന്നും ഉന്നയിക്കപ്പെടാതിരിക്കുന്നതിനുള്ള എല്ലാ ആസൂത്രണങ്ങളും മറ്റും അവർ മുൻകൂട്ടി ചെയ്തു കഴിഞ്ഞിട്ടുണ്ട്. 'ഇത്രയും വലിയ ഏറ്റുമുട്ടലാണ് ഒരുക്കിയിരിക്കുന്നത്; ഇത്തരത്തിലുള്ള ബഹുജനാഭിപ്രായമാണ് സ്വീകരിക്കപ്പെടിട്ടുള്ളത്. നിങ്ങളും ഇതിൽ പങ്കുചേരൂ. അല്ലെങ്കിൽ ഒരിടത്ത് മാറി നിൽക്കൂ' എന്നു എല്ലാ രാഷ്ട്രങ്ങളോടും പറയുന്നു. സൈന്യത്തെ അയച്ചിട്ടുള്ള ചില മുസ്ലിം രാഷ്ട്രങ്ങൾ ആക്രമണത്തിൽ തങ്ങൾ ചേർന്നിട്ടില്ലെന്നും പുണ്യസ്ഥലങ്ങളുടെ രക്ഷയ്ക്ക് വേണ്ടി മാത്രം മക്കയിലും മദീനയിലും തങ്ങൾ താവളമടിക്കുമെന്നും പറയുന്നു. ഉദാഹരണമായി, പാകിസ്താൻ ഇത്തരം വിഡ്ഢിത്തപരമായ ഒരു പ്രഖ്യാപനം നടത്തിയിട്ടുണ്ട്. എന്നു വച്ചാൽ, ലോകം മുഴുവൻ അടിമേൽ മറിച്ചുകൊണ്ട് മക്കക്കും മദീനയ്ക്കും അടുത്തെത്തുന്ന സൈന്യത്തിൽ നിന്നു പുണ്യകേന്ദ്രങ്ങളെ രക്ഷപ്പെടുത്താൻ വേണ്ടി തങ്ങൾ ബാക്കിയാകുമെന്നു! എന്തൊരു രക്ഷപ്പെടൽ ചിന്തയാണിത്! പാകിസ്താനോടു പറയുന്നു. 'വിഷമിക്കേണ്ട കാര്യമില്ല. സമാധാനത്തോടെ ഞങ്ങളുടെ മടിയിൽ ഇരുന്നുകൊള്ളുക. നിങ്ങളുടെ പേരേ വേണ്ടൂ. നിങ്ങളും പങ്കെടുത്തിരിക്കുന്നു എന്നു പറയുകയേ വേണ്ടൂ. നിങ്ങൾ യുദ്ധത്തിൽ പങ്കെടുക്കുകയൊന്നും വേണ്ട. ഞങ്ങൾക്കിത്ര മാത്രം മതി! ഇതു ഭയാനകമായ ഒരു ഗൂഢാലോചനയാണ്. ഈ ആസൂത്രണത്തെ സുന്ദരമായ ഒരു ശൈലിയിൽ അവതരിപ്പിക്കുന്നതിനുള്ള ഏർപ്പാടുകളാണിതൊക്കെയും!!

## 1991 ജനുവരി 25

അമേരിക്കയും പാശ്ചാത്യരും കൊട്ടിഘോഷിക്കുന്ന ധാർമ്മിക മൂല്യങ്ങൾക്ക് തികച്ചും വിരുദ്ധമാണ് കാര്യങ്ങൾ നടക്കുന്നത്. അവരുടെ വാക്കുകളേക്കാൾ ശക്തമായി അവരുടെ കർമ്മങ്ങൾ സംസാരിക്കുന്നു. സദ്ദാം ഹുസൈൻ അപകടകാരിയായ സ്വേച്ഛാധിപതിയാണെന്നും തന്റെ ജനതയെ അടിമകളാക്കിവച്ചതിനാണ് അയാൾ ശിക്ഷിക്കപ്പെടുന്നതെന്നും ഇവർ പ്രചാരണം നടത്തുന്നത്. തന്റെ ജനതക്ക് മേൽ ഭീകരത അടിച്ചേൽപ്പിച്ചതിനും പീഡിപ്പിച്ചതിനും അവർ അദ്ദേഹത്തെ ശിക്ഷിക്കുകയാണ്. അവർ സദ്ദാം ഹുസൈനെതിരാണെന്നും പറയുന്നു: കണ്ണിൽ ചോരയില്ലാത്ത കൊടുംക്രൂരനായ ഈ സ്വേച്ഛാധിപതിയിൽ നിന്നും തങ്ങൾ ഇറാഖിജനതയെ മോചിപ്പിക്കുകയാണെന്നാണ് അവർ പറയുന്നത്. സദ്ദാം ഹുസൈൻ വർഷങ്ങളായി പീഡിപ്പിക്കുകയും അടിച്ചമർത്തകയും പിടിച്ചു പറിക്കുകയും ചെയ്തുവെന്ന് അവർ പറയുന്നു. നിരപരാധികളായ ഇറാഖി ജനതയേയാണ് അവർ ശിക്ഷിക്കുന്നത്. എന്താണ് നിരപരാധരുമായ ഈ കുട്ടികളും, സ്ത്രീകളും ചെയ്ത കുറ്റം? ഈ ഇറാഖി കുട്ടികളോടും സ്ത്രീകൾക്കും മേൽ പതിച്ച നാശം അതിഭയാനകമായ യഹൂദികളുടെ ചരിത്രത്തിനുപോലും ഇത്രയും ഭീകരമായ ഒരു നാശമുണ്ടായിട്ടില്ല.

## 1991 ഫെബ്രുവരി 8

ഇറാഖിലെ ഇന്നത്തെ അവസ്ഥയുടെ പശ്ചാത്തലത്തിൽ ഹല്ലാഖു ഖാൻ ബാഗ്ദാദ് ആക്രമിച്ച പൂർവ്വ ചരിത്രം ആറ് മാസം മുമ്പ് ഞാൻ പ്രതിപാദിച്ചിരുന്നു. ഇറാഖിനുമേൽ വരാൻ പോകുന്ന ദുരന്തം അതിനേക്കാൾ ഭയാനകമായിരിക്കുമെന്ന് ഞാൻ അന്ന് താക്കീത് ചെയ്തിരുന്നു. അത്തരം ഒരു ആസൂത്രണം പൂർത്തി

യായിക്കഴിഞ്ഞു എന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. സദ്ദാം ഹുസൈൻ ഈ ആസൂത്രണങ്ങളുടെ ശരിയായ കണക്കെടുത്തില്ലെങ്കിൽ ഇറാഖിനുമേൽ അതിഭീകരമായ ഒരാക്രമണമായിരിക്കും സംഭവിക്കാൻ പോകുന്നത്. ഹല്ലാക്കുഖാൻ ബാഗ്ദാദിനെതിരെ നടത്തിയ കൂട്ടകൊലകൾ ഒന്നുമല്ലാതാക്കുന്ന രീതിയിലുള്ള കൂട്ടകൊലകളായിരിക്കും അരങ്ങേറാൻ പോവുന്നത്.

### 1991 മാർച്ച് 1

ജന്മനാ വിപ്ലവകാരികളായ ഇറാഖിലെ കുർദുകളെ കീഴടക്കാൻ ശക്തി പ്രയോഗിക്കലായിരുന്നു 1920ലെ ബ്രിട്ടീഷ് നയം. ഈ നയത്തിന്റെ ഭാഗമായി നിരായുധരും അശക്തരുമായ കുർദുകളുടെ മീതെ നിർദയം ബ്രിട്ടീഷ് സൈന്യം രാസബോംബുകൾ വർഷിച്ചു ആയിരക്കണക്കിനു ആളുകളെ കൊലചെയ്തു. അതിനുശേഷം വർഷങ്ങളോളം കൂർദ് ഗ്രാമങ്ങളിൽ അവർ ബോംബ് വർഷിച്ചു. ഈ ആക്രമണത്തിന്റെ ഭീകരത കണ്ട് ഇതിന് നേതൃത്വം നൽകിയ ബ്രിട്ടീഷ് സൈന്യത്തിലെ മേലെക്കിടയിലുള്ള ഒരുദ്യോഗസ്ഥനായ ലിയോണൽ ചാൾട്ടൺ സൈന്യത്തിൽ നിന്ന് പ്രതിഷേധിച്ച് രാജി വെക്കുകയുമുണ്ടായി. സദ്ദാം ഹുസൈനും ഇറാഖിൽ അത്തരം അക്രമണം നടത്തിയതായി നാം കേൾക്കുന്നു. ഇറാനിയൻ പട്ടാളത്തിന് നേരെയും സാധാരണജനങ്ങൾക്കെതിരെ പോലും സദ്ദാം അത്തരം രാസബോംബുകൾ വർഷിച്ച് കൂട്ടക്കൊല നടത്തിയതായി ആരോപിക്കുന്നു. പക്ഷേ വസ്തുതയെന്തെന്നാൽ അക്കാലത്ത് പാശ്ചാത്യരാജ്യങ്ങളാണ് അദ്ദേഹത്തിന് ബോംബ് നിർമ്മിക്കാനുള്ള എല്ലാ സാധനസാമഗ്രികളും വിതരണം ചെയ്തത്. അവർ അദ്ദേഹത്തിന് വിദൂരവേധക തോക്കുകളും നൽകുകയുണ്ടായി. കുവൈത്തിന്റേയും സഊദിയുടേയും ഭാരിച്ച സാമ്പത്തിക സഹായത്തോടെ അമേരിക്കൻ പിന്തുണയിൽ അദ്ദേഹം ആക്രമണം നടത്തിയത്. സദ്ദാം മനുഷ്യരാശിയോട് ക്രൂരത കാട്ടി യെന്നത് ശരിയായിരിക്കാൻ സാധ്യതയുണ്ട്. അദ്ദേഹം അതിന് മറുപടി പറയേണ്ടതുണ്ട്. ഈ ഹീനമായ കളിയിൽ സദ്ദാം മാത്രമാണ് അപരാധം ചെയ്തത് എന്ന് പറയുന്നത് പൂർണ്ണമായും കളവാണ്.

### 1991 മാർച്ച് 08

ഞാൻ ക്രിസ്തീയ രാജ്യങ്ങളെ ഉണർത്താൻ ആഗ്രഹിക്കുന്നു. വിശുദ്ധ ഖുർആനിലും റസൂൽ തിരുമേനി (സ)യുടെ വചനങ്ങളിലും അവരെ താക്കീത് ചെയ്തുകൊണ്ട് പറഞ്ഞിരിക്കുന്ന ശിക്ഷകളെപറ്റി അവർ നിന്ദാദൃഷ്ടിയോടെ കാണരുത്.

മനുഷ്യന്റെ കൗശലം കൊണ്ട് തിരുവെഴുത്തുകൾ ഒരിക്കലും നീങ്ങിപ്പോകുന്നതല്ല. അവ എപ്പോഴെങ്കിലും നീങ്ങിപ്പോന്നിട്ടുണ്ടെങ്കിൽ നിർവ്യാജമായ പശ്ചാത്താപത്തിലൂന്നിക്കൊണ്ടുള്ള പ്രാർത്ഥനയിലൂടെ മാത്രമെ സാധ്യമാവൂ. ●




ലേഖനം

# ദൈവിക സിംഹാസനത്തിന്റെ യാഥാർഥ്യം സൂറഃഫാത്തിഹായുടെ വെളിച്ചത്തിൽ

ഇജാസ്

**ഒന്നുമില്ലായ്മയിൽ നിന്നു അസ്തിത്വത്തിന്റെ ലോകത്ത് വന്ന് ആത്മീയ വളർച്ചയുടെ പാരമ്യം കണ്ടെത്തുന്ന മനുഷ്യൻ ദൈവവുമായുള്ള 'ലിഖ' (അഭിമുഖം) യാഥാർത്ഥ്യമാക്കുന്നു. മനുഷ്യന്റെ ആത്മീയ ജീവിതതത്വ ശാസ്ത്രം സൂറഃഫാതിഹായിൽ സംക്ഷേപിച്ചിട്ടുണ്ട്.**

ഈ ശാസ്ത്രയുഗത്തിൽ, ഈ കാലഘട്ടത്തിലെ വെല്ലുവിളികളെ നിർവീര്യമാക്കുന്ന തരത്തിലുള്ള അത്ഭുതങ്ങളു മായിട്ടാണ് - സൂറാ ഫാത്തിഹ അവതരിക്കുന്നത്. ഈ കാലം ആവശ്യപ്പെടുന്നതിനനുസരിച്ചുതന്നെ ദൈവാസ്തിത്വത്തെ മറക്കുന്ന അനാത്മികതത്വത്തിന്റെ തിരശ്ശീലകൾ അതു നീക്കം ചെയ്യുന്നു. മനുഷ്യന്റെ യുക്തിയെ അശക്തമാക്കുന്ന നിശിതമായ നിഗൂഢതയിൽ നിന്നു ഫാത്തിഹ ദൈവത്തിന്റെ സത്തയുടെ യാഥാർഥ്യം പുറത്തുകൊണ്ടുവരുന്നു. പ്രപഞ്ചത്തിന്റെ ഉല്പത്തിയും പരിണാമവും പരിമാണവുമുൾപ്പെടെ ഇന്നത്തെ ഭൗതികശാസ്ത്രചിന്തകന്മാരെ അലട്ടുന്ന പ്രാപഞ്ചിക പ്രശ്നങ്ങൾക്കുള്ള ആത്മീയമായ ഉപദർശനങ്ങൾ ഫാത്തിഹയിൽ സമീകരിക്കപ്പെട്ടിരിക്കുന്നുവെന്നതാണ് സത്യം. ജീവിക്കുന്ന ഗ്രന്ഥത്തിന്റെ ജീവത്തായ അദ്ധ്യായം എന്ന നിലയിൽ ആധുനികശാസ്ത്രത്തിന്റെ പോർക്കളത്തിലും അങ്ങനെ ഫാത്തിഹ ജേതാവായി പുറത്തുവരുന്നതു കാണാം.

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു:

*"നാലു ശാസ്ത്രങ്ങളെ സംബന്ധിച്ചുള്ള മാർഗ്ഗദർശനം ഖുർആനിലടങ്ങിയിരിക്കുന്നു. ജീവന്റെ ഉല്പത്തിയെകുറിച്ചുള്ള ശാസ്ത്രം, പരലോകശാസ്ത്രം, പ്രവാചകത്വത്തിന്റെ ശാസ്ത്രം, ദൈവികസത്തയെയും ദൈവത്തിന്റെ ഗുണങ്ങളെയും ഏകത്വത്തെയും സംബന്ധിച്ചുള്ള ശാസ്ത്രം, ഈ നാലു ശാസ്ത്രങ്ങളും ഫാത്തിഹായിൽ അടങ്ങിയിരിക്കുന്നു എന്നതിൽ ഒരു സംശയവുമില്ല. എന്നാൽ മിക്ക മുസ് ലിം ദിവ്യന്മാരും ഇതിനെകുറിച്ചു തീർത്തും അശ്രദ്ധരാണ്. അവർ ഫാത്തിഹ വെറുതെയങ്ങ് ഉരുവിടുന്നുവെങ്കിലും അഗാധമായ അതിന്റെ അർഥതലങ്ങളിൽ ചിന്തിക്കാൻ കൂട്ടാക്കുന്നില്ല. അതിന്റെ സപ്ത നീർച്ചാലുകൾ തുറന്നുവിടാൻ ഒട്ടും അവർ യത്നിക്കുന്നില്ല. മറിച്ച് പാപകരമായ അനുസരണക്കേടിൽ തങ്ങളുടെ നാളുകൾ അവർ തള്ളിനീക്കുന്നുവെന്നു മാത്രം" - (ഇഅ്ജാസുൽ മസീഹ് പുറം - 72, 72)*

### ഫാത്തിഹ: ഇസ്‌ലാമിന്റെ കാതൽ:

ജീവന്റെ ഉല്പത്തിയെകുറിച്ചുള്ള ശാസ്ത്രത്തിന്റെ കൈവഴിയെന്നോണം പരിണാമത്തിന്റെ യാഥാർഥ്യവും സൂറാ ഫാത്തിഹ അനാവരണം ചെയ്യുന്നുണ്ട്. സൃഷ്ടിയുടെ ജൈവപരിണാമം മനുഷ്യനിൽ പൂർത്തിയായി കഴിഞ്ഞുവെന്നതാണ് സത്യം. മനുഷ്യനെ സംബന്ധിച്ചിടത്തോളം ഇനി ആത്മീയ പരിണാമത്തിന്റെ ദശകളാണ്. ആത്മീയ പരിണാമം ആത്മീയ പുനർജന്മത്തിലേക്ക് എത്തിക്കുന്നു. ഈ ആത്മീയ പുനർജന്മമാണ് സ്വർഗ്ഗീയ ജീവിതമൊരുക്കുന്നത്. ആത്മീയ പരിണാമത്തിന്റെ പാതയിൽ മനുഷ്യൻ ജീവിച്ചിരിക്കേ തന്നെ ഒരു 'മരണം' വരിക്കേണ്ടതുണ്ട്. ഭൗതികമായ ദുരകളുടെയും കെട്ടുപാടുകളുടെയും മരണമാണിതെന്നു വാഗ്ദത്ത മസീഹ് (അ) വിശദീകരിക്കുന്നു. സത്യത്തിൽ ഇതൊരുതരം 'ആത്മസംഹരണം' (ഫന) ആണ്. ഈ ആത്മസംഹരണത്തിനും അതുവഴിയുള്ള ആത്മീയ പുനർജന്മത്തിനുമുള്ള മാർഗ്ഗദർശനമാണ് ഫാത്തിഹ മുന്നോട്ടുവെക്കുന്നത്. മനുഷ്യപൂർണത പ്രാപിച്ച മഹാത്മാവാരോ ആ മുഹമ്മദ് മുസ്തഫ (സ)യുടെ ജീവിതത്തിൽ തന്നെയാണ് ഇതിന്റെ മാതൃക സമുജ്ജ്വലി

ച്ചുനിൽക്കുന്നത്. മനുഷ്യന് ദൈവ ദർശനം സാധ്യമാക്കുന്ന പൂർണ്ണതയുടെതായ ഈ അവസ്ഥയിലെത്തിക്കുന്ന ആത്മീയബലതന്ത്രത്തെയാണ് മാറ്റുവാക്കിൽ 'ഇസ്ലാം' എന്നു പറയുന്നത്. വാഗ്ദത്ത മസീഹ് (അ) പറയുന്നത് ഇസ്ലാമിന്റെ കാതൽ ഫാത്തിഹ തന്നെയാണെന്നാണ്. വാഗ്ദത്ത മസീഹ്, ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) പറയുന്നു:

*''ദൈവത്തിൽ പൂർണ്ണമായ ആത്മൈക്യം പ്രാപിക്കുന്നതിന് വിശുദ്ധ ഖുർആൻ നിർദ്ദേശിച്ചിരിക്കുന്ന മാർഗ്ഗം, 'ഇസ്ലാം' എന്ന പദം സൂചിപ്പിക്കുന്ന തരത്തിലുള്ള പരിപൂർണ്ണാനുസരണവും ഫാത്തിഹാ പ്രാർഥനയുമാണ്. അന്യൂനമായ ഈ അനുസരണവും ഫാത്തിഹാ പ്രാർഥനയുമാണ് ഇസ്ലാം ധർമ്മത്തിന്റെ കാതൽ. തന്മൂലം ഇസ്ലാം ശബ്ദം സൂചിപ്പിക്കുന്ന അഗ്നിമയമായ ആത്മീയ മാർഗ്ഗത്തിൽ പൂർണ്ണമായും പ്രവേശിക്കുകയും ഫാത്തിഹാ പ്രാർഥന നിരന്തരം അനുഷ്ഠിക്കുകയും ചെയ്യുന്നവരാണ് ഇസ്ലാമിനെ സാക്ഷാത്കരിക്കുന്നത്''*

– (ഇസ്ലാം തത്ത്വജ്ഞാനം, പുറം, 148, 149)

മനുഷ്യൻ ദൈവികഗുണങ്ങളുടെ ആത്മീയ പ്രതിഫലനമാകുമ്പോഴാണ് ഇസ്ലാമിനെ സാക്ഷാത്കരിക്കാൻ കഴിയുക. ഈ ദൈവികഗുണങ്ങളാകട്ടെ അതിന്റെ തന്മയത്വത്തിൽ പക്ഷെ സൃഷ്ടികളുമായി യാതൊരു ബന്ധവുമില്ലാത്തനിലയിൽ പരിശുദ്ധമായ ഔന്നത്യത്തി ലാണ് നിലകൊള്ളുന്നത്. സ്രഷ്ടാവായ ദൈവം സൃഷ്ടികളുമായി ബന്ധപ്പെടുന്നത്, അവന്റെ ഗുണങ്ങളിലൂടെയാണെന്നിരിക്കെ, ഈ ഗുണങ്ങളുടെ മഹത്തായ ആവിഷ്കാരമാണ് പ്രതീകാത്മകമായി 'അർശ്' എന്ന വിശേഷണത്തിൽ ദൈവികസിംഹാസനമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്.

**'അർശി'ന്റെ യാഥാർഥ്യം:**

ആധുനിക ഭൗതികശാസ്ത്രം പ്രപഞ്ചത്തിന്റെ പ്രവർത്തനത്തിനു പിന്നിൽ നാലു പ്രകൃതി ബലങ്ങളെ കണ്ടെത്തുന്നതുപോലെ, 'അർശ്' നാല് മലക്കുകൾ ചുമക്കുന്നു എന്നാണ് പറയപ്പെട്ടിരിക്കുന്നത്, ഇതുകൊണ്ട് അർഥമാക്കുന്നത്, പ്രപഞ്ചനാഥനായ അല്ലാഹുവിന്റെ മറഞ്ഞിരിക്കുന്ന അസ്തിത്വത്തെ വെളിപ്പെടുത്തുന്ന നാല് അടിസ്ഥാന ഗുണങ്ങളാണ്. വിശുദ്ധ ഖുർആൻ അതിന്റെ സ്വതസിദ്ധമായ ആത്മീയ രൂപകഭാഷയിൽ ഒരുവശത്ത് നാലു മലക്കുകളായി ചിത്രീകരിക്കുന്ന ഈ നാലു ദൈവികഗുണങ്ങളെ, മറ്റൊരു വശത്ത് ദൈവികസിംഹാസനമൊരുക്കുന്ന നാലുകാലുകളെന്നോണം ചിത്രീകരിക്കുന്നു. സൃഷ്ടി സാകല്യത്തിൽ നിന്നു സ്രഷ്ടാവായ ദൈവത്തെ വേർതിരിച്ചു കാട്ടുന്നതിനുള്ള ഒരു ആത്മീയ രൂപകമാണ് 'അർശ്' എന്നു മനസ്സിലാക്കേണ്ടതുണ്ട്. ഫാത്തിഹ ഈ ദൈവിക സിംഹാസനത്തിന്റെ യാഥാർത്ഥ്യം നമുക്കു വെളിപ്പെടുത്തി തരുന്നതോടൊപ്പം കരുണാമയനായ ദൈവത്തിന്റെ തിരുമുഖം അതിന്റെ പൂർണ്ണ പ്രഭാവത്തോടെ അനാവൃതമാക്കുകയും ചെയ്യുന്നു. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുകയാണ്:

*''മഹോന്നതനായ അല്ലാഹു അവന്റെ പരിശുദ്ധമായ ഔന്നത്യത്തിലേയ്ക്ക് പിൻവാങ്ങുമ്പോൾ, അവൻ യാതൊന്നിനും ചെന്നെത്താനാവാത്ത അനഭിഗമ്യമായ ഗോപ്യതയിലും പരിപൂർണ്ണമായ നിഗൂഢതയിലും നിലയുറപ്പിക്കുമാറ് അവന്റെ പരിശുദ്ധിയുടെ ഗുണം അവന്റെ മറ്റു ഗുണങ്ങളെ ആവരണം ചെയ്യുമ്പോൾ ദൈവം മനുഷ്യബുദ്ധിയുടെ ദൃഷ്ടിപഥത്തിനുമെത്രയോ അപ്പുറത്താവുകയും അങ്ങനെ അവനെ കണ്ടെത്തുന്നതിൽ മനുഷ്യയുക്തി അശക്തമായിത്തീരുകയും ചെയ്യുന്നു. ഈ അവസ്ഥയെയാണ് വിശുദ്ധ ഖുർആന്റെ ഭാഷയിൽ 'അർശ്' എന്നു പറയുന്നത്. അപ്പോൾ നാലുമലക്കുകളായി വിശേഷിപ്പിക്കപ്പെട്ട ദൈവത്തിന്റെ നാലു ഗുണങ്ങൾ ലോകത്തു പ്രവർത്തനത്തിൽ വരുകയും അതുവഴി ദൈവത്തിന്റെ മറഞ്ഞിരിക്കുന്ന അസ്തിത്വം വെളിപ്പെടുകയും ചെയ്യുന്നു'' – (ചശ്മയെ മഅരിഫ പേ. 266).*

ഖുർആനികജ്ഞാനമില്ലാത്ത ലൗകീകബുദ്ധികൾ വിവരമില്ലാതെ 'അർശി'നെ അക്ഷരാർത്ഥത്തിൽ തന്നെ ദൈവികസിംഹാസനമായി തെറ്റിദ്ധരിക്കുന്നു. എന്നാൽ ദൈവത്തിന്റെ 'അർശ്' ദൈവത്തിന്റെ സത്തയെപ്പോലെ തന്നെ അപരിമേയമാണെന്നാണ് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ചൂണ്ടിക്കാട്ടിയത് – ദൈവത്തിന്റെ നാലു ഗുണങ്ങളെ നാലുമലക്കുകളായി ചിത്രീകരിച്ചതിൽ നിന്നുതന്നെ അർശിനെകുറിച്ചുള്ള വിശേഷണം തികച്ചും പ്രതീകാത്മകമാണെന്നു തെളിയുന്നുണ്ട്. സർവ്വവ്യാപിയായ ദൈവത്തെ അവന്റെ സത്തയിലും ഗുണങ്ങളിലും ഒരിക്കലും വേർപ്പെടുത്തി കാണാൻ പാടില്ലെന്ന യാഥാർഥ്യമാണ് ഫാത്തിഹ അടിവരയിടുന്നത്. ഈ നാലുദൈവിക ഗുണങ്ങളെ അഥവാ ആ ഗുണങ്ങൾ ഈ ലോകത്ത് ആവിഷ്കൃതമാവുന്നതിലേയ്ക്കുള്ള പ്രവർത്തനങ്ങളിലേക്കായി നിയോഗിക്കപ്പെട്ട മലക്കുകളെയാണ് വേദങ്ങളിൽ 'ദേവന്മാർ' എന്നു പറയപ്പെട്ടിരിക്കുന്നത്. ഹിന്ദുക്കൾ വേദങ്ങളുടെ വെളിച്ചത്തിൽ ഈ നാലുഗുണങ്ങളും ദേവന്മാർക്ക് സ്വതന്ത്രമായി സ്വായത്തമായതാണെന്നു കരുതുന്നു. നൂഹ് നബിയുടെ ജനതതിയിലും നാലുദേവന്മാരുണ്ടായിരുന്നു. ഇതേ അടിസ്ഥാനത്തിൽ തന്നെയാണ് അറേബ്യയിലെ ബിംബാരാധകരും ലാത്ത, മനാത്ത, ഉസ്സ, ഹുബൽ എന്നിവയെ ആരാധിച്ചുപോന്നത്. ഇവയെകുറിച്ചാണ് വേദപുസ്തകത്തിൽ ജിബ്രീൽ എന്നും മീഖായീലെന്നും ഇസ്രാഫീലെന്നും അസ്രായീലെന്നും പരാമർശിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഈ നാലും ഒരിക്കലും ആരാധനക്കർഹരല്ലെന്നും മറിച്ചു മഹോന്നതനായ അല്ലാഹുവിന്റെ സിംഹാസനത്തെ വഹിക്കുന്ന വെറും സേവകന്മാർ മാത്രമാണെ

ന്നുമാണ് ഫാത്തിഹ പഠിപ്പിക്കുന്നത്. വാഗ്ദത്ത മസീഹിന്റെ വാക്കുകളിൽ പറഞ്ഞാൽ, ഒരു കണ്ണാടിയിലെന്ന പോലെ ആ ദൈവികഗുണങ്ങളെ ഇവർ പ്രതിഫലിപ്പിക്കുകയാണെന്നു മാത്രം.

## കാരുണ്യം - ദൈവിക ഗുണങ്ങളുടെ അടിസ്ഥാനം:

ദൈവത്തിന്റെ ഈ ഗുണഭാവങ്ങളാണ് സത്യത്തിൽ പ്രപഞ്ചസാകല്യത്തെ നിലനിർത്തുന്നത്. സൂറാ ഫാത്തിഹ ഈ അടിസ്ഥാന ഗുണങ്ങളെ നമുക്കു പരിചയപ്പെടുത്തിതരുന്നതോടൊപ്പം, കാരുണ്യമാണ് ഈ ഗുണഭാവങ്ങളുടെ യാഥാർഥ്യമെന്നും പ്രപഞ്ചത്തിന്റെയും ജീവിതത്തിന്റെയും പൊരുളെന്നും വ്യക്തമാക്കുകയും ചെയ്യുന്നു. ഫാത്തിഹ ഉണർത്തുന്ന ഈ പ്രപഞ്ചയാഥാർഥ്യം വിശദീകരിച്ചുകൊണ്ടു വാഗ്ദത്ത മസീഹ് (അ) പറയുകയാണ് *"ലോകത്തു കാണപ്പെടുന്ന എല്ലാ വസ്തുക്കളിലുമുള്ള സ്തുത്യർഹമായ എല്ലാ ഗുണങ്ങളും സത്യത്തിൽ ദൈവത്തിന്റെതാകുന്നു. അതുപോലെതന്നെ ഓരോ വസ്തുവിലും നിലനിൽക്കുന്ന സ്തുത്യർഹമായ എല്ലാ ഓരോ മേന്മയും അതിന്റെ രൂപസന്ദായകനാരോ അവനിൽ നിന്നുള്ളതുതന്നെയാണ്. എന്നുപറഞ്ഞാൽ ലോകത്തെ പ്രകാശമാനമാക്കുന്നതെന്തോ അത് സൂര്യനല്ല; സത്യത്തിൽ ദൈവമാണ് അതിനെ പ്രകാശിപ്പിക്കുന്നത്. രാത്രിയിലെ അന്ധ*കാരം അകറ്റുന്നത് ചന്ദ്രനല്ല; സത്യത്തിൽ ദൈവമാണ് അത് അകറ്റുന്നത്. ജലം വർഷിക്കുന്നത് മേഘങ്ങളല്ല; സത്യത്തിൽ ദൈവമാണ് അത് വർഷിക്കുന്നത്. ഇപ്രകാരം നമ്മുടെ കണ്ണുകളിലൂടെ കാണുന്നത് ദൈവം നൽകിയ ദർശനോപഹാരം വഴിയാകുന്നു. നമ്മുടെ ശ്രവണപുടങ്ങൾ കേൾക്കുന്നത് ദൈവത്തിന്റെ ശ്രവണോപഹാരം വഴിയാകുന്നു. ബുദ്ധി കണ്ടെത്തുന്നതെന്തോ അതും അവൻ മുഖേന തന്നെയാണ്.... ഇങ്ങനെ വ്യക്തമായും അവൻ യഥാർത്ഥ ഔദാര്യമുടയവനും എല്ലാ ഔന്നത്യവും ആശ്ലേഷിച്ചിരിക്കുന്ന അനുഗ്രഹദാതാവുമാണ്. ഇതിലേക്കു തന്നെയാണ് ഫാത്തിഹാ തുടക്കത്തിൽ തന്നെ നമ്മുടെ ശ്രദ്ധ തിരിക്കുന്നത്: 'സർവ്വ സ്തുതി കീർത്തനങ്ങളും സകലലോകങ്ങളുടെയും സ്രഷ്ടാവും പരിപാലകനുമായ അല്ലാഹുവിനാകുന്നു. അവൻ നിരുപാധികം കരുണ ചെയ്യുന്നവനും നിതാന്തമായി കരുണ ചൊരിയുന്നവനും പ്രതിഫലം നൽകുന്ന ദിനത്തിന്റെ അധിപതിയുമാകുന്നു" - അൽഹകം, ജൂൺ 24, 1904)

## റഹ്മാനും റഹീമും:

സൂറാ ഫാത്തിഹയിൽ നിന്നു മാത്രമല്ല, ദൈവിക നിയമങ്ങളിൽ ചിന്തിക്കുമ്പോഴും നമുക്ക് മനസ്സിലാകുന്നത് സൃഷ്ടിജാലങ്ങൾക്കായി സർവ്വശക്തനായ ദൈവം തുറന്നുവിട്ട കാരുണ്യത്തിന്റെ ഉറവകൾ രണ്ടുതരത്തിലാണെന്നാണ്. ഒന്നാമത്തേത്, സ്രഷ്ടാവിന്റെ നിരുപാധികമായ ഔദാര്യഗുണമായ 'റഹ്മാനിയത്ത്' ആണ്. ഒരു തരത്തിലുള്ള പ്രയത്നവും കൂടാതെ വിവിധതരത്തിലുള്ള അനുഗ്രഹങ്ങൾ നിർബാധം പ്രദാനം ചെയ്യുന്നവനാരോ അവനാണ് റഹ്മാൻ. ഈ ഔദാര്യത്തെ ശരിയായ രീതിയിൽ നീതിപൂർവ്വം പ്രയോജനപ്പെടുത്തുന്നവർക്കുള്ള പ്രത്യേക ഔദാര്യമായ 'റഹീമിയത്ത്' ആണ് രണ്ടാമത്തേത്. അങ്ങനെ 'റഹീം' ആരുടെ ശ്രമവും പാഴാക്കാത്തനിലയിൽ അനുയുക്തമായ ഫലം നൽകുന്നവനാകുന്നു. 'റഹ്മാൻ' എന്ന ഗുണത്തിന്റെ പരമമായ ദശ ദൈവം 'മുഹമ്മദ്' (സ്നേഹഭാജനം) ആയി തീരുന്നു എന്നതാണ്. റഹീം എന്ന ഗുണത്തിന്റെ പരമദശയാകട്ടെ ദൈവം 'അഹ്മദ്' (സ്നേഹിക്കുന്നവൻ) ആയി തീരുന്നു എന്നതുമാണ്. അല്ലാഹു സ്നേഹഭാജനമാകുമ്പോൾ ദൈവദാസനായ മനുഷ്യൻ സ്നേഹിക്കുന്നവൻ ആയി മാറുന്നു. അല്ലാഹു സ്നേഹിക്കുന്നവനാകുമ്പോൾ ദൈവദാസൻ സ്നേഹഭാജനം ആയി മാറുന്നു. ഈ ആത്മീയ രഹസ്യം വെളിപ്പെടുത്തിക്കൊണ്ട് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുകയാണ്: "ഇതിൽ നിന്നു നമ്മുടെ മഹാനായ യജമാനൻ നബി തിരുമേനി(സ)യുടെ അത്യുന്നതമായ പദവി നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയുന്നതാണ്. എന്തെന്നാൽ അല്ലാഹു അദ്ദേഹത്തിനു മാത്രമേ, മുഹമ്മദ് എന്നും അഹ്മദ് എന്നും നാമകരണം ചെയ്തിട്ടുള്ളു. അല്ലാഹു അദ്ദേഹത്തെ മാത്രമേ തന്റെ 'റഹ് മാൻ', 'റഹീം' എന്നീ ഗുണങ്ങളുടെ പ്രതിഫലനമാക്കിയിട്ടുള്ളു"... (ഇ അ്ജാസുൽ മസീഹ്) ഇപ്രകാരം ഫാത്തിഹാ സൂക്തം ദൈവത്തിന്റെ അടിസ്ഥാന ഗുണഭാവങ്ങൾ നമുക്ക് പരിചയപ്പെടുത്തി തരുന്നതെങ്ങിനെയെന്നും ഈ ഗുണങ്ങൾ പ്രതിഫലിപ്പിക്കുകയും അതുവഴി മാനുഷികമായ സകലശ്രേഷ്ഠതകളും തന്നിൽ സമാഹരിക്കുകയും ചെയ്തിട്ടുള്ള സൃഷ്ടിമകുടമായ നബിശ്രേഷ്ഠൻ തിരുമേനി(സ) യുടെ മഹത്വത്തിന്റെ നിദാനങ്ങൾ എന്തൊക്കെയെന്നും വാഗ്ദത്ത മസീഹ് (അ) നമുക്ക് വ്യക്തമാക്കി തരുന്നു.

## ദൈവം ഉടമസ്ഥൻ:

സ്രഷ്ടാവായ ദൈവത്തിന്റെ ഗുണങ്ങളെ സംബന്ധിച്ചു ആര്യസമാജസ്ഥാപകനായ പണ്ഡിറ്റ് ദയാനന്ദ സരസ്വതി തന്റെ 'സത്യാർഥപ്രകാശ' ത്തിൽ എഴുന്നള്ളിച്ച വികലമായ വാദങ്ങളെ വാഗ്ദത്ത മസീഹ് (അ) ഖണ്ഡിച്ചു തകർക്കുകയുണ്ടായി. സൃഷ്ടികളെ സംബന്ധിച്ചിടത്തോളം ഈശ്വരനെ സ്വാമികൾ ഒരു ഉടമസ്ഥനായല്ല, വെറുമൊരു ന്യായാധിപനായിട്ടായിരുന്നു കണ്ടത്. അതുകൊണ്ടു തന്നെ ദൈവത്തിന് ഒരു പാപവും പൊറുത്തുകൊടുക്കാനാവില്ലെന്നു മാത്രമല്ല പരിമിതമായ പ്രവൃത്തികൾക്ക് അപരിമേയമായ പ്രതിഫലം നൽകാനുമാവില്ല.

സൃഷ്ടികളെ സംബന്ധിച്ചിടത്തോളം സ്രഷ്ടാവ് ഉടമസ്ഥൻ തന്നെയാണെന്നു വാഗ്ദത്ത മസീഹ് (അ) സമർത്ഥിച്ചു. നാം മനുഷ്യനായി ജനിച്ചു എന്നതു തന്നെ ദൈവ

ത്തിന്റെ ഇച്ഛയും കേവലമായ ഔദാര്യവും മാത്രമാണ്. ആ ഇച്ഛ മറ്റൊന്നായിരുന്നെങ്കിൽ നാം കഴുതയോ മറ്റേതെങ്കിലും മൃഗമോ ആയി ജനിക്കുമായിരുന്നു. നമുക്കുള്ളതും കഴുതയ്ക്കില്ലാത്തതുമായതെന്തോ അതൊന്നും നമ്മുടെ അവകാശത്തിന്റെ കാര്യമല്ല; സർവ്വാധിനാഥനായ ദൈവത്തിന്റെ ഇച്ഛയുടെ മാത്രം കാര്യമാണ്. അതുകൊണ്ട് യഥാർത്ഥ ഉടമസ്ഥൻ ദൈവം മാത്രമാണ്. സ്രഷ്ടാവായ ഉടമസ്ഥന്റെ പ്രവൃത്തികൾ നീതിയുടെ അളവുശാലയിൽ കാണാനാവില്ല! എന്തെങ്കിലും ഉത്തരവാദിത്തം പൂർത്തിയാക്കേണ്ടതുണ്ടെന്ന അർത്ഥത്തിൽ അവനിൽ നിന്നു നമുക്ക് ഒരവകാശവും പ്രതീക്ഷിക്കുന്നുമില്ല! ദൈവം അവന്റെ സൃഷ്ടിയുടെ പ്രവൃത്തിയ്ക്ക് പ്രതിഫലമായി നൽകുന്നതെന്തും കേവലമായ ഔദാര്യം മാത്രമാണ്. ദയാനന്ദസരസ്വതിയ്ക്ക് മറുപടിയായി വാഗ്ദത്ത മസീഹ് (അ) തുടർന്നു:

*"ഓരോ പാപത്തിനും ശിക്ഷ നൽകുകയെന്നത് പൊറുത്തു കൊടുക്കലിനും സർവ്വശക്തനായ ദൈവത്തിന്റെ കാരുണ്യത്തിനും തീർത്തും വിരുദ്ധമാണ്. എന്തെന്നാൽ ദൈവം ഉടമസ്ഥനാകുന്നു! ഒരു ദണ്ഡനാധികാരിയെപോലെയല്ല അവൻ! വിശുദ്ധ ഖുർആന്റെ ആദ്യ സൂക്തത്തിൽ തന്നെ അവൻ തനിയ്ക്ക് 'ഉടമസ്ഥൻ' എന്ന പേർ വെച്ചുകൊണ്ടു പറയുന്നത് താൻ 'മാലിക്കീ യൗമിദ്ദീൻ' ആണെന്നാണ്. എന്നു പറഞ്ഞാൽ ദൈവം ശിക്ഷയുടെയും രക്ഷയുടെയും അധിപതിയാകുന്നു. രണ്ടും ചെയ്യാനുള്ള അധികാരം ഇല്ലാത്ത കാലത്തോളം ആരെയും ഉടമസ്ഥൻ എന്നു വിളിച്ചുകൂടെന്നത് വളരെ വ്യക്തമാണ്. താനിച്ഛിക്കുമ്പോൾ ശിക്ഷിക്കുകയും താനിച്ഛിക്കുമ്പോൾ രക്ഷിക്കുകയും ചെയ്യുകയെന്നതാണത്"* - (ചശ്മയെ മഅരിഫ: പുറം 16, മ.ഖ. വാല്യം 23).

## റബ്ബുൽ ആലമീൻ:

സൂറാഫാത്തിഹ, പ്രതീകാത്മകമായി നാലു മലക്കുകളായി വിശേഷിപ്പിക്കപ്പെട്ട നാലു ദൈവിക ഗുണങ്ങളെയും തികച്ചും പ്രകൃതിപരമായ ക്രമമനുസരിച്ചാണ് നമുക്ക് പരിചയപ്പെടുത്തിതരുന്നത്. ആദ്യത്തേത്, "റബ്ബുൽ ആലമീൻ" അഥവാ റുബൂബിയത്ത് എന്ന ഗുണമാണ്. സർവ്വ സൃഷ്ടിജാലങ്ങളുമായി ബന്ധപ്പെട്ട സാർവത്രികവും സർവ്വാശ്ലേഷകവുമായ ഒരു അനുഗ്രഹമാണിത്. സൃഷ്ടിയുടെ തുടക്കവും പ്രപഞ്ചത്തിന്റെ ജീവനും ഈ അനുഗ്രഹത്തിലാണെന്നു കാണാം. അതുകൊണ്ടാണ് സൂറാഫാത്തിഹയിൽ തുടക്കത്തിൽ തന്നെ "സർവ്വസ്തുതികീർത്തനങ്ങളും 'റബ്ബുൽ ആലമീൻ' (പ്രപഞ്ചങ്ങളുടെ നാഥൻ) ആയ അല്ലാഹുവിനാകുന്നു" എന്നു പറയപ്പെട്ടിരിക്കുന്നത്. അല്ലാഹു അവന്റെ 'കുൻ' (ആവുക) എന്ന സൃഷ്ട്യുന്മുഖമായ ഇച്ഛ വെളിപ്പെടുത്തുന്നതിനുമുമ്പ് ഒന്നിനും ഉൺമയുണ്ടായിരുന്നില്ലെന്നു വിശുദ്ധ ഖുർആൻ നമുക്ക് മനസ്സിലാക്കിതരുന്നുണ്ട്. നിരസ്തമായ ശൂന്യതയിൽ നിന്നു ഉണ്ടായിത്തീരുന്നതിനെയാണ് 'കുൻ' എന്ന പദം സൂചിപ്പിക്കുന്നത് 'റബ്ബ്' എന്ന പദമാകട്ടെ, ഒന്നുമില്ലായ്മയിൽ നിന്നുള്ള അസ്തിത്വത്തെയും അനുക്രമമായി അതു പൂർണ്ണതയിലെത്തുന്നതിനെയും സൂചിപ്പിക്കുന്ന തരത്തിൽ വിപുലമായ അർത്ഥോക്തികൾ ഉൾകൊള്ളുന്ന ഒന്നാണ്. ലിസാനുൽ അറബ്, താജുൽ അറൂസ് എന്നീ വിശ്വാസ്യമായ അറബി നിഘണ്ടുക്കളിൽ റബ്ബ് എന്ന പദത്തിന് മാലിക് (ഉടമസ്ഥൻ), മുദബ്ബിർ ആസൂത്രകൻ), മുതമ്മിം (പൂർത്തിയാക്കുന്നവൻ) തുടങ്ങി ഏഴു അർത്ഥങ്ങളുണ്ടെന്നു കാണാം. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നത്, 'ആലം' എന്ന വാക്കിന്റെ ഒരർത്ഥം 'അറിയാൻ കഴിയുന്നതെന്തോ അതാണെന്നാണ്.' റബ്ബുൽ ആലമീൻ എന്നു പറയുമ്പോൾ മൂലകങ്ങളുടെയും സംയുക്തങ്ങളുടെയും നാഥനാണെന്നു കൂടി അർത്ഥമാക്കപ്പെടുന്നതായി ആ മഹാത്മാവു പറഞ്ഞിട്ടുണ്ട്. (അൽഹക്കം 1900 നവം.10). മൂലകങ്ങളുടെയും സംയുക്തങ്ങളുടെയും രൂപത്തിലൂടെയാണല്ലോ അറിയപ്പെടാത്ത ഒരവസ്ഥയിൽ നിന്നു പദാർത്ഥം അറിയാനാവുന്ന ഒരവസ്ഥയിലേയ്ക്ക് എത്തിച്ചേരുന്നത്.

നമ്മുടെ പ്രപഞ്ചം ഒന്നുമില്ലായ്മയിൽ നിന്നു രൂപമെടുത്തതാണെന്നാണ് ആധുനിക പ്രപഞ്ചശാസ്ത്രവും സിദ്ധാന്തിക്കുന്നത്. പ്രപഞ്ചം ഒന്നുമില്ലായ്മയിൽ നിന്നു ഒരു ക്വാണ്ടം അനിശ്ചിതത്വത്തിലൂടെ (Quantum Uncertainity) രൂപമെടുത്തുവെന്നാണ് സങ്കൽപം. എഡ്വേർഡ് ട്രയോൺ ആയിരുന്നു ഇതിനെകുറിച്ച് ആദ്യമായി ചിന്തിച്ച ശാസ്ത്രജ്ഞൻ. ഒന്നുമില്ലായ്മയിൽ നിന്നു എന്തുണ്ടാവാനാണ്? ഒന്നിനും സ്വയം ഉണ്ടായിതീരാനും സാധ്യമല്ല. ഈ പ്രപഞ്ചസാകല്യം ഒന്നുമില്ലായ്മയിൽ നിന്നാണെങ്കിൽ അതിനൊരു തുടക്കമുണ്ടെന്നുതന്നെയാണ് അർത്ഥം. ഫാത്തിഹാ സൂക്തം പറയുന്നത് ആ തുടക്കം റബ്ബിൽ നിന്നുള്ളതാണെന്നാണ്. ആ റബ്ബാകട്ടെ ഇല്ലായ്മയിൽ നിന്നും ഉണ്ടാക്കുകയും പിന്നീട് അനുക്രമമായി പൂർണ്ണതയിലേയ്ക്ക് വികസിപ്പിച്ചുകൊണ്ടേ പോവുകയും ചെയ്യുന്നവനാണ്. അല്ലാഹുവിന്റെ 'റുബൂബിയത്ത്' എന്ന ഗുണം അതിന്റെ വെളിപ്പെടലിന്നായി ഒന്നുമില്ലായ്മ ആവശ്യപെടുന്നതായി വാഗ്ദത്ത മസീഹ്(അ) ചൂണ്ടികാണിച്ചിട്ടുണ്ട്.

## പ്രപഞ്ചത്തിന്റെ തുടക്കം:

പ്രപഞ്ചത്തിന് ഒരു തുടക്കമുണ്ടെന്നു ചിന്തിക്കാൻ പോലും ശാസ്ത്രലോകം ഒരുവേള തയ്യാറായിരുന്നില്ലെന്നോർക്കണം. തുടക്കമില്ലെന്നു മാത്രമല്ല, മൊത്തത്തിൽ നിശ്ചലമാണെന്നും കരുതപ്പെട്ടിരുന്നു! ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ നക്ഷത്രങ്ങളുടെ പിൻവാങ്ങലുകളുമായി ബന്ധപ്പെട്ടു കണ്ടെത്തിയ ചില സൂചനകളോടെയാണ് പ്രപഞ്ചം നിശ്ചലമാണെന്ന വാദമുഖങ്ങൾക്ക് വിരാമമിടപ്പെട്ടത്. പ്രപഞ്ചം വികസിക്കുകയാണെന്നു സ്ഥാപിക്കപ്പെട്ടതോടെ ഒരു 'ബിംഗ്ബാംഗി'ൽ

(Big Bang) അതിനൊരു ആരംഭവുമുണ്ടായിരിക്കണമെന്ന നിഗമനത്തിൽ ശാസ്ത്രലോകം പിന്നീട് എത്തിച്ചേരുകയും ചെയ്തു. ഏതൊരു ആരംഭവും ആദ്യന്തരഹിതനായ ഒരു ദൈവത്തിന്റെ സാന്നിധ്യമാണ് ആവശ്യപ്പെടുന്നത്. മിക്ക ശാസ്ത്രജ്ഞന്മാരെയും സംബന്ധിച്ചിടത്തോളം ഇതൊരിക്കലും അംഗീകരിച്ചുകൂടാത്തതായിരുന്നു! എന്നാൽ സാപേക്ഷികതാ സിദ്ധാന്തങ്ങളുടെ (Relativity Theories) അടിസ്ഥാനത്തിൽ നക്ഷത്രങ്ങളെ അധികരിച്ചുനടത്തിയ സൈദ്ധാന്തികപഠനങ്ങൾ പ്രപഞ്ചാരംഭത്തെ സംബന്ധിച്ചിടത്തോളം തികച്ചും പുതിയൊരു വീക്ഷണത്തിലാണ് എത്തിപ്പെട്ടത്. പ്രപഞ്ചം 'വൈചിത്ര്യം' (Singularity) എന്നു വിശേഷിപ്പിക്കപ്പെട്ട അനന്തസൂക്ഷ്മമായ ഒരു പ്രാപഞ്ചികവിത്തിൽ (Cosmic seed) നിന്നുള്ള സൃഷ്ടിയാണെന്ന പരികല്പന ഓക്സ്ഫോർഡിലെ റോജർ പെൻറേസും കേംബ്രിഡ്ജിലെ സ്റ്റീഫൻ ഹോക്കിങ്ങും മുന്നോട്ടുവെച്ചു. എന്നാൽ ഈ വൈചിത്ര്യം ശാസ്ത്രജ്ഞന്മാരെ സംബന്ധിച്ചിടത്തോളം ഒഴിവാക്കപ്പെടേണ്ട ഒന്നായിരുന്നു. വൈചിത്ര്യം എങ്ങനെയുണ്ടായി? അതിനുമുമ്പെന്തായിരുന്നു? പ്രപഞ്ചത്തിന് ഒരു തുടക്കമുണ്ടായിരുന്നു വെന്നുമാത്രമല്ല പ്രപഞ്ചം ഒരു സൗജന്യമൃഷ്ടാന്നം (Free Lunch) കൂടി ആണെന്നാണ് തുടർന്ന് MITയിലെ അലൻഗൂത്ത് സിദ്ധാന്തിച്ചത്. അതായത്, പ്രപഞ്ചം ഇല്ലായ്മയിൽ നിന്നു ഉറവെടുത്തു വികസിച്ചതാണ്. ബിഗ് ബാംഗിനുമുമ്പ് ആദിയിലെ പ്രാപഞ്ചിക വിത്ത് അനന്തസൂക്ഷ്മമായ ഒരിടവേളയിൽ (ഒരു പ്രോട്ടോൺ കണത്തിന്റെ മാത്രം വലുപ്പത്തിൽ നിന്നു ഒരു മുന്തിരിപ്പഴത്തിന്റെ വലുപ്പത്തിലേയ്ക്കെന്നപോലെ) അതിവേഗം വീർത്തുപോയിരിക്കണമെന്നും അദ്ദേഹം സിദ്ധാന്തിച്ചു. ഈ വീർക്കൽ (Inflation) ഒരുവേള കുമിളകൾ കണക്കെ നിരവധി സ്ഥലകാലമേഖലകൾ വീർത്തു വരാനിടയാക്കുകയും ഇവയോരൊന്നും കാലാന്തരത്തിൽ പുതിയ പ്രപഞ്ചങ്ങളായി രൂപപ്പെട്ടിരിക്കാമെന്നും, പുതിയവ ഉണ്ടായികൊണ്ടിരിക്കുകയാണെന്നും ആന്ദരെലിൻഡെ സിദ്ധാന്തിച്ചു. 'പ്രജനന പ്രപഞ്ചം' (Reproductive Universe) എന്നറിയപ്പെടുന്ന ഈ പരികല്പനയനുസരിച്ച് നമ്മുടെ പ്രപഞ്ചം അനേകം പ്രപഞ്ചങ്ങളിൽ ഒന്നു മാത്രമാണ്. ബ്രിട്ടന്റെ രാജകീയ ജ്യോതിശാസ്ത്രജ്ഞൻ എന്നറിയപ്പെടുന്ന മാർട്ടിൻ റീസ് പറയുന്നതും വിവിധ ലക്ഷണങ്ങളോടു കൂടിയ രൂപസംവിധാനങ്ങളോടുകൂടിയ എണ്ണമറ്റ പ്രപഞ്ചങ്ങളുണ്ടാവാമെന്നാണ്.

റബ്ബുൽ ആലമീൻ (പ്രപഞ്ചങ്ങളുടെ അധിനാഥൻ) എന്ന വചനത്തിലൂടെ ദൈവത്തിന്റെ 'റുബൂബിയത്ത്' എന്ന ഗുണം പരിചയപ്പെടുത്തികൊണ്ട് സൂറാ ഫാത്തിഹ അനാവൃതമാക്കുന്ന പ്രാപഞ്ചികസത്യങ്ങളെ ആധുനിക പ്രപഞ്ചശാസ്ത്രം എങ്ങനെ സാക്ഷ്യപ്പെടുത്തുന്നു എന്നതിന് ചില ഉദാഹരണങ്ങൾ ആനുഷംഗികമായി ഇവിടെ പരാമർശിച്ചുവെന്നേയുള്ളൂ.

### റഹ്മാനിയത്ത്

രണ്ടാമത്തേത് ജീവജാലങ്ങളുമായും സചേതനവസ്തുക്കളുമായും ബന്ധപ്പെട്ട 'അർ റഹ്മാൻ' അഥവാ റഹ്മാനിയത്ത് ആണ്. ജീവന്റെ ഉല്പത്തി മുതൽ ജീവസന്ധാരണത്തിനാവശ്യമായ സർവ്വതും മഹത്തായ ഈ ദൈവിക ഔദാര്യത്തിന്റെ സംഭാവനകളാണ്. ഉയർന്ന ജീവിയുടെ ഗുണത്തിനുവേണ്ടി താഴ്ന്നതിനെ ബലിയർപ്പിക്കുക എന്നതാണ് റഹ്മാനിയത്തിന്റെ ഒരു സവിശേഷ സ്വഭാവം. സൃഷ്ടിപ്പിന്റെ തുടക്കം മുതൽക്കേ റഹ്മാനായ ദൈവത്തിന്റെ രീതിയും ഇതു തന്നെയാണ്. മറിച്ചായിരുന്നെങ്കിൽ, പരിണാമ പ്രക്രിയ പൂർണ്ണതയിലെത്തുമായിരുന്നില്ല. വാഗ്ദത്ത മസീഹ് (അ) പറയുന്നത്, ഈ ദൈവികഗുണത്തിന്റെ അസ്തിത്വം പ്രകൃതിനിയമത്തിന്റെ നിരീക്ഷണത്തിലൂടെ സ്ഥാപിതമാണെന്നു മാത്രമല്ല, പ്രകൃതിപരമായ അനുക്രമമനുസരിച്ച് റുബൂബിയത്തിനെ തുടർന്നു തന്നെയാണ് ഇതു പരാമർശിക്കപ്പെടേണ്ടതെന്നുമാണ്. ഈ ഗുണം സൃഷ്ടികളിൽ ശ്രേഷ്ഠത്വം നൽകപ്പെട്ട മനുഷ്യനിൽ തികവുറ്റ നിലയിൽ വെളിപ്പെടുന്നു. മനുഷ്യന്റെ അസംഖ്യം ഭൗതികാവശ്യങ്ങൾ പൂർത്തി വരുത്തുന്ന സകലസംവിധാനങ്ങളും, ഭൂമിയിലും ആകാശത്തുമായി മനുഷ്യന്റെ ജീവസന്ധാരണത്തിന് ആവശ്യമായ സർവസജ്ജീകരണങ്ങളും ഈ അനുഗ്രഹം മുഖേനയാകുന്നു. അതോടൊപ്പം, മനുഷ്യന് തന്റെ സ്രഷ്ടാവിനെ തിരിച്ചറിയാനാവുന്നതും സന്മാർഗ്ഗദർശികളായ പ്രവാചകന്മാരുടെ ആഗമനം സംഭവിക്കുന്നതും ഈ അനുഗ്രഹത്തിലൂടെ തന്നെയാണ്.

### റഹീമിയത്ത്:

മൂന്നാമത്തേത്, മനുഷ്യനുമായി മാത്രം ബന്ധപ്പെട്ട 'അർ റഹീം' അഥവാ റഹീമിയത്ത് ആണ്. മനുഷ്യന്റെ ആത്മീയ പരിണാമം പാവനമായ ഈ ദൈവിക ഔദാര്യം മുഖേനയാണ് സംഭവിക്കുന്നത്. മനുഷ്യന്റെ കർമ്മങ്ങൾക്കനുസരിച്ചാണ് ഇത് നിലവിൽ വരുന്നത്. ആ കർമ്മങ്ങൾ മതപരമോ ജീവകാരുണ്യപരമോ തികച്ചും ലൗകികമോ ആയാലും റഹീമിയത്ത് അതോടൊപ്പമുണ്ടാവുകയും അദ്ധ്വാനത്തെ ഫലദായകമാക്കുകയും ചെയ്യുന്നു. എന്നാൽ പരിശുദ്ധിയുടെ വഴിയിൽ പാദമുറപ്പിക്കുന്നവരിലും ദൈവത്തിനുവേണ്ടി നഷ്ടം ഏറ്റുവാങ്ങുന്നവരിലുമാണ് ഈ അനുഗ്രഹം അതിന്റെ പൂർണ്ണതയിൽ പുണരുന്നത്. ഈ അനുഗ്രഹം മുഖേന അല്ലാഹു വിശ്വസ്തരായ വിശ്വാസികളിൽ നിന്നു ഖലീഫമാരെ തിരഞ്ഞെടുക്കുന്നു. വാഗ്ദത്ത മസീഹ് (അ) പറയുന്നത്, ഇതൊരു സവിശേഷമായ അനുഗ്രഹവും ചില വ്യവസ്ഥകൾക്ക് വിധേയവുമാണെന്നതുകൊണ്ട് റഹ്മാനിയത്തിനെ തുടർന്നുതന്നെയാണ് പരാമർശിക്കപ്പെടേണ്ടതെന്നാണ്. വാഗ്ദത്ത മസീഹ് പറയുന്നു:

*"ഈ അനുഗ്രഹങ്ങളുടെ സ്വീ*

*കർത്താക്കളായി തീരുന്നവരാകുന്നു യഥാർഥ ഭാഗ്യവാന്മാർ. യഥാർത്ഥ മനുഷ്യരും അവരാണ്. ബാക്കിയുള്ളവർ വെറും മൃഗങ്ങൾ മാത്രം."*
*(മിനനുർ റഹ്മാൻ, നോട്ട് -4)*

**മാലിക്കീയത്ത്:**

നാലാമത്തേത്, 'മാലിക്കിയൗമുദ്ദീൻ' അഥവാ മാലിക്കിയത്ത് ആണ്. മനുഷ്യൻ ദൈവമാർഗ്ഗത്തിൽ ചെയ്യുന്ന പ്രയത്നം കൊണ്ടുമാത്രം നേടിയെടുക്കാവുന്നതല്ല ഈ അനുഗ്രഹം. സൃഷ്ടികളുടെ മറകളൊന്നുമില്ലാതെ സർവ്വോന്നതനായ അല്ലാഹുവിൽ നിന്നു നേരിട്ടിറങ്ങുന്ന സവിശേഷമായ ഒരനുഗ്രഹമാണിത്. മനുഷ്യന്റെ സൃഷ്ടിയുദ്ദേശ്യവും ദൈവദർശനവും യാഥാർത്ഥ്യമാവുന്നത് ഇതിലൂടെയാണ്. വാഗ്ദത്ത മസീഹ് (അ) പറയുന്നത് അനുഗ്രഹങ്ങളുടെ ആദ്യന്തികദശയാണിതെന്നാണ്. വികൃതവും വികലവുമായ ഈ ലോകം ഉജ്ജ്വലമായ ഈ ദൈവികഗുണത്തിന്റെ ആവിഷ്കാരത്തിന് തീർത്തും അശക്തമാണ്. ഭൗതികതയുടെ ഇരുണ്ട തിരശ്ശീലകളില്ലാത്ത മറ്റൊരുലോകം ഇതിനാവശ്യമാണ്. ഇവിടെ ഈ അനുഗ്രഹത്തിന്റെ രുചി ജീവിച്ചിരിക്കെ തന്നെ ദൈവമാർഗ്ഗത്തിൽ 'മരണം' വരിക്കുകയും പിന്നീട് ആത്മീയ പുനർജന്മം നേടുകയും ചെയ്ത ദൈവദാസന്മാർക്കു മാത്രമേ അറിയാനാവുകയുള്ളൂ.

ഇങ്ങനെ, ഇല്ലായ്മയിൽ നിന്നു തുടങ്ങി പരിണാമപൂർണതയിലേയ്ക്കുള്ള പ്രയാണത്തിനിടയിൽ ദൈവാഭിമുഖരായ പരിണതജീവികളെ സൃഷ്ടിക്കുകയെന്ന പ്രപഞ്ചസൃഷ്ടിപ്പിന്റെ ലക്ഷ്യത്തിൽ ദൈവികഗുണങ്ങളുടെ പ്രവർ ത്തനം സൂറാഫാത്തിഹയുടെ അടിസ്ഥാനത്തിൽ ഹ്രസ്വമായി വിവരിച്ചുകൊണ്ട് അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകർ, വാഗ്ദത്ത മസീഹ്, ഹദ്റത്ത് അഹ്മദ് (അ) പറയുകയാണ്:

*"റുബൂബിയത്ത്" അതിന്റെ വെളിപെടലിനായി ഒന്നുമില്ലായ്മ അഥവാ ഒന്നുമില്ലായ്മയ്ക്കു സമാനമായ അവസ്ഥ ആവശ്യപ്പെടുന്നു. സൃഷ്ടിയുടെ സചേതനമോ അചേതനമോ ആയ സകലമാനരൂപവും ഇതുമുഖേനയാണ് നിലവിൽ വരുന്നത്. 'റഹ്മാനിയത്ത്' അതിന്റെ വെളിപ്പെടലിനായി അസ്തിത്വത്തിന്റെ അഭാവം ആവശ്യപ്പെടുന്നു. അതിന്റെ പ്രവർത്തനം സചേതന വസ്തുക്കളുമായി മാത്രം ബന്ധപ്പെടുന്നതാണ്. അചേതന വസ്തുക്കളുമായി അതിന് ബന്ധമൊന്നുമില്ല. 'റഹീമിയത്ത്' അതിന്റെ വെളിപ്പെടലിനായി തിരിച്ചറിവു നൽകപ്പെട്ട സൃഷ്ടിയുടെ ഭാഗത്തുനിന്നുള്ള തങ്ങളുടെ ഇല്ലായ്മയുടെ അഥവാ അസ്തിത്വനിഷേധത്തിന്റെ ഏറ്റുപറച്ചിൽ ആവശ്യപ്പെടുന്നു. ഇതു മനുഷ്യനുമായി മാത്രം ബന്ധപ്പെടുന്നതാണ്. 'മാലിക്കിയത്ത്' അതിന്റെ വെളിപ്പെടലിനായി വിനീതമായ അർത്ഥനയും കേണപേക്ഷയും ആവശ്യപ്പെടുന്നു. ഇതു തങ്ങളെ ഒന്നുമില്ലാത്തവരായി തിരിച്ചറിഞ്ഞു ഏകത്വത്തിന്റെ സന്നിധിയിൽ യാചകരെപോലെ പ്രണിപതിക്കുകയും അനുഗൃഹീതരായി തീരാൻ വേണ്ടി ആത്മാർത്ഥതയുടെ ചിറകുവിടർത്തുകയും ചെയ്തുകൊണ്ട് അല്ലാഹുവിന്റെ മാലിക്കി യൗമുദ്ദീനിൽ വിശ്വാസമർപ്പിക്കുന്ന മനുഷ്യരുമായി മാത്രം ബന്ധപ്പെടുന്നതാണ്."*

- (അയ്യാമുസ്സുൽഹ്, (റുഹാനി ഖസായിൻ), വോ. 14, പേ. 242).

അപ്പോൾ നോക്കുക, ഒന്നുമില്ലായ്മയിൽ നിന്നുള്ള തുടക്കം മുതൽ സൂക്ഷ്മമായ ഒരു പ്രാപഞ്ചികവിത്തിന്റെ ദശയിലൂടെ കടന്നു പൂർണതയിലേയ്ക്കു വികസിച്ചുകൊണ്ടിരിക്കുന്ന പ്രപഞ്ചങ്ങളുടെ പരിണാമപ്രയാണങ്ങളും, തുടർന്ന് ജീവന്റെ ഉൽപത്തി മുതൽ തിരിച്ചറിവുള്ള ജീവിയുടെ ആവിർഭാവവും, പിന്നെ പരിണതനായ ആത്മീയ മനുഷ്യന്റെ ആവിർഭാവം മുതൽ ദൈവുമായുള്ള 'ലിഖാ' (അഭിമുഖം) യാഥാർഥ്യമാക്കുന്ന ആത്മീയ പുനർജന്മത്തിലേക്കുള്ള പരിണാമവും വരെയുള്ള സൃഷ്ടിപ്പിന്റെ അനുക്രമമായ ചിത്രം ഫാത്തിഹ അത്ഭുതകരമായി ഒരു ചെപ്പിലൊതുക്കിയിരിക്കുന്നു!

●



ലേഖനം

# ബുദ്ധന്റെ ദൈവവിശ്വാസം (തുടർച്ച)

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

## ബ്രാഹ്മണ വ്യവസ്ഥയിലെ വികലമായ ദൈവ സങ്കല്പത്തെയാണ് ബുദ്ധൻ എതിർത്തത്. പാശ്ചാത്യർ തെറ്റിദ്ധരിച്ചത് പോലെ ദൈവത്തെ അദ്ദേഹം നിരാകരിച്ചിട്ടില്ല

ഹദ്റത്ത് മിർസാ ഗുലാം അഹ്മദി (അ) ന്റെ ശബ്ദം ഏറെക്കാലം ഒറ്റപ്പെട്ടു നിന്നില്ല. പാശ്ചാത്യ ഗവേഷകരുടേയും പണ്ഡിതന്മാരുടേയും രണ്ടാം തലമുറയിൽ നിന്നും ആളുകൾ ഹദ്റത്ത് മിർസാ ഗുലാം അഹ്മദിനെ (അ) പിന്തുണച്ചുകൊണ്ട് മുന്നോട്ടു വന്നു. അവരിൽ ഏറ്റവും പ്രഗത്ഭൻ മഹാനായ ഫ്രഞ്ച് പണ്ഡിതൻ ഡോ. ഗുസ്താവ് ലീ ബോൺ (Dr. Gustav Le Bon 1841–1931) ആണ്. അദ്ദേഹം എഴുതുന്നു:

*"നിർഭാഗ്യകരമെന്നു പറയട്ടെ. യൂറോപ്യൻ പണ്ഡിതന്മാർ ഇന്ത്യൻ സ്മാരകങ്ങളുടെ പഠനം തീർത്തും അവഗണിച്ചിരിക്കുന്നു. നാം ബുദ്ധമതത്തെക്കുറിച്ച് പഠിച്ചത് ഇന്ത്യൻ വിജ്ഞാനീയങ്ങളിൽ വിദഗ്ദ്ധരായവരിലൂടെയാണല്ലോ. പക്ഷേ; അവരാരും ഇന്ത്യ സന്ദർശിച്ചിട്ടില്ല. അവർ പുസ്തകങ്ങളിലൂടെയാണ് ഈ മതങ്ങളെക്കുറിച്ച് പഠിച്ചത്. വിധിയുടെ നിർഭാഗ്യകരമായ വഴിത്തിരിവെന്നു പറയട്ടെ, ബുദ്ധന്റെ മരണത്തിനുശേഷം അഞ്ചോ ആറോ നൂറ്റാണ്ടുകൾക്ക് ശേഷം എഴുതപ്പെട്ട ഒരു തത്ത്വശാസ്ത്രവിഭാഗത്തിന്റെ രചനകളാണ് അവർക്ക് പഠിക്കാൻ അവസരമുണ്ടായത്. ഇത് അവരുടെ മതപരമായ ദൈനംദിന ആചാരാനുഷ്ഠാനങ്ങളുമായി യാതൊരു പൊരുത്തവുമില്ലാത്തവയാണ്. ആത്മശാസ്ത്രപരമായ അവരുടെ അഗാധചിന്തകൾ യൂറോപ്യൻമാരെ അത്ഭുതപ്പെടുത്തുകയുണ്ടായി. വാസ്തവത്തിൽ അവയൊന്നും പുതിയതായിരുന്നില്ല. ഈ ഇന്ത്യൻ ഗ്രന്ഥങ്ങളെക്കുറിച്ച് നല്ലതുപോലെ അറിഞ്ഞുതുടങ്ങിയ കാലം മുതൽ ഇവയെല്ലാം കാണപ്പെട്ടിരുന്നത് ബ്രാഹ്മണന്മാരുടെ കാലഘട്ടത്തിൽ തത്ത്വശാസ്ത്രം മാത്രം കൈകാര്യം ചെയ്തിരുന്ന ഒരു വിഭാഗത്തിന്റെ രചനകളിൽ മാത്രമാണ്*.1*

ഡോ. ലീ ബോൺ അദ്ദേഹത്തിന്റെ വിമർശനത്തിൽ ഇതുവരെ പൂർണ്ണമായും ശരിയായ വീക്ഷണം പുലർത്തിയതായാണ് കാണപ്പെടുന്നത്. പക്ഷേ താഴെ കാണുന്ന പാഠഭാഗത്തുനിന്നും വ്യക്തമാകുന്നത് പോലെ അദ്ദേഹവും അതേ തെറ്റുകൾ ആവർത്തിക്കുന്നു. അദ്ദേഹത്തിന് ലഭിച്ച സങ്കല്പം യഥാർത്ഥ ബുദ്ധമതത്തിൽ നിന്നുള്ളതല്ല.

അതായത്, സ്തൂപങ്ങളിൽ ആലേഖനം ചെയ്യപ്പെട്ട എഴുത്തുകളിൽ നിന്നും അതേ തനിമയിൽ ലഭിച്ചതല്ല അദ്ദേഹത്തിന്റെ ബുദ്ധമത സങ്കല്പങ്ങൾ. സ്തൂപങ്ങളിൽ ഉല്ലേഖനം ചെയ്യപ്പെട്ട രേഖകളിൽ ഒരിടത്തും ബഹുദൈവ സങ്കല്പത്തെപ്പറ്റി പറയുന്നില്ല. ഡോ. ലീ ബോൺ എഴുതുന്നു:

*"ബുദ്ധമതത്തെപ്പറ്റി ഒരാൾ പഠിക്കുമ്പോൾ അത് എന്താണ് എന്നതിനെ പറ്റി പുസ്തകങ്ങളിലുള്ളതല്ല സ്മാരകങ്ങളിൽ ഉള്ളതാണ് പഠിക്കേണ്ടത്. സ്മാരകങ്ങളിൽ ഉള്ള കാര്യങ്ങൾ പുസ്തകം നമ്മോടു പറയുന്ന കാര്യങ്ങളിൽ നിന്നും തികച്ചും വിഭിന്നമാണ്. ആധുനിക പണ്ഡിതന്മാർ ഇതിനെയൊരു ദൈവരഹിതമായ മതമായിട്ടാണ് കാണാൻ ശ്രമിച്ചത്. ഇതിന് വിരുദ്ധമായി എല്ലാ മതങ്ങളിലും വെച്ച് ഏറ്റവും വലിയ ബഹുദൈവ മതമായിട്ടാണ് ബുദ്ധമതത്തെ കാണാൻ കഴിയുക.2*

ഈ പ്രസ്താവനയുടെ അവസാന ഭാഗം ഇപ്പോൾ തെളിയിച്ചു കാട്ടാൻപോകുന്നതുപോലെ തെറ്റായിരിക്കും.

ലീ ബോണിന് ശേഷം മറ്റൊരു പ്രസിദ്ധ പണ്ഡിതൻ ആർതർ ലില്ലി (Arther Lille) അശോക സ്ഥൂപങ്ങളിലെ ലിഖിതങ്ങൾ സൂക്ഷ്മമായി പഠനം നടത്തിയതിനുശേഷം തിക

* ഫ്രഞ്ച് ഭാഷയിലുള്ള ഡോ. ലീ ബോണിന്റെ ഗ്രന്ഥങ്ങളിൽ കാണപ്പെട്ട ഈ രണ്ട് ഉദ്ധരണികളും വളരെ വിശ്വസ്തതയോടെ ഇംഗ്ലീഷിലേക്ക് തർജമ ചെയ്തതാണ് (ഗ്രന്ഥകർത്താ)

ച്ചും വ്യത്യസ്തമായ മറ്റൊരു നിഗമനത്തിലെത്തിച്ചേരുകയുണ്ടായി. അദ്ദേഹം തന്റെ ഇന്ത്യ പ്രാചീന ക്രിസ്തുമതത്തിൽ (India In Primitve Christianity) എന്ന പുസ്തകത്തിൽ ഉചിതമായ രീതിയിൽ ഉദ്ധരിക്കുന്നുണ്ട്. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഈ ബുദ്ധ ലിഖിതങ്ങൾ അത് എഴുതുവാനായി പ്രത്യേകം നിർമ്മിക്കപ്പെട്ട സ്തൂപങ്ങളിൽ മാത്രമായിരുന്നില്ല എഴുതപ്പെട്ടിരുന്നത്. പെരുവഴികളിലും കച്ചവട സംഘങ്ങൾ സഞ്ചരിച്ചിരുന്ന വിശാല വീഥികളിൽ കാണപ്പെട്ടിരുന്ന പാറകളിലും ആ ലിഖിതങ്ങൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ലില്ലിയുടെ തർജുമയിൽ നിന്നും അത്തരത്തിലുള്ള രണ്ട് ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

കഥക് നദിയുടെ 20 മൈൽ അകലെ ജഗന്നാഥിലുള്ള പർദോലി (Pardohli) എന്ന പേരിൽ ഒരു പാറയുണ്ട്. അതിന്മേൽ ഇപ്രകാരം ഉല്ലേഖനം ചെയ്തിരിക്കുന്നു:

*ഭൗതിക വസ്തുക്കളോടുള്ള തീവ്രാഭിലാഷം (ഇഹലോകത്തുള്ള) ഒരു അനുസരണക്കേടാണ്. സ്വർഗ്ഗം സ്വന്തമായുള്ള ഒരു രാജകുമാരന് രാജ്യം നേടാൻ വേണ്ടിയുള്ള അദമ്യമായ ആഗ്രഹത്തിൽ കുറഞ്ഞ ഒന്നുമല്ല അത് എന്ന് ഞാൻ പ്രഖ്യാപിക്കുന്നു. പശ്ചാത്തപിക്കുക. ദൈവത്തിൽ* (ഇശാന) വിശ്വസിക്കുക. അവനാണ് അനുസരണത്തിന് യോഗ്യമായ ഏറ്റവും അമൂല്യമായ മൂർത്തി. ഇതിന് (വിശ്വാസത്തിന്) തുല്യമായി സ്വർഗ്ഗത്തെ ജയിക്കാൻ മറ്റൊരു ഉപാധിയുമില്ലെന്ന് ഞാൻ പ്രഖ്യാപിക്കുന്നു. അല്ലയോ മനുഷ്യാ, അപരിമേയമായ ഈ നിധി കൈക്കലാക്കാൻ നീ കഠിനമായി പ്രയത്നിക്കുക.3*

ഇശാന എന്നത് ഈ ലിഖിതത്തിൽ ശിവദത്ത- (Shiv Devta - God) യുടെ അഥവാ ദൈവത്തിന്റെ നാമമായിട്ടാണ് പ്രതിപാദിച്ചിട്ടുള്ളത്. (ശിവറാം ആപ്തേയുടെ (The Sanskrit/ English Dictionary).

ഏഴാം സ്തൂപത്തിലെ ലിഖിതം അതേ ഗ്രന്ഥകർത്താവ് ഉദ്ധരിക്കുന്നു:

*"ദേവനാം പ്രിയ പ്രിയദർശി പറയുന്നു: ഈ അവസരത്തിൽ ഞാൻ മതപരമായ പ്രചാരണം നടത്തുവാൻ കാരണമായി. ഞാൻ മതപരമായ ആചരണങ്ങൾ മനുഷ്യസമൂഹത്തിനു വേണ്ടി ഏർപ്പെടുത്തി. അതിലേക്ക് ശ്രദ്ധിക്കാനും ശരിയായ മാർഗ്ഗത്തിൽ വഴി നടത്താനും ദൈവത്തെ (ഇശാന) സ്തുതിക്കാനും വേണ്ടി." 4.*

ഈ പ്രതിപാദനങ്ങളിൽ നിന്നും ബുദ്ധമതത്തിന്റെ ഏറ്റവും പ്രാഥമികമായ സ്രോതസ്സുകൾ ബുദ്ധനെ ദൈവത്തിനായി സമർപ്പിച്ച ഒരാളായാണ് ചിത്രീകരിക്കുന്നത് എന്ന് വ്യക്തമാവുന്നു. (അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തിയുണ്ടാവട്ടെ)

ബുദ്ധന് ശേഷം അഞ്ച് നൂറ്റാണ്ടുകൾക്ക് കഴിഞ്ഞ് പ്രാബല്യത്തിൽ വന്ന ബുദ്ധമത സാഹിത്യമാണ് വിശ്വാസ്യവും ആധികാരികവുമായ ബുദ്ധമതത്തിലെ രണ്ടാമത്തെ പ്രാമാണിക രേഖ. ബുദ്ധൻ ഒരു നിരീശ്വര വാദിയോ ഒരു ആജ്ഞേയവാദിയോ ആയിരുന്നില്ല, മറിച്ച് അദ്ദേഹം ദൈവത്തിൽ അടിയുറച്ച വിശ്വാസമുള്ള ആളായിരുന്നു എന്നതിന്റെ തെളിവുകൾ ഈ രേഖകളും ഉൾക്കൊള്ളുന്നു. ത്രിപിടകങ്ങൾ (മൂന്ന് കട്ടകൾ) എന്നറിയപ്പെടുന്ന തെരാവദ ഗ്രന്ഥങ്ങൾ ഇവിടെ പ്രത്യേകമായി നാം ഉദ്ധരിക്കുന്നു. ത്രിപിടക (മൂന്ന് കട്ടകൾ) എന്ന പേര് സൂചിപ്പിക്കുന്നത് പോലെ ഇതു മൂന്നു വിഭാഗങ്ങളാണ്. ആദ്യത്തേ വിഭാഗത്തെ വിനയ പിടക (സ്വഭാവ സംഹിത) രണ്ടാമത്തെതിനെ സുത്ത പിടക (സത്യത്തെ സംബന്ധിച്ച ഉദ്ബോധനങ്ങൾ) മൂന്നാമത്തേതിനെ 'അഭിധർമ്മ പിടകം' (മതങ്ങളുടെ അപഗ്രഥന പഠനം) എന്നും വിളിക്കുന്നു.

സുത്ത നിപ്തകത്തിലെ 'അഗാധ തീരങ്ങളിലേക്കുള്ള പ്രയാ ണം' എന്ന അദ്ധ്യാപനത്തിൽ [5] മരണത്തെ അതിജയിക്കുന്ന ലക്ഷ്യത്തെപ്പറ്റി വിവരിച്ചിരിക്കുന്നു. ബുദ്ധൻ ഇപ്രകാരം വിവരിക്കുന്നു: "സ്വന്തം അഹം ബോധത്തെ കീഴടക്കുന്നവർക്ക് ഒരിക്കൽ ദൈവത്തെ പ്രാപിച്ച് ഒന്നായിത്തീരുക എന്നല്ലാതെ ജനനത്തിനും മരണത്തിനും യാതൊരർത്ഥവുമില്ല. ഈയൊരു ഭാഗം ഒരു പക്ഷേ, മുക്തിയെ സംബന്ധിച്ച ബ്രഹ്മസങ്കല്പമാണെന്ന് തെറ്റിദ്ധരിക്കുകയും ആശയക്കുഴപ്പമുണ്ടാക്കുകയും ചെയ്തേക്കാം. എന്നാൽ ഇത് ശരിയല്ല. ഈ ഭൂമിയിൽ വെച്ച് തന്നെ മരണത്തിന് മുമ്പ് തന്നെ മരണാനന്തരജീവിതത്തെക്കുറിച്ച് അറിഞ്ഞവരെ സംബന്ധിച്ചാണ് വ്യക്തമായും ബുദ്ധൻ ഇവിടെ സൂചിപ്പിക്കുന്നത്. ഇത് വളരെ ലളിതമായി മനസ്സിലാക്കിതരുന്നത് ബുദ്ധനെ സംബന്ധിച്ചേടത്തോളം ഭൂമിയിലെ ജീവിതം അനുഭവിക്കാതെ ആർക്കും തന്നെ പരലോകം പ്രാപിക്കാൻ സാധ്യമല്ല എന്നാണ്. ഇത് ഖുർആനികാദ്ധ്യാപനങ്ങളോട് അടുത്ത് നിൽക്കുന്നതാണ്. ഒരാൾ ദൈവത്തെ പ്രാപിക്കുകയാണെങ്കിൽ അയാൾ ജീവിതത്തേയും മരണത്തേയും ഉപരിയായി ഉയരുകയും അനശ്വരപദം പ്രാപിക്കുകയും ചെയ്യുമെന്നായിരുന്നു ബുദ്ധൻ പ്രബോധനം ചെയ്തിരുന്നത്.

ഈ അദ്ധ്യായത്തിന്റെ അവസാനത്തിൽ പിൻഗിയ എന്ന ബുദ്ധന്റെ ഒരനുയായി തന്നെ ബുദ്ധമതത്തിലേക്ക് പരിവർത്തിപ്പിക്കാൻ കാരണമായ തന്റെ ഗുരുനാഥന്റെ ഒരു മഹത്വം വിവരിക്കുന്നുണ്ട്. താൻ വാർദ്ധക്യം പ്രാപിച്ച കാരണത്താൽ ദുർബലനാവുകയും മരണത്തോടടുക്കുകയും ചെയ്യുകയുണ്ടായി. പിൻഗിയ താഴെ കാണുന്ന പ്രസ്താവന നടത്തിക്കൊണ്ടാണ് തന്റെ ചർച്ച അവസാനിപ്പിക്കുന്നത്:

* ഇവിടെ ദൈവത്തെ ഏക വചനത്തിലാണ് ഉപയോഗിച്ചത് എന്നത് വളരെയേറെ ശ്രദ്ധേയമാണ്. (ഗ്രന്ഥ:കർത്താ)

*'തീർച്ചയായും അചഞ്ചലവും വിറകൊള്ളാത്തതും എവിടെയെല്ലാം നിലകൊള്ളുന്ന വസ്തുക്കളുണ്ടോ അതിനോടൊന്നും തുല്യതയല്ലാത്തതുമായ ഒന്നിലേക്ക് ഞാൻ പോവുകയാണ്. എനിക്ക് ഇതിനെപറ്റി യാതൊരു സന്ദേഹവുമില്ല. അപ്രകാരം മനസ്സ് ക്രമപ്പെടുത്തിയ ഒരുവനായി എന്നെ പരിഗണിക്കുക.'* [6]

ഇത് ബുദ്ധന്റെ അനുയായിയുടെ പ്രതീക്ഷയും പ്രത്യാശയും വെളിപ്പെടുത്തുന്നു. അചഞ്ചലവും വിറകൊള്ളാത്തതും യാതൊന്നിനോടും തുല്യതയില്ലാത്തതുമായ നാ ഥനെ മരണത്തിനുശേഷം കണ്ടുമുട്ടുമെന്നതാണ് ബുദ്ധന്റെ അനുയായിയുടെ പ്രതീക്ഷയും പ്രത്യാശയും. ദൈവത്തെപ്പറ്റി മറ്റു മതസാഹിത്യങ്ങളിലെ വിവരണങ്ങളുമായി പൂർണ്ണമായും യോജിക്കുന്നതാണ് ഈ വിവരണം.

ബുദ്ധന്റെ മതവിശ്വാസത്തെ പറ്റി ത്രിപിടകത്തിലെ രണ്ടാം പുസ്തകമായ സുത്തപിടകത്തിൽ കൗതുകകരമായ മറ്റുവിവരങ്ങൾ കാണാം. ബുദ്ധന്റെ നിരവധി സംവാദങ്ങൾ രേഖപ്പെടുത്തിയ ഈ പുസ്തകം അഞ്ച് എണ്ണമായി വിഭജിച്ചിരിക്കുന്നു. ലണ്ടനിലെ പാലി ടെക്സ്റ്റ് സൊസൈറ്റി(Pali Text Society of London)യുടെ പ്രസിഡണ്ട് ശ്രീമതി ടി. ഡബ്ളിയു റൈസ് ഡേവിഡ് ഈ സംവാദങ്ങളിൽ ചിലത് ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. അവരുടെ വിവർത്തനം Sacred Books of Buddist (ബുദ്ധമതസ്ഥരുടെ വിശുദ്ധ ഗ്രന്ഥങ്ങൾ) എന്ന പേരിൽ പരമ്പരകളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. രണ്ടാം വാല്യത്തിലെ തെവിഗ്ഗ സുത്ത എന്ന തലവാചകം കൊടുത്ത സംവാദത്തിൽ മനുഷ്യന് എങ്ങിനെ ദൈവത്തിൽ എത്തിചേരാം എന്ന പ്രശ്നമാണ് പ്രത്യേകമായി ചർച്ച ചെയ്യുന്നത്.

ഈ ചോദ്യത്തിന് ബുദ്ധന്റെ പ്രതികരണം ഇപ്രകാരമാണ്. ഹിന്ദു പുരോഹിതന്മാർക്കിടയിൽ ഇക്കാലത്ത് ദൈവത്തിലേക്ക് മനുഷ്യനെ നയിക്കാൻ യോഗ്യതയുള്ളവർ ആരുമില്ല എന്ന് പറഞ്ഞ് ബുദ്ധൻ ആദ്യം ഈ നിർദ്ദേശത്തെ നിരാകരിക്കുകയാണ്. ഈ പ്രശ്നം തനിക്ക് സ്വയം ബോദ്ധ്യമായിട്ടുണ്ട് എന്ന രീതിയിൽ ബുദ്ധൻ അതിന്നുത്തരം നൽകുന്നുണ്ട്. ഈ സംവാദം എപ്പോൾ എങ്ങിനെ നടന്നു എന്ന പശ്ചാത്തലം വളരെ കൗതുകജനകമാണ്.

ഒരിക്കൽ മാനസ കഥ എന്ന ഒരു ബ്രാഹ്മണ ഗ്രാമമുണ്ടായിരുന്നു. ഈ ഗ്രാമം രാജ്യത്തെ ഏറ്റവും പ്രകൃതിരമണീയമായ ഒരു സ്ഥലത്ത് മനോഹരമായ ഒരു നദിക്കരികെയാണ് സ്ഥിതി ചെയ്തിരുന്നത്. ഈ ഗ്രാമത്തിന്റെ പ്രശസ്തി ദൂരദിക്കുകളിൽ കൂടി വ്യാപിച്ചു. കാരണം ആ ഗ്രാമം ബ്രാഹ്മണമതത്തിലെ സംവാദങ്ങൾ നടന്നിരുന്ന കേന്ദ്രമായിരുന്നു. ഈ ബ്രാഹ്മണന്മാരിൽ അഞ്ചുപേർ അതിപ്രശസ്തരും അവരുടെ ആശയപ്രസ്ഥാനങ്ങളുടെ പണ്ഡിതനേതാക്കന്മാരുമായിരുന്നു. ബുദ്ധനും തന്റെ തിരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാരും കൂടി ആ നദിക്കരികെ യദൃശ്ചയാ വരികയുണ്ടായി. ബുദ്ധന്റെ ആഗമനവാർത്ത ജനങ്ങളിൽ പരക്കുകയും അദ്ദേഹത്തെ കാണാനും അദ്ദേഹത്തിന്റെ തത്വങ്ങളിൽ നിന്ന് ആത്മീയ പ്രബുദ്ധത കൈവരിക്കാനും അദ്ദേഹത്തിന്റെ തിരുമുഖത്ത് നിന്നും അത് ശ്രവിക്കാനും വേണ്ടി ജനങ്ങൾ അദ്ദേഹത്തെ സന്ദർശിക്കാൻ അവിടെ എത്തിചേർന്നു. ആ ഗ്രാമത്തിലെ തന്നെ വസുദത്ത, ഭരദ്വജ എന്നീ രണ്ടുപേർ ഒരിക്കൽ നദിയിൽ നിന്ന് കുളികഴിഞ്ഞ് നടക്കുകയായിരുന്നു. അപ്പോൾ അവർ ഒരു മതതത്ത്വത്തെ സംബന്ധിച്ച് സംവാദം ആരംഭിച്ചു. ഈ പ്രശ്നത്തിൽ അവരവരുടെ ഗുരുനാഥന്മാർ അവരെ തിരുത്തിക്കൊണ്ടു പറഞ്ഞ അഭിപ്രായം അവർക്ക് രണ്ട് പേർക്കും ബോധ്യപ്പെട്ടിട്ടുണ്ടായിരുന്നില്ല. വസുദത്ത എന്ന യുവ ബ്രാഹ്മണൻ അവസാനം പ്രശ്നം ബുദ്ധന്റെ സന്നിധിയിൽ ബോധിപ്പിക്കാമെന്ന് തീരുമാനിച്ചു. അവർ രണ്ടുപേരും ഇത് അംഗീകരിച്ചു. ബുദ്ധന്റെ ജ്ഞാനനിർഭരമായ ഉപദേശം തേടാൻ രണ്ടുപേരും വന്നു. ഈ സമാഗമനത്തിൽ ഭരദ്വഗ എന്ന യുവ ബ്രാഹ്മണൻ മൗനമവലംബിക്കുകയും വസുദത്ത ബുദ്ധനോട് ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു. ചോ ദ്യത്തിന് മറുപടി പറയുന്നതിന് മുമ്പേ ബുദ്ധൻ ചില മറുചോദ്യങ്ങൾ അങ്ങോട്ടു ചോദിച്ചു.

ആദ്യമായി അദ്ദേഹം ചോദിച്ചു: മൂന്ന് വേദങ്ങളും പഠിച്ച ഏതെങ്കിലും ഒരു ബ്രാഹ്മണൻ ബ്രഹ്മാവിനെ മുഖത്തോട് മുഖം കണ്ടിട്ടുണ്ടോ? ഉത്തരം 'ഇല്ല' എന്നായിരുന്നു. പിന്നീട് ബുദ്ധൻ വസുദത്തനോട് ചോദിച്ചു. കഴിഞ്ഞ ഏഴു തലമുറകളിലെ ഏതെങ്കിലും ഒരു ബ്രാഹ്മണനോ അദ്ദേഹത്തിന്റെ ശിഷ്യന്മാരോ ബ്രഹ്മാവിനെ കണ്ടിട്ടുണ്ടോ? ഉത്തരം വീണ്ടും ഇല്ല എന്നായിരുന്നു. പിന്നെ ബുദ്ധൻ ആഗതരായ രണ്ട് ബ്രാഹ്മണയുവാക്കളോട് തന്നെ ചോദിച്ചു. നിങ്ങൾ എപ്പോഴെങ്കിലും ബ്രഹ്മാവിനെ കണ്ടതായി അവകാശപ്പെടുന്നുണ്ടോ? വീണ്ടും ഉത്തരം 'ഇല്ല' എന്നായിരുന്നു. പിന്നീട് വസുദത്തനേടായി ബുദ്ധൻ ചോദിച്ചു. മാനസകഥാ എന്ന ഈ ഗ്രാമത്തിൽ ജനിച്ചുവളർന്ന ഒരാളോട് മാനസകഥയിലേക്കുള്ള വഴി ചോദിച്ചാൽ അയാൾക്ക് ഈ ചോദ്യത്തിന് ഉത്തരം പറയാൻ വല്ല ബുദ്ധിമുട്ടും ഉണ്ടോ? വസുദത്തയുടെ മറുപടി ഇപ്രകാരമായിരുന്നു.

*ഗൗതമാ, തീർച്ചയായും ഇല്ല. എന്തെന്നാൽ ഒരാൾ മാനസകഥയിൽ ജനിച്ചു വളർന്നിട്ടുണ്ടെങ്കിൽ അവിടുത്തെ എല്ലാവഴികളും പൂർണ്ണമായും അദ്ദേഹത്തിന് ഹൃദിസ്ഥമായിരിക്കും.*

ഈ അവസരത്തിൽ ബുദ്ധൻ വിശദീകരിച്ചു.

*വസുദത്ത എന്നയാൾ മാനസകഥയിൽ ജനിച്ചു വളർന്നയാളാകാം. മാനസകഥയിലേക്കുള്ള വഴിയെകുറിച്ച് അദ്ദേഹത്തോട് ചോദിക്കപ്പെട്ടാൽ അയാൾ സംശയത്തിലും ബുദ്ധിമുട്ടിലും അകപ്പെട്ടേക്കാം. എന്നാൽ*

*ബ്രഹ്മലോകത്തിലേക്കുള്ള വഴി സ്പർശിച്ചു നിൽക്കുന്ന തഥാഗതനോട് (പൂർണ്ണ ജ്ഞാനോദയം ലഭിച്ചയാൾ - ബുദ്ധൻ) പ്രസ്തുത വഴി ചോദിച്ചാൽ അത് പറഞ്ഞുകൊടുക്കാൻ അയാൾക്ക് യാതൊരു സംശ* യമോ ബുദ്ധിമുട്ടോ ഉണ്ടാവില്ല. വസുദത്താ, ബ്രഹ്മത്തെ ഞാനറിയും ബ്രഹ്മലോകവും അതിലേക്ക് നയിക്കുന്ന വഴിയും ഞാനറിയും ബ്രഹ്മലോകത്ത് പ്രവേശിച്ച ആൾ അറിയുന്നത് പോലെയും അവിടെ ജനിച്ചവനെപ്പോലെയും ഞാനത് അറിയുന്നു.'(7)

ബുദ്ധന്റെ വാദം ഇപ്രകാരമായിരുന്നു. മാനസകഥയിൽ വസിക്കുന്ന ഒരാൾക്ക് മാനസകഥയിലേക്ക് നയിക്കുന്ന എല്ലാ വഴികളും നന്നായറിയാം. ദൈവത്തിൽ നിന്നുള്ള ഏതൊരു വാദിയും ദൈവത്തിലേക്ക് നയിക്കുന്ന വഴി അറിഞ്ഞിരിക്കണം. പക്ഷേ വാദിക്കുന്നയാൾ ദൈവത്തിൽ നിന്നും വന്നവനും വ്യക്തിപരമായി അവനെ അറിഞ്ഞവനുമായിരുന്നെങ്കിൽ മാത്രമേ ഇത് സാധ്യമാവൂ. ബുദ്ധന്റെ മറുചോദ്യത്തിൽ നിന്നും സംഗതി വളരെ വ്യക്തമാവുന്നു. ഗുരുക്കന്മാരിൽ ആരും തന്നെ ദൈവത്തെ കാണുകയോ ദൈവത്തിൽ നിന്നും വൈയക്തികമായ ജ്ഞാനം ആർജ്ജിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ദൈവത്തിന്റെ സത്ത പൂർണമായും അവരുടെ ധാരണക്ക് അപ്പുറത്തും പുറമേയുമാണ്. സംവാദത്തിന്റെ ഈ ഘട്ടത്തിൽ ബുദ്ധന്റെ ഈ വാദമുഖങ്ങൾ തെറ്റിദ്ധരിപ്പിക്കപ്പെട്ടതായിരിക്കാം. ഒരാളും ദൈവത്തെ കാണാത്തതിനാൽ ദൈവം ഇല്ല എന്ന് ബുദ്ധൻ പ്രഖ്യാപിക്കുകയായിരുന്നുവെന്ന് ചിലർ തെറ്റിദ്ധരിച്ചുപോയതായിരിക്കാം. തീർച്ചയായും വിവർത്തകതന്റെ ആമുഖത്തിൽ പറയുന്നത് ഈ സംവാദത്തിന്റെ ചുവടുപിടിച്ചുകൊണ്ടാണ് എല്ലാ വാദമുഖങ്ങളും അവതരിപ്പിക്കുന്നത് ഇപ്രകാരമാകുന്നു.

*'ബ്രഹ്മവുമായി കൂടിച്ചേരാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ നിനക്ക് ഏറ്റവും നല്ലത് അതിനെപറ്റി ആഗ്രഹിക്കാതിരിക്കുക. ഇതാണ് അത് ലഭിക്കാനുള്ള വഴി. (8)*

പക്ഷേ ബുദ്ധന്റെ ഈ പ്രഭാഷണം വിശകലനം ചെയ്തുകൊണ്ട് ഗ്രന്ഥകർത്രി, ബുദ്ധൻ, ഉണ്ട് എന്ന് തെളിയിക്കാൻ ശ്രമിച്ച കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ പരാജയപ്പെടുകയാണുണ്ടായത്. ബുദ്ധന്റെ കാലഘട്ടത്തിലെ ബ്രാഹ്മണ വ്യവസ്ഥക്കെതിരെ അദ്ദേഹം നടത്തിയ ഐതിഹാസികമായ സംവാദങ്ങൾ തെറ്റായി പാരായണം ചെയ്ത ബുദ്ധ സന്യാസിമാരുടെ വിശ്വാസം ചില ഗവേഷകന്മാരെ എങ്ങിനെ സ്വാധീനിച്ചു എന്ന് പ്രസ്തുത വിവരണം സൂചിപ്പിക്കുന്നു. ബ്രാഹ്മണന്മാർ ദൈവസമാനം കരുതിയിരുന്ന, മൂർത്തികളിലുള്ള അന്ധവിശ്വാസം അദ്ദേഹം പൂർണ്ണമായും നിരാകരിക്കുകയായിരുന്നു. അവർ ആ മൂർത്തികളിൽ നിന്നും ഒരിക്കലും കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ല. പക്ഷേ ബുദ്ധന്റെ ഉത്തരം ഇവിടെ അവസാനിക്കുന്നില്ല. തഥാഗതനെ സംബന്ധിച്ചേടത്തോളം ദൈവത്തിലേക്കുള്ള വഴി കാട്ടാൻ അത്തരത്തിലുള്ള യാതൊരു പ്രയാസങ്ങളുമില്ല. അദ്ദേഹം സ്വയം തന്നെ ദൈവത്തിലേക്ക് വഴികാണിക്കുന്ന ഒരാളാണെന്ന വാദമാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. കാരണം അദ്ദേഹത്തിന് ദൈവവുമായി ഐക്യബന്ധമുണ്ടായിരുന്നു. അദ്ദേഹം ദൈവത്തിൽ നിന്നും വന്നവനായിരുന്നു.

പരമോന്നതമായ ഒരു ദൈവത്തിൽ ബുദ്ധൻ വിശ്വസിച്ചിരുന്നതായി ഇപ്പോൾ വ്യക്തമായി. അവനിൽ നിന്ന് തന്നെയായിരുന്നു താൻ വന്നതെന്നായിരുന്നു അദ്ദേഹത്തിന്റെ അവകാശവാദം. മാനസകഥ എന്ന ഗ്രാമത്തിലെ നിവാസികൾക്ക് അവരുടെ ഗ്രാമത്തിലേക്ക് നയിക്കുന്ന തെരുവുകൾ അറിയുന്നതിനേക്കാൾ നന്നായി ദൈവത്തെ ബുദ്ധന് അറിയാമായിരുന്നു. ഇവിടെ ബുദ്ധൻ താൻ ദൈവവുമായി നിരന്തരം ബന്ധം സ്ഥാപിച്ചുകൊണ്ടുള്ള ഒരു ജീവിതമാണ് നയിക്കുന്നതെന്ന് സ്വയം അവകാശപ്പെടുന്നു. കേവലം വെളിപാടുകളുടെ സ്വീകർത്താവ് എന്നതിനേക്കാൾ സമുന്നതമായ ഒരു സ്ഥാനത്ത് ദൈവസാമീപ്യത്തിലായിരുന്നു അദ്ദേഹം നിലകൊണ്ടിരുന്നത്. നിരവധി പ്രവാചകന്മാർ മരണം അവരെ ജീവനെ പരലോകത്ത് എത്തിക്കുന്നതിന് മുമ്പ് ഭൂമിയിൽ വെച്ച് തന്നെ അനശ്വര ജീവിതത്തിന് സാക്ഷ്യം വഹിച്ചവരായി വാദിച്ചിട്ടുണ്ട്. അവരെല്ലാവരും ദൈവദൂതന്മാരായിരുന്നു. ദൈവവുമായി ബന്ധപ്പെട്ട് അനശ്വരാവസ്ഥയിലുള്ള ഈ ജീവിതം അവരെല്ലാവരും അനുഭവിച്ചിരുന്നു. ബുദ്ധനും ഇതിൽ നിന്നൊഴിവായിരുന്നില്ല. ബുദ്ധൻ ഇവിടെ ദൈവത്തിന് ബ്രഹ്മാവ് എന്ന സംജ്ഞയാണ് ഉപയോഗിക്കുന്നത്. ഇത് ഹിന്ദുക്കൾക്ക് സുപരിചിതമായ ഒരു നാമമാണ്. ഹിന്ദുക്കൾ അവരുടെ ദേവന്മാർക്കിടയിലെ പരമോന്നത ദൈവത്തിനു നൽകിയ പേരാണിത്. സംവാദം പുരോഗതി പ്രാപിക്കുമ്പോൾ അദ്ദേഹത്തിന്റെ നിലപാട് കൂടുതൽ വ്യക്തമാവും. (തുടരും)

**REFERENCE**


1. Le Bon G. Guimet E (1992) Mirages Indiens de Ceylan au Nepal. 1876-1886 Chantal Edel et R. Sctrick Paris P. 241

2. ,, ,, P. 240.

3. LILLIE A (1909) India in Primitive Christianity. Kegan Paul, Trench. Trubner & Co; London P. 85

4. Norman K.R. (1992) The group of Discourses (Sutta - Nipata) Vol. II the Pali Text Society Oxford P. 129.

5. Norman K.R. (1992) The group of Discourses (Satta - Nipata) Vol. II the Pali Text Society Oxford P.P. 112- 129.

6. " P.P. 129.

7. Max Muller F (1992) Dialogue of the Budha I - The Pali Text Society Oxfor - P. 186.

8. " P.P. 299.

ലേഖനം

# വാഗ്ദത്ത മസീഹിന്റെ വംശപരമ്പരയും ഖാദിയാൻ ദേശത്തിന്റെ പൂർവ്വചരിത്രവും

ഏ.ക്യു. മഹ്ദി

}

**വാഗ്ദത്ത മസീഹ് ഫാർസി വംശജനായിരിക്കുമെന്ന് റസൂൽ തിരുമേനി(സ)യുടെ പ്രവചനമാണ്.**

{

മുഗൾ ഭരണകാലം. ബാബർ ചക്രവർത്തിയാണു ഭരിക്കുന്നത്. 1530 ആണ് കാലഘട്ടം. ആ സമയത്താണ് അമീർ തൈമൂറിന്റെ പിതൃവ്യനായ മിർസാ ഹാദി ബേഗ് തന്റെ കുടുംബാംഗങ്ങളോടൊപ്പം സമർഖന്തിൽ നിന്നു പുറപ്പെട്ടു പഞ്ചാബിൽ എത്തിയത്. ഒപ്പം അദ്ദേഹത്തിന്റെ പരിവാരങ്ങളും ഉണ്ടായിരുന്നു. പഞ്ചാബിൽ ലാഹോറിനു 70 നാഴിക വടക്കുകിഴക്ക് ബിയാസ് നദീതീരത്തുള്ള ഒരു വനപ്രദേശത്താണ് മിർസാ ഹാദി ബേഗ് താവളം ഉറപ്പിച്ചത്.

പഴയ പേഴ്സ്യൻ സാമ്രാജ്യത്തിലാണ് സമർഖന്ത്. ഇപ്പോഴത്തെ ഉസ്ബെക്കിസ്ത്താനിൽ. അവിടെ നിന്നാണ് അദ്ദേഹം പഞ്ചാബിൽ വന്നെത്തിയത്. സമർഖന്തിലാണ് ബർലാസ് ഫാർസി വംശപരമ്പരയിലെ വിഖ്യാതനായ തൈമൂർ ചക്രവർത്തി അന്ത്യവിശ്രമം കൊള്ളുന്നത്.

ഈ മിർസാ ഹാദി കുടുംബപരമ്പരയിലാണ് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) പിറന്നുവീണത്. ഏറ്റവും ചുരുങ്ങിയത് വാഗ്ദത്ത മസീഹിന്റെ മൂന്നു ശതാബ്ദക്കാലത്തെ വംശപാരമ്പര്യം ചരിത്രത്താളുകളിൽ ഇപ്പോഴും രേഖപ്പെട്ടു കിടക്കുന്നു.

പേർഷ്യയിലെ ബർലാസ് പരമ്പരയിൽപ്പെട്ടവർ പേരിനു മുമ്പിൽ മിർസാ എന്ന വംശസൂചി ചേർക്കുന്നു. മിർസാ എന്ന പേർ ഫാർസി (ഇറാനി) ആണ്. 'അമീർസാ' അഥവാ' അമീർസാദ' (അമീറിന്റെ പുത്രൻ) ആണ് മിർസാ ആയി ലോപിച്ചത്.

തൈമൂർ ചക്രവർത്തിയുടെ പിതൃവ്യനായ ഹാജി ബർലാസിന്റെ വംശപരമ്പരയുടെ ഉൽപ്പത്തി പേർഷ്യയിൽ നിന്നാണെന്നു ചരിത്രഗവേഷകന്മാർ തെളിയിച്ചിട്ടുണ്ട്. ഈ ഫാർസി വംശത്തിലാണ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി ജനിച്ചത്.

താൻ ഫാർസി വംശജനാണെന്ന് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനിക്ക് അറിയില്ലായിരുന്നു.

'ഈമാൻ സൂറയ്യായിലേയ്ക്ക് ഉയർന്നുപോയാലും ഫാർസി പരമ്പരയിൽ പെട്ടയാൾ അതിനെ തിരിച്ചുകൊണ്ടുവരും' എന്ന വെളിപാട് ലഭ്യമായപ്പോൾ മാത്രമാണ് ഇതു സംബന്ധിച്ചുള്ള തിരുനബിയുടെ പ്രവചനത്തിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ തിരിഞ്ഞത്.

വാഗ്ദത്ത മസീഹ് തന്റെ കിതാബുൽ ബരിയ്യയിൽ പറയുന്നു, 'പതിനേഴോ പതിനെട്ടോ കൊല്ലമായിക്കാണും, ദൈവത്തിൽ നിന്ന് അടിക്കടിയായുള്ള വെളിപാടുകൾ മുഖേന എനിക്കു മനസ്സിലാക്കുവാൻ കഴിയുന്നു, എന്റെ പൂർവ്വപിതാക്കൾ ഫാർസി വംശക്കാരാണെന്ന്. ആ വെളിപാടുകളെല്ലാം ഞാൻ 'ബറാഹീൻ അഹ്മദിയ്യ' രണ്ടാം ഭാഗത്ത് ചേർത്തിട്ടുണ്ടായിരുന്നു. അവയിൽ എന്നെക്കുറിച്ചുള്ള ഒരു ഇൽഹാം ഇതായിരുന്നു:

'ഖുദിത്തൗഹീദ് അത്തൗഹീദയാ അബ്നാഅൽ ഫാരിസ്' - 'ഫാർസി മക്കളേ, തൗഹീദ് മുറുകെ പിടിക്കുവിൻ' മറ്റൊരു ഇൽഹാം ഇതാണ്: 'ലൗ കാനൽ ഈമാനു മുഅല്ലിഖൻ ബിസുറയ്യാ ലനാലഹു റജുലുൻ മിൻ ഫാരിസ്' - സത്യവിശ്വാസം സുറയ്യാനക്ഷത്രത്തിലേയ്ക്ക് ഉയർന്നുപോയാലും ഫാർസി വംശജനായ ആൾ അതിനെ തിരിച്ചുകൊണ്ടുവരും.

മസീഹ് (അ) പറയുന്നു,

"എന്റെയീ കുടുംബം ഒരു മുഗൾ കുടുംബമായിട്ടാണ്

അറിയപ്പെട്ടുവന്നത്. എന്നാൽ, എല്ലാ യാഥാർത്ഥ്യങ്ങളും അറിയുന്നവനും അദൃശ്യജ്ഞാനമുള്ളവനുമായ അല്ലാഹു ആവർത്തിച്ചാവർത്തിച്ചു ഉറപ്പിച്ചു പറഞ്ഞു, എന്റെ കുടുംബം പേർഷ്യൻ കുടുംബമാണെന്ന്. പേർഷ്യൻ വംശജൻ എന്ന നിലയിൽ ഞാൻ സംബോധന ചെയ്യപ്പെടുകയും ചെയ്തിരിക്കുന്നു." ഹഖീഖത്തുൽ വഹിയിൽ അദ്ദേഹം തുടരുന്നു, "ഈ എല്ലാ വെളിപാടുകളും എന്റെ കുടുംബം മുഗൾ കുടുംബമല്ലെന്നും പേർഷ്യൻ പരമ്പരയാണെന്നും വ്യക്തമാക്കുന്നു. എന്തു തെറ്റിദ്ധാരണ മൂലമാണ് എന്റെ കുടുംബം മുഗൾ കുടുംബമായി അറിയപ്പെട്ടതെന്ന് എനിക്കറിയില്ല."

വാഗ്ദത്ത മസീഹിന്റെ മുൻ കുടുംബപരമ്പരയിൽപ്പെട്ട പേർഷ്യൻ വംശജനായ മിർസാ ഹാദിബേഗ്, ബാബറോടൊപ്പമോ ബാബറെ പിന്തുടർന്നോ ഇൻഡ്യയിൽ വന്നു. ഇതിനു കാരണമെന്തെന്നറിയില്ല. കുടുംബ കലഹമോ, സ്വന്തം രാജ്യത്തെ ഏതെങ്കിലും പകർച്ചവ്യാധിയോ കാരണമായിരിക്കാം. അദ്ദേഹത്തോടൊപ്പം 200 പേരടങ്ങുന്ന പരിവാരം കൂടി ഉണ്ടായിരുന്നു. ബാബർ ചക്രവർത്തി അദ്ദേഹത്തോട് അത്യന്തം ആദരവു കാട്ടിയിരുന്നു. ബിയാസ് നദിക്ക് ഏഴു നാഴിക മാത്രം അകലെയുള്ള ഗ്രാമത്തിലാണ് അന്നവർ തങ്ങിയത്. ഇസ്ലാം പൂർ എന്ന് അവരതിനു പേരിട്ടു.

രാജകുടുംബാംഗമെന്ന നിലയിൽ നൂറുക്കണക്കിനു ഗ്രാമങ്ങളടങ്ങിയ ഒരു പ്രദേശം മുഴുവൻ മിർസാ ബേഗിന് ചക്രവർത്തി അനുവദിച്ചു കൊടുക്കുകയും അദ്ദേഹത്തെ ആ പ്രദേശത്തെ ഖാസി ആയി പ്രഖ്യാപിക്കയും ചെയ്തു. ആ സ്ഥലം ഗുരുദാസ്പൂർ ആയിരുന്നു.

ഇസ്ലാം പൂർ എന്നു നാമകരണം ചെയ്യപ്പെട്ട ആ പ്രദേശത്തിന്റെ ഖാസി (മജിസ്ട്രേട്ട്) ആയി മിർസാ ഹാദി ബേഗിനെ ചക്രവർത്തി നിശ്ചയിച്ചതോടെ, ആ സ്ഥലം ഇസ്ലാംപൂർഖാസി എന്ന പേരിൽ പ്രസിദ്ധമാവുകയും, ക്രമേണ ഇസ്ലാംപൂർ ലോപിക്കയും ഖാസിയാൻ എന്നു മാത്രമാവുകയും ചെയ്തു. ഖാസിയാൻ ആണ് പിൽക്കാലത്ത് 'ഖാദിയാൻ' ആയി മാറിയത്.

പല തലമുറകളായി ഈ കുടുംബം മുഗൾ ഭരണാധികാരിയുടെ കീഴിൽ വിശ്വസ്തമായ ഒട്ടനേകം ഉയർന്ന ഉദ്യോഗങ്ങൾ വഹിക്കുകയും, ഒട്ടേറെ ബഹുമാനാദരവുകൾക്കു പാത്രമാവുകയും ചെയ്തു.

മുഗൾ തലസ്ഥാനമായ ദില്ലിയിൽ നിന്നും വളരെ അകലെയായിരുന്നു, ഇസ്ലാംപൂർ എന്ന ഖാദിയാൻ. മുഗൾ ഭരണത്തിന്റെ തളർച്ചയുടെ ഘട്ടത്തിൽ വാഗ്ദത്ത മസീഹിന്റെ പ്രപിതാമഹാനായിരുന്ന മിർസാ ഫൈസ് മുഹമ്മദ്, പഞ്ചാബിൽ അന്നു ഉടലെടുത്ത വിപ്ലവം അടിച്ചമർത്തുകയും തുടർന്ന് 1716-ൽ 'ഫർറൂഖ്സിയാർ ചക്രവർത്തി' അദ്ദേഹത്തിന് 'ഹഫ്ത് ഹസാരി' സ്ഥാനം നൽകുകയും ചെയ്തു. 7000 പട്ടാളക്കാർ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം സൈന്യത്തെ നിലനിർത്താമെന്നതാണ് ഈ സ്ഥാനത്തിന്റെ പ്രത്യേകാധികാരം. ഫർറൂഖ്സിയാരുടെ മരണം വരെ ഈ സ്ഥാനം ഈ രാജകുടുംബാംഗങ്ങൾക്കു മാത്രമേ നൽകപ്പെട്ടിരുന്നുള്ളൂ. ഇതിനുപുറമെ ചക്രവർത്തി അദ്ദേഹത്തിന്, 'അസദുദ്ദൗല' എന്ന ബഹുമതി സ്ഥാനം കൂടി നൽകുകയുണ്ടായി.

മിർസാ ഫൈസ്മുഹമ്മദിന്റെ പുത്രനായിരുന്നു മിർസാ ഗുൽമുഹമ്മദ്. പിതാവിന്റെ മരണശേഷം അദ്ദേഹം പഞ്ചാബിലെ വിഘടനശക്തികളുമായി പൊരുതുകയുണ്ടായി. ഷാ ആലം ആലംഗീർ മൂന്നാമന്റെ ഭരണകാലമായിരുന്നു അത്. വിഘടനശക്തികളിൽ നിന്നും നേരിടാൻ പോകുന്ന വൻവിപത്തുകളെ പറ്റി അദ്ദേഹം ദില്ലി പാദുഷമാർക്ക് യഥാസമയം തുടർച്ചയായി മുന്നറിയിപ്പുകൾ നൽകിക്കൊണ്ടിരുന്നു. എന്നാൽ ഈ മുന്നറിയിപ്പുകൾക്ക് ദില്ലിയിൽ നിന്നും കാര്യമായ പ്രതികരണമൊന്നും ഉണ്ടായില്ല. എങ്കിലും ഈ നിസ്സഹായ പരിതഃസ്ഥിതിയിലും വിഘടനശക്തികൾക്കെതിരെ, അദ്ദേഹം ഒറ്റക്കു തന്റെ പോരാട്ടം തുടരുകയാണുണ്ടായത്.

കാലപ്രവാഹത്തിൽ മുഗൾഭരണം തകരുകയും രാജ്യം ചെറുരാജാക്കന്മാരുടെ കീഴിൽ ഛിന്നഭിന്നമായിത്തീരുകയും ചെയ്തപ്പോൾ, 60 നാഴിക ചുറ്റളവിലുള്ള ഖാദിയാൻ പ്രദേശത്തിന്റെ സ്വതന്ത്രാധികാരം മിർസാ ഗുൽ മുഹമ്മദ് നിലനിർത്തി.

മിർസാ ഗുൽമുഹമ്മദ് കരുത്തും കഴിവും ഉള്ള ഭരണാധികാരിയായിരുന്നു. ഖാദിയാന്റെ ഭരണത്തലവനായ അദ്ദേഹത്തിന് ആയിരം പട്ടാളക്കാരടങ്ങിയ ഒരു സൈന്യം ഉണ്ടായിരുന്നു. 85 ഗ്രാമങ്ങളുടെ അധിപൻ കൂടിയായിരുന്നു അദ്ദേഹം. ഭക്തനും, പ്രതിഭാശാലിയും ജ്ഞാനിയും ആയിരുന്ന മിർസാ ഗുൽമുഹമ്മദിന്റെ കാലത്ത് ഖാദിയാൻ ദേശത്തെ 'മക്ക' എന്നു പോലും വിളിച്ചിരുന്നു.

മുഗൾ ചക്രവർത്തിയുടെ മന്ത്രിയായിരുന്നു ഗിയാസുദ്ദൗല. ഒരിക്കലദ്ദേഹം ഖാദിയാൻ സന്ദർശിച്ചപ്പോൾ മിർസാ ഗുൽമുഹമ്മദിന്റെ ദർബാർ കാണാനിടവന്നു. രാജദർബാർ കണ്ട് അത്യധികം ആകൃഷ്ടനായ ഗിയാസുദ്ദൗല, മുഗൾകുടുംബവുമായി അത്യധികം ബന്ധപ്പെട്ട ഒരു ശ്രേഷ്ടവ്യക്തി ഇത്തരം വിദൂരമായൊരു വനപ്രദേശത്ത് ജീവിച്ചിരിക്കുന്നുവെന്ന് താൻ അറിഞ്ഞിരുന്നെങ്കിൽ അദ്ദേഹത്തെ ദില്ലി സിംഹാസനത്തിൽ ഇരുത്തി സാമ്രാജ്യത്തെ രക്ഷപ്പെടുത്താൻ ശ്രമിക്കുമായിരുന്നുവെന്നു പറയുകയുണ്ടായി. അക്കാലത്ത് ഇതൊന്നും തീരെ അസാധ്യമായ കാര്യവുമായിരുന്നില്ല. വെറും ഒമ്പതു ഗ്രാമങ്ങൾ മാത്രം തുടക്കത്തിൽ അധീനതയിലുണ്ടായിരുന്ന മഹാരാജാ രൺജിത് സിംഗ്, പിൽക്കാലത്ത് പഞ്ചാബിന്റെ മുഴുവൻ ഭരണാധിപനായിത്തീർന്നതും ഒരു ചരിത്രമാണ്. എന്നാൽ മുഗൾഭരണത്തെ സംബന്ധിച്ചിടത്തോളം ഇതിനകം അതിന്റെ നാശം വിധിയ്ക്കപ്പെട്ടുകഴിഞ്ഞിരുന്നു.

മിർസാ ഗുൽമുഹമ്മദിനെത്തുടർന്ന് ഖാദിയാന്റെ ഭരണമേറ്റത് അദ്ദേഹത്തിന്റെ മകനായ മിർസാ അത്താ മുഹ

മ്മദ് ആയിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് സിക്കുകാർ പഞ്ചാബിൽ തങ്ങളുടെ ശക്തി തെളിയിക്കാൻ വിജയകരമായ ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞിരുന്നു. രാജ്യരക്ഷയ്ക്കുവേണ്ടി എല്ലാ നടപടികളും സ്വീകരിക്കാൻ ഭരണാധികാരി തീവ്രശ്രമം നടത്തിയെങ്കിലും സിക്കുകാർ കൂടുതൽ കൂടുതൽ ഗ്രാമങ്ങളിലേയ്ക്ക് ആക്രമണം വ്യാപിപ്പിച്ചുകൊണ്ടിരുന്നു. പരിസരപ്രദേശങ്ങളിലെ മുസ്‌ലിംകൾക്കെല്ലാം ഏക ആശ്രയകേന്ദ്രം അന്ന് ഖാദിയാൻ മാത്രമായിരുന്നു. ചുറ്റും 22 അടി ഉയരത്തിലും, 18 അടി വീതിയിലും മതിൽകെട്ടി പൊക്കിയിരുന്നതിനാൽ അന്ന് ഖാദിയാൻ ഒരു കോട്ടയുടെ രൂപത്തിൽ സുരക്ഷിതമായി നിലകൊണ്ടു. കോട്ടമതിലിന്റെ നാലു ഗോപുരവാതിലുകളിലും തോക്കുധാരികളായ പട്ടാളക്കാർ കാവൽ നിന്നു.

1802-ൽ സിക്കുകാരിൽപെട്ട റാംഗഡിയ എന്നൊരു വിഭാഗം, ജസ്സാസിംഗ് എന്നൊരു സിക്ക് നേതാവിന്റെ നേതൃത്വത്തിൽ ചതിപ്രയോഗം നടത്തി ഖാദിയാനിൽ പ്രവേശിക്കയും വ്യാപകമായ കൊള്ള നടത്തുകയും ചെയ്തു. കോട്ടയ്ക്കുള്ളിലുണ്ടായിരുന്നവരെയൊക്കെ അവർ ബന്ധനസ്ഥരാക്കി. അക്രമികൾ ചുറ്റുമതിലുകൾ പൊളിച്ചു നിരപ്പാക്കുകയും ഖാദിയാനിലെ പള്ളികൾ നശിപ്പിക്കുകയും ചെയ്തു. ക്രൂരന്മാരായ അക്രമികൾ കൃഷിത്തോട്ടങ്ങൾ വരെ വെട്ടി നശിപ്പിച്ചു. വില പിടിച്ച ഗ്രന്ഥശേഖരങ്ങൾ അഗ്നിക്കിരയാക്കി. ഖുർആന്റെ അഞ്ഞൂറോളം അമൂല്യമായ കൈയെഴുത്തു പ്രതികൾ ചാമ്പലായി. മുസ്‌ലിം സ്ത്രീകൾ പരസ്യമായി അപമാനിക്കപ്പെട്ടു. മിർസാ അത്താ മുഹമ്മദിനെയും കുടുംബത്തെയും അവർ തടവുകാരാക്കി. എങ്കിലും അവരെ ദേഹോപദ്രവം ചെയ്യാൻ സിക്കുഭീകരർ ധൈര്യപ്പെട്ടില്ല. നാട്ടിലെ മുഴുവൻ മുസ്‌ലിംകളെയും സിക്കുകാർ നാടുകടത്തി. രക്ഷപ്പെട്ടോടിയ മുസ്‌ലിംകൾക്ക് പഞ്ചാബിലെ തന്നെ കപൂർത്തല എന്ന നാട്ടുരാജ്യത്തിൽ അഭയാർത്ഥികളായി കഴിയേണ്ടി വന്നു. നീണ്ട 16 വർഷക്കാലം അവർ കഷ്ടപ്പാടു നിറഞ്ഞ അഭയാർത്ഥി ജീവിതം നയിച്ചു കപൂർത്തലയിൽ തന്നെ കഴിഞ്ഞുകൂടി.

ഈ ക്രൂരകൃത്യങ്ങൾ ചെയ്ത സിക്ക് ഭരണാധികാരി ജസ്സാസിംഗ് മരിച്ചപ്പോൾ 1803-ൽ അയാളുടെ അനന്തിരവനായ ദീവാൻസിംഗ് 15 കൊല്ലം ഖാദിയാന്റെ ഭരണം ഏറ്റെടുത്തു. ദീവാൻസിംഗിന്റെ കാലത്ത് മിർസാ അത്താ മുഹമ്മദ് ദാരുണമായി വധിക്കപ്പെട്ടു. വിഷം കൊടുത്താണ് ആ ദുഷ്ടന്മാർ അദ്ദേഹത്തെ കൊന്നത്. 1814-ലാണ് ഈ ദുഃഖസംഭവം.

ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ പിതാവായ ഹദ്റത്ത് മിർസാ ഗുലാം മുർത്തസാ സാഹിബ്, സിക്കുകാരാൽ വധിക്കട്ടെ സ്വപിതാവിന്റെ മൃതദേഹം കുടുംബശ്മശാനത്തിൽ മറവു ചെയ്യാൻ ഖാദിയാനിൽ കൊണ്ടുവന്നു. ഇതിലൂടെ ജന്മദേശമായ ഖാദിയാനുമായുള്ള പൂർവ്വബന്ധവും, തങ്ങളുടെ സ്വത്തുക്കളിന്മേലുള്ള അവകാശവും ഉറപ്പിക്കാൻ അദ്ദേഹം ശ്രമിക്കയായിരുന്നു. ആദ്യം സിക്കുകാർ ഇതിനെ ശക്തമായി എതിർത്തെങ്കിലും ഒടുവിലവർ വഴങ്ങുകയാണുണ്ടായത്. എന്നാൽ, അപ്പോഴും സ്വന്തം ജന്മനാട്ടിലേയ്ക്ക് സ്ഥിരമായ ഒരു തിരിച്ചുവരവിന് മിർസാ കുടുംബത്തിനു അനുവാദം കിട്ടിയില്ല.

ഇതിനകം സിക്ക് രാജാവായ രൺജിത് സിംഗ്, പഞ്ചാബിന്റെ ഒട്ടുമുക്കാൽ പ്രദേശങ്ങളും കൈയ്യടക്കിക്കഴിഞ്ഞിരുന്നു. രാജാ രൺജിത് സിംഗ് ഒരു മനുഷ്യസ്നേഹിയായിരുന്നു. അദ്ദേഹമാണ് ഹദ്റത്ത് അഹ്മദ്(അ)ന്റെ പിതാവായ മിർസാ ഗുലാം മൂർത്തസായെ ഖാദിയാനിലേയ്ക്ക് തിരിച്ചുവരാൻ ക്ഷണിച്ചത്. ഖാദിയാനിൽ മടങ്ങിയെത്തിയപ്പോൾ അദ്ദേഹത്തിന് തന്റെ പൂർവ്വികസ്വത്തിന്റെ വലിയൊരു ഭാഗം മടക്കിനൽകാൻ ഏർപ്പാടു ചെയ്യുക കൂടി ചെയ്തു.

ഇതിനെത്തുടർന്ന് ഗുലാം മൂർത്തസാ സാഹിബും സഹോദരന്മാരും മഹാരാജാവിന്റെ സൈന്യത്തിൽ ചേരുകയും കശ്മീർ അതിർത്തിയിലും മറ്റു സ്ഥലങ്ങളിലും മികച്ച സേവനങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്തു.

1839-ൽ മഹാരാജാ രൺജിത് സിംഗ് ചരമമടഞ്ഞതോടെ സിക്ക് പ്രതാപം അസ്തമിക്കുകയും സിക്ക് ഭരണകൂടം ഛിന്നഭിന്നമാകുകയും ചെയ്തു. ഇംഗ്ലീഷ്കാരും സിക്കുകാരും തമ്മിൽ 1845ലും 1848ലും ഓരോ യുദ്ധങ്ങളുമുണ്ടായി. യുദ്ധത്തിൽ ഇംഗ്ലീഷുകാർക്കു മുമ്പിൽ സിക്കുകാർ അടിയറവു പറയുകയാണുണ്ടായത്.

ഇതിനിടെ സിക്കുകാർ മിർസാ ഗുലാം മൂർത്തസാ സാഹിബിനെയും അദ്ദേഹത്തിന്റെ ജ്യേഷ്ഠനായ മിർസാ മുഹ്‌യുദ്ദീനെയും വധിക്കുവാൻ ഒരു രഹസ്യപദ്ധതി തയ്യാറാക്കി. ഇതിനകം ഖാദിയാന്റെ അടുത്തുള്ള ബസ്റാവാൻ എന്ന ഗ്രാമത്തിൽ അവരെ തടവിലാക്കുകയും ചെയ്തിരുന്നു. എന്നാൽ അവരുടെ ഇളയ സഹോദരനായ മിർസാ ഗുലാം ഹൈദർ ജ്യേഷ്ഠസഹോദരന്മാരെ തടവിൽ നിന്നും അത്യത്ഭുതകരമായി രക്ഷപ്പെടുത്തി.

ബ്രിട്ടീഷ് ഭരണകാലമായിരുന്നു അത്. ഖാദിയാനിലെ മിർസാ കുടുംബം ഇംഗ്ലീഷുകാരെ ആവുംവിധം സഹായിച്ചു. 1857 ലെ മഹാലഹളക്കാലത്ത് കലാപം അമർച്ച ചെയ്യാൻ മിർസാ ഗുലാം മൂർത്തസാ സാഹിബ് പട്ടാളത്തെ സംഘടിപ്പിക്ക പോലുമുണ്ടായി. അദ്ദേഹത്തിന്റെ മറ്റൊരു പുത്രനും മസീഹ് (അ) ന്റെ സഹോദരനുമായ മിർസാ ഖാദിർ ബ്രിട്ടീഷ് ഇന്ത്യൻ സൈന്യത്തിലെ ജനറൽ നിക്കൾസന്റെ കീഴിൽ സൈനികസേവനം അനുഷ്ഠിക്കുകയുണ്ടായി. ഗുലാം ഖാദറിന്, അദ്ദേഹത്തിന്റെ സേവനങ്ങൾ മാനിച്ച്, ജനറൽ നിക്കൾസൺ നിരവധി പ്രശംസാപത്ര ങ്ങൾ നൽകി അനുമോദിക്കയുണ്ടായിട്ടുണ്ട്.

മിർസാ ഗുലാം മുർതസാ സാഹിബ് വലിയ ഒരു പ്രതാപശാലിയും, കവിയും പേരെടുത്ത ഭിഷഗ്വരനുമായിരുന്നു. ബ്രിട്ടീഷുകാരുമായി സ്നേഹം പുലർത്തിയെ

ങ്കിലും ഒരിക്കലും അവർക്കു മുമ്പിൽ തലകുനിക്കുവാൻ അദ്ദേഹം തയ്യാറായിരുന്നില്ല. ഒരിക്കൽ ലാഹോർ കമ്മീഷണർ സർ റോബർട്ട് കസ്റ്റുമായി ഒരു കൂടിക്കാഴ്ച നടത്തവേ, ഗുലാം മുർതസാ സാഹിബിനോട് കമ്മീഷണർ അല്പമൊരു അധികാര ഗർവ്വോടും തെല്ലൊരു പരിഹാസത്തോടും ചോദിച്ചു. "ശ്രീ ഗോവിന്ദപുരവും ഖാദിയാനും തമ്മിലുള്ള അകലം എത്രയുണ്ടാവും....?" ഒരിക്കലും സാന്ദർഭികമായ ഒരു ചോദ്യമായിരുന്നില്ല ഇത്; വെറുതെ കുഴക്കാൻ വേണ്ടി മാത്രം ചോദിച്ച ചോദ്യം.

ഒട്ടും വൈകിയില്ല, ഗുലാം മുർത്തസാ സാഹിബ് മറുപടി നൽകി.

"എനിക്കറിയില്ല. അത് അളന്നു പറയാൻ ഞാൻ തന്റെ പണിക്കാരനൊന്നുമല്ലല്ലോ...."

ഇതു പറഞ്ഞുകഴിഞ്ഞ് മൂർത്തസാ സാഹിബ്, എഴുന്നേറ്റ് സ്ഥലം വിടാനൊരുങ്ങി. തന്റെ തെറ്റു മനസ്സിലാക്കിയ ഉടൻ തന്നെ കമ്മീഷണർ ക്ഷമയാചനം ചെയ്യുകയാണുണ്ടായത്.

സുദീർഘകാലം ഇന്ത്യ അടക്കി ഭരിച്ചിരുന്ന ബ്രിട്ടീഷ്കാരെപ്പറ്റി നിന്ദാപൂർവ്വം മാത്രം ഓർക്കാതെ നിഷ്പക്ഷ ഭാവത്തിൽ ചിന്തിക്കുമ്പോൾ ചില യാഥാർത്ഥ്യങ്ങൾ നമുക്കു വിസ്മരിക്കാനാവില്ല. വെള്ളക്കാരുടെ കോളനി വാഴ്ചയ്ക്കിടയിൽ ഇന്ത്യക്കാർ കേവലം അടിമകളായി കഴിഞ്ഞിരുന്നു എന്നൊക്കെ വികാരപരമായി നമുക്കു സംസാരിക്കാമെങ്കിലും, ബ്രിട്ടീഷ് ഭരണം കൊണ്ട് നമ്മുടെ രാജ്യത്തിനുണ്ടായ നേട്ടങ്ങൾ ഒരിക്കലും കുറച്ചുകാണാനാവില്ല 1947 ലാണല്ലോ നമുക്കു സ്വാതന്ത്ര്യം കിട്ടിയത്. അതിനും എത്രയോ ശേഷം കോളനി വാഴ്ചയിൽ നിന്നും മോചനം നേടി സ്വാതന്ത്ര്യം പ്രാപിച്ച കിഴക്കനേഷ്യൻ രാജ്യങ്ങളിൽ പലതിനും പിൽക്കാലത്തു കൈവന്ന ശാസ്ത്രം, സാങ്കേതിക, സാമ്പത്തിക നേട്ടങ്ങളെക്കുറിച്ചു ഓർക്കുമ്പോൾ, നാം എത്രയോ പിന്നിലാണെന്നു തോന്നുന്നു. വളരെ വിസ്തൃതിയും ഇത്രയധികം പ്രകൃതി വിഭവങ്ങളും , അദ്ധ്വാനശേഷിയുള്ള വൻ ജനസമൂഹവും ഉണ്ടായിട്ടും, നാം കാലത്തിനൊപ്പം അധികമൊന്നും മുന്നേറിയിട്ടില്ല എന്നത്, വികസന പ്രവർത്തനങ്ങളിൽ നമ്മുടെ രാഷ്ട്രീയക്കാരുടെ അമിതമായ കൈകടത്തലും ബ്രിട്ടീഷ് വ്യവസ്ഥ ഏൽപ്പിച്ചുപോയ നീതിന്യായവ്യവസ്ഥകൾ കൈവെടിയലും കൊണ്ടുണ്ടായതാവാം. 1947നു പകരം അതിനു മുമ്പ് 1900ത്തിലോ മറ്റോ ബ്രിട്ടീഷുകാർ ഇവിടം വിട്ടു പോയിരുന്നെങ്കിൽ നാം ഇപ്പോഴും നിലവിലുള്ള ഏതെങ്കിലും ഒരു ആഫ്രിക്കൻ രാജ്യത്തിന്റെ വളർച്ചക്കു പിന്നിലേ നിൽക്കുമായിരുന്നുള്ളൂ. ഇക്കഴിഞ്ഞ ജൂൺ മാസത്തിൽ കമ്മ്യൂണിസ്റ്റ് പൈതൃക രാജ്യമായ ചൈന സന്ദർശിക്കാനിടവന്ന ഈ ലേഖകൻ, ആ വലിയ രാജ്യത്തുടനീളമുണ്ടായ ശാസ്ത്ര, സാങ്കേതിക, സാമ്പത്തിക നേട്ടങ്ങൾ കണ്ട് അത്ഭുതപ്പെട്ടു പോയി. ചൈനയിൽ ഷാങ്ങ്ഹായ് തുറമുഖ നഗരം, ന്യൂയോർക്കിനെയും തോൽപ്പിക്കും വിധം വളർന്നുകഴിഞ്ഞിരിക്കുന്നു. വിദേശികളുടെ ഭരണത്തിൻ കീഴിലായിരുന്നില്ല ചൈന എങ്കിലും, പാശ്ചാത്യ രാജ്യങ്ങളുടെ ശാസ്ത്ര സാങ്കേതിക വിദ്യ കടമെടുക്കാൻ ഇന്നും അവർ മടിക്കുന്നില്ല. ജർമ്മനി സ്വയം വികസിപ്പിച്ചെടുത്ത മാഗ്നെറ്റിക് റെയിൽ എന്ന ട്രെയിൻ ഗതാഗതം (റെയിൽപ്പാളത്തിൽ തൊടാതെ ട്രെയിൻ കാന്തപ്രവാഹം കൊണ്ട് വായുവിലൂടെ സഞ്ചരിക്കുന്ന സമ്പ്രദായം) ജർമ്മനിക്കു പോലും താങ്ങാനാവാത്ത സാമ്പത്തികഭാരം സൃഷ്ടിച്ചപ്പോൾ ഒരു സങ്കോചവും കൂടാതെ ചൈന അതേറ്റുവാങ്ങുകയും, ഷാങ്ങ് ഹായ് എയർപോർട്ട് സ്റ്റേഷൻ മുതൽ 'ലോങ്ങ് യാങ്ങ് റോഡ്' സ്റ്റേഷൻ വരെയുള്ള 30 കി. മീറ്റർ ദൂരത്തേക്ക് ഏഴര മിനിറ്റുകൊണ്ട് എത്തുംവിധം സർവ്വീസ് നടത്തുകുയം ചെയ്യുന്നു. ലോകത്ത് ഭൂമിയിലൂടെ സഞ്ചരിക്കുന്ന ഏറ്റവും വേഗതയേറിയ വാഹനമാണ് ഈ മാഗ്ലെവ് (Maglev) ട്രെയിൻ. ലോകത്ത് ചൈനയിൽ മാത്രമേ ഇത് ഓടുന്നുള്ളൂ. മണിക്കൂറിൽ 430 കി. മീറ്റർ വേഗതയിൽ ഓടുന്ന ആ ട്രെയിനിൽ സഞ്ചരിക്കാൻ ഞാൻ കരമാർഗ്ഗം എത്തിയത് ടാക്സിയിൽ എട്ടുവരിയുള്ള ഒരു എക്സ്പ്രസ് ഹൈവേയിലൂടെ 180 കി. മീറ്റർ വേഗതയിൽ സഞ്ചരിച്ചായിരുന്നു. ഭൂമിയെ സ്പർശിക്കാതെ വിമാനവേഗതയിൽ പാഞ്ഞു കൊണ്ടിരിക്കുന്ന മാഗ്മെയിലിനുള്ളിൽ അത്ഭുതം കൊണ്ട് കണ്ണുംമിഴിച്ച് ഇരുന്നപ്പോൾ, വെറുതെ ഞാൻ ഓർത്തത്, കേരളത്തെപ്പറ്റിയും പുതിയ സർക്കാരിനെയും, എക്സ്പ്രസ് ഹൈവേ പോലുള്ള വികസന പ്രവർത്തനങ്ങൾ ഒരിക്കലും നടപ്പിലാക്കില്ല എന്നു പ്രതിജ്ഞയെടുത്ത ഭരണാധികാരികളെക്കുറിച്ചുമായിരുന്നു.

ഇടയ്ക്കൊന്നു വിഷയത്തിൽ നിന്നു വഴിതെറ്റിപ്പോയി, ക്ഷമിക്കണം. സ്വാതന്ത്ര്യലബ്ധിക്കും മുമ്പ് 1932 ൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു എഴുതിയ 'വിശ്വചരിത്രാവലോകനം' (Glimpses of World History) എന്ന അതിപ്രശസ്ത ഗ്രന്ഥത്തിലെ ചില വരികൾ നമുക്കിവിടെ കടമെടുക്കാം.

"ഇംഗ്ലീഷുകാർ മികച്ചൊരു ജനതയാണ്. അവരുടെ സൽഗുണങ്ങൾ ഒരിക്കലും മറക്കാൻ പാടില്ല; അവരുടെ ചാപല്യങ്ങൾ ഇന്ത്യയിൽ എത്രയും പ്രകടമായ ഈ കാലഘട്ടത്തിൽപോലും...."

പണ്ഡിറ്റ് ജി തുടരുന്നു.

"മഹാരാഷ്ട്രരും മൈസൂരിൽ ടിപ്പുസുൽത്താനും പഞ്ചാബിൽ സിക്കുകാരും കുറച്ചുകാലത്തേക്ക് ബ്രിട്ടീഷുകാരെ തടഞ്ഞുനിർത്തിയെങ്കിലും ഏറെക്കാലം ചെറുത്തു നിൽക്കാൻ അവർക്കും സാധിച്ചില്ല. കൂടുതൽ മെച്ചപ്പെട്ട ആയുധങ്ങളും നല്ല ഘടനയുമാണ് ബ്രിട്ടീഷുകാർക്കുണ്ടായിരുന്നത്. പോരെങ്കിൽ വമ്പിച്ച ഒരു സമുദ്രശക്തിയുമായിരുന്നു അവർ. തോൽപ്പിച്ചപ്പോഴും (തോൽവി അവർക്കു സാധാരണായിരുന്നു) അവരെ

നീക്കം ചെയ്ക സാധ്യമായിരുന്നില്ല.”

ഇത്രകൂടി അദ്ദേഹം കൂട്ടിച്ചേർത്തു:

“വീണ്ടും ഇന്ത്യക്ക് കഷ്ടപ്പെടേണ്ടിവന്നതിൽ ആശ്ച ര്യമില്ല..... ആ സമയത്ത് ഇവിടെ ബ്രിട്ടീഷ്കാർ എത്തിയിരുന്നില്ലെങ്കിൽ മറ്റു ചിലരാവും എത്തുമായിരുന്നത്..... അതിനാൽ നാം ബ്രിട്ടീഷുകാരെ ആക്ഷേപിക്കേണ്ടതില്ല.”

പണ്ഡിറ്റ്ജിയുടെ ഈ പരാമർശം ബ്രിട്ടീഷ് ഇന്ത്യാ ചരിത്രത്തിന്റെ കാതലായ ഒരു ഭാഗമാണ്.

മസീഹി (അ) നെപ്പറ്റിയും അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടത്തെപ്പറ്റിയും അഹ്മദിയ്യത്തിന്റെ ശത്രുക്കൾ പ്രചരിപ്പിക്കുന്ന ഒരു ആരോപണമുണ്ട്. നാം, ബ്രിട്ടീഷ് ഇന്ത്യയിൽ ദേശീയബോധം പ്രകടിപ്പിക്കാതെ ഇംഗ്ലീഷുകാരെ സഹായിച്ചുവെന്നതാണത്. ബ്രിട്ടന്റെ പാദസേവകരായിരുന്നു നാമെന്നും ശത്രുക്കൾ ആരോപിച്ചിരുന്നു. യഥാർത്ഥ ഇന്ത്യാചരിത്രം അറിയാത്തവരുടെ മൂഢവും ചിന്താശൂന്യവുമായ ആരോപണമാണിത്.

തെക്കേ ഇന്ത്യയുടെ അവസ്ഥയായിരുന്നില്ല അന്ന് വടക്കേ ഇന്ത്യയുടേത്. തിരുവിതാംകൂറിലും, കൊച്ചിയിലും, മലബാറിലും ഭരണം നടത്തിയ നാട്ടുരാജാക്കന്മാർ ഇവിടത്തെ ന്യൂനപക്ഷ സമൂഹമായ മുസ്‌ലിംകളെ ഒരു തരത്തിലും ദ്രോഹിച്ചിട്ടില്ല. വിഭജനത്തിനു തൊട്ടുമുമ്പുള്ള കാര്യമാണിത്. വടക്കേ ഇന്ത്യയിൽ, പ്രത്യേകിച്ച് പഞ്ചാബ് പ്രദേശത്തെ നിസ്സഹായരായ മുസ്‌ലിംകൾ നേരിടേണ്ടിവന്ന ഭീകരത സിക്കുകാരിൽ നിന്നായിരുന്നു. പതിനായിരക്കണക്കിനു മുസ്‌ലിംകൾ സിക്കുകാരാൽ കശാപ്പ് ചെയ്യപ്പെട്ടിട്ടുണ്ട്. അപ്പോഴൊക്കെ നീതിപൂർവ്വകമായ ഒരു ദേശീയത നിലനിർത്തിയതും സമാധാനാന്തരീക്ഷം കൈവരുത്തി സിക്കുഭീകരിൽ നിന്ന് സാധുക്കളും ന്യൂനപക്ഷ വിഭാഗവുമായ മുസ്‌ലിംകൾക്ക് രക്ഷാമാർഗ്ഗം ഒരുക്കിക്കൊടുത്തതും ബ്രിട്ടീഷ് ഭരണാധികാരികളായിരുന്നു. ഇതൊക്കെ സംഭവിക്കുന്നത് വാഗ്ദത്ത മസീഹിനും മുമ്പുള്ള കാലത്താണെന്നോർക്കണം. അന്ന് പഞ്ചാബിൽ സിക്കുകാർ മുസ്‌ലിംകളെ ഭീകരമായി വേട്ടയാടിയ മഹാലഹളക്കാലത്ത്, 1857 ൽ ഹദ്റത്ത് അഹ്മദ് (അ) നു കേവലം 22 വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. അദ്ദേഹത്തിനു നുബുവത്ത് ലഭിക്കുന്നതുതന്നെ. അങ്ങനെയെങ്കിൽ മസീഹ് (അ) നും എത്രയോ മുമ്പുതന്നെ സ്വരക്ഷക്കുവേണ്ടി വടക്കേ ഇന്ത്യയിലെ മുസ്‌ലിം സമൂഹം ബ്രിട്ടീഷ് ഭരണത്തിന് അനുകൂലമായ നിലപാടെടുത്തിട്ടുണ്ട്. അതും ബ്രിട്ടീഷ് പാദസേവയായി കണക്കാക്കപ്പെടുമോ.......?

മുഗൾ ഭരണത്തെ പിന്താങ്ങിയിരുന്ന ഖാദിയാൻ ഭരണാധികാരികൾ എങ്ങനെ, എന്തിന് ബ്രിട്ടീഷുകാരെ സഹായിച്ചു എന്നതിനും ഇവിടെ ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. അതിനുള്ള മറുപടി ഇതാ–

അന്നത്തെ മുഗൾ ചക്രവർത്തിയായിരുന്ന ബഹദൂർഷാ, ‘ദുർബലനായ ഒരു വൃദ്ധൻ ഭരണാധികാരി’ എന്നറിയപ്പെട്ടു. മുഗൾ സാമ്രാജ്യത്വത്തിനെതിരേയുള്ള ഭീഷണികളെക്കുറിച്ച് ഖാദിയാൻ ഭരണാധികാരികൾ ദില്ലിയിലെ മുഗൾ ചക്രവർത്തിയെ എത്ര ഉണർത്തിച്ചിട്ടും മുഗളന്മാർ തെല്ലും ശ്രദ്ധിച്ചില്ലെന്നു മാത്രമല്ല, തീരെ അവഗണിക്കുകയും ചെയ്തു. ദില്ലി രാജാക്കന്മാരെ ഈ ഭീഷണികൾ ഒട്ടും അലട്ടിയില്ലെന്നു മനസ്സിലാക്കപ്പെട്ടു. ആ സമയത്ത് പഞ്ചാബിലാകട്ടെ, സിക്കുകാരുടെ കിരാതഭരണത്തിൽ മുസ്‌ലിംകൾ വല്ലാതെ വീർപ്പുമുട്ടുകയുമായിരുന്നു. സിക്കു ഭരണകർത്താക്കൾ മുസ്‌ലിംകൾക്ക് മതാനുഷ്ഠാന സ്വാതന്ത്ര്യം വരെ നിഷേധിക്കയും ബാങ്കു മുഴക്കുന്നതുപോലും നിരോധിക്കയും ചെയ്തു കഴിഞ്ഞിരുന്നു. ഊഹാതീതമായ ഈ നിയമ സമാധാനത്തകർച്ചയിൽ മുസ്‌ലിംകൾക്കു രക്ഷയും ശാന്തിയും നീതിയും ഉറപ്പുവരുത്തിയത് ബ്രിട്ടീഷുകാരായിരുന്നു. അങ്ങനെയുള്ള ഇംഗ്ലീഷുകാരെ ഖാദിയാനിലെ പൂർവ്വ മുസ്‌ലിം സമൂഹം സ്വാഗതം ചെയ്തതിൽ അത്ഭുതമില്ല. നാട്ടിൽ നീതിയും മതസ്വാതന്ത്ര്യവും ഉറപ്പുവരുത്തിയ ഇംഗ്ലീഷ് ഭരണത്തിനു പിന്തുണ നൽകികൊണ്ട് പഞ്ചാബിലെ മുസ്‌ലിംകൾ, മിർസാ കുടുംബത്തോടൊപ്പം നിന്നു കൊണ്ട് മുസ്‌ലിം ലോക ചരിത്രത്തിലെ ഏറ്റവും വലിയ പ്രത്യുപകാര നന്ദി പ്രകടനം കാഴ്ചവയ്ക്കുകയായിരുന്നു. ഇംഗ്ലീഷുകാരെ സഹായിച്ച ഹദ്റത്ത് മിർസാ സാഹിബിന്റെ പൂർവ്വിക കുടുംബം സങ്കുചിത ദേശീയതയ്ക്കെതിരിൽ

*(ശേഷം 28-ാം പേജിൽ)*

**ടൈലർമാരെ ആവശ്യമുണ്ട്**

വർഷങ്ങളായി നല്ല നിലയിൽ പ്രവർത്തിക്കുന്ന ഷർട്ട് നിർമ്മാണശാലയിലേക്ക് വിദഗ്ദ്ധരും കഠിനാദ്ധ്വാനികളുമായ ടൈലേഴ്സിനെ ആവശ്യമുണ്ട്

പവർമെഷീനിൽ പരിചയമുള്ളവർക്ക് മുൻഗണന

താമസസൗകര്യം ലഭ്യമായിരിക്കും

**സുപ്രിം അപ്പാരൽസ്**

കരുനാഗപ്പള്ളി,

ഫോൺ : 0476 - 2640728, 9846727128

ലേഖനം



# ഔതാദുകളുടെ ഫിർഔനും ഈജിപ്തിലെ പടുകൂറ്റൻ നിർമ്മിതികളും

ഏ.എം. മുഹമ്മദ് സലീം

**ഈജിപ്ഷ്യൻ ചരിത്രത്തിൽ വമ്പിച്ച കെട്ടിട നിർമ്മാണങ്ങൾ നടത്തിയ രംസീസ് ഫറോവയുടെ കെട്ടിട നിർമ്മാണഭ്രമത്തെ പറ്റി ഖുർആൻ സൂചന നൽകുന്നു.**

മൂസാനബി(അ)യുടെ കാലത്തെ ഫിർഔൻ ആരായിരുന്നു? ഈജിപ്ഷ്യൻ ആർക്കിയോളജിയുമായി ബന്ധിപ്പിക്കുന്ന എന്തെങ്കിലും പരാമർശങ്ങൾ ഖുർആനിലുണ്ടോ എന്നതാണ് നമ്മുടെ അന്വേഷണവിഷയം. ഈജിപ്തിലെ ചരിത്രരേഖകളുമായി ഇസ്രായേല്യരുടെ ചരിത്രത്തെ ബന്ധിപ്പിക്കാൻ ഖുർആനിൽ ശക്തമായ സൂചനകളുണ്ടെന്ന യാഥാർത്ഥ്യം നമ്മെ അത്ഭുതപ്പെടുത്തുന്നു. അതിലൊന്നാണ് മൂസാ നബി(അ)യുടെ കാലത്തെ ഫിർഔനെക്കുറിച്ചുള്ള സൂചന.

വിശുദ്ധ ഖുർആനിൽ മൂസാ നബി (അ)മിന്റെ ഫിർഔനെക്കുറിച്ച് 'ഫിർഔനു ദുൽ ഔതാദ്' (Pharoah of Awtad) എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. ചരിത്രഭൂമിയിലെ പുരാരേഖ പോലെ വിശുദ്ധ ഖുർആനിലെ ഇത്തരം പരാമർശങ്ങൾ ചരിത്രത്തിന്റെ നിഗൂഢ രഹസ്യങ്ങളിലേക്ക് വിരൽചൂണ്ടുന്നു.

'വതദ്'ന്റെ ബഹുവചനമാണ് 'ഔതാദ്'. ഔതാദിന് പല അർത്ഥങ്ങളുമുണ്ട്. കുറ്റി, കീലം, ആണി എന്നീ അർത്ഥങ്ങളും സൈനികപരമായി പട്ടാള ക്യാമ്പുകൾ, സൈനികദലങ്ങൾ, ആയുധസംബന്ധിയായി കീലകങ്ങൾ, ആണികൾ, ശൂലങ്ങൾ, മുള്ളുകൾ മുതലായ അർത്ഥങ്ങളും നൽകി വരാറുണ്ട്. ഫിർഔനു ദുൽ ഔതാദ് എന്ന പദത്തിന് സൈനിക ക്യാമ്പുകളുടെ ഫിർഔൻ, കീലങ്ങളുടേയും ശൂലങ്ങളുടേയും ഫിർഔൻ, എന്നീ അർത്ഥങ്ങൾ വിവക്ഷിക്കപ്പെടുന്നു. തീർച്ചയായും ഈ അർത്ഥങ്ങളെല്ലാം ഫിർഔനെ സംബന്ധിച്ച് സാർത്ഥകവുമാണ്. എന്നാൽ 'ഔതാദുകളുടെ ഫിർഔൻ' എന്ന ഖുർആന്റെ ശൈലി ചരിത്രപരവും പുരാവസ്തുപരവുമായ മറ്റൊരു അർത്ഥത്തിലേക്കും വിരൽ ചൂണ്ടുന്നു. 'വൻ നിർമ്മിതികളുടെ ഫിർഔൻ' എന്നതാണ് ആ അർത്ഥം. അങ്ങിനെ വരുമ്പോൾ ഈജിപ്ഷ്യൻ ചരിത്രത്തിൽ വാസ്തുശില്പനിർമ്മാണം നടത്തിയ ഫറോവയെപറ്റിയാണെന്ന് സൂചന ലഭിക്കുന്നു. നമുക്ക് ഖുർആന്റെ പരാമർശങ്ങൾ തന്നെ പരിശോധിക്കാം. ഫിർഔനെ 'ഫിർഔനു ദുൽഔതാദ്' എന്ന വിശേഷണം നൽകിയ ഖുർആനിക വചനം ഏതാണെന്ന് നമുക്ക് പരിശോധിക്കാം.

*'ആദിനോട് - കൂറ്റൻ കെട്ടിടങ്ങളുടെ ഉടമസ്ഥരായ ഇറമ് ഗോത്രത്തോട് നിന്റെ നാഥൻ എങ്ങനെ പ്രവർത്തിച്ചുവെന്ന് നീ കണ്ടില്ലേ? അവർക്ക് തുല്യരായി ആരും ആ നാടുകളിൽ സൃഷ്ടിക്കപ്പെട്ടിരുന്നില്ല. താഴ്‌വാരത്തിൻ പാറകൾ തുരന്ന് (വീടുണ്ടാക്കിയിരുന്ന) സമൂദ് ഗോത്രത്തോടും* ***ഔതാദുകളുടെ ഫിർഔനോടും*** *(നിന്റെ നാഥൻ എങ്ങിനെ പ്രവർത്തിക്കുമെന്ന് നീ കണ്ടില്ലേ). ആ നാടുകളിൽ അതിക്രമം പ്രവർത്തിച്ചിരുന്നവരായിരുന്നു അവർ (89, 7-12)*

ഈ ആയത്തുകളുടെ പ്രത്യേകത ആദ്, ഇറമ്, സമൂദ് മുതലായ സമുദായങ്ങളുടെ കൂട്ടത്തിലാണ് ഫിർഔനെ 'ഔത്താദുകളുടെ ഫിർഔൻ' എന്ന് വിശേഷിപ്പിച്ച് ചേർത്ത് പറഞ്ഞിരിക്കുന്നത്. പ്രസ്തുത ഗോത്രങ്ങളെല്ലാം തന്നെ കെട്ടിടനിർമ്മാണത്തിൽ ഭ്രമമുള്ള അതിക്രമകാരികളായ സമുദായങ്ങളാണ്. ഇവിടെ ഫിർഔന്റെ വാസ്തുനിർമ്മാണ താല്പര്യത്തെ ദ്യോതിപ്പിക്കുന്ന 'വൻ നിർമ്മിതികളുടെ ഫിർഔൻ' എന്ന അർത്ഥമായിരിക്കും അനുയോജ്യമായിരിക്കുക. ചരിത്രപരമായി ഫിർഔനെ തിരിച്ചറിയാനും ഈ അർത്ഥം സഹായകരമാണ്. അതിനുപകരം ശൂലങ്ങ

ളുടേയും, കീലങ്ങളുടേയും, ആണി കളുടേയും ഫിർഔൻ, എന്നോ മറ്റു സൈനികപരമായ വിശേഷണങ്ങ ളുള്ള അർത്ഥമോ ആണ് സാധാരണ 'ഔത്താദി'ന് നൽകാറുള്ളത്. ഇംഗ്ലീ ഷിൽ ഔത്താദിന് Pegs (ആണി, കീലം, ആപ്പ്) Spike (ശൂലം, കുന്തമു ന, ആണി) എന്നും അർത്ഥം കാണു ന്നു. ഫിർഔൻ ഈ ഉപകരണങ്ങളു പയോഗിച്ചു ആളുകളെ മർദ്ദിച്ചു എന്ന അർത്ഥത്തിലാണ് 'ആണികളുടെ ഫിർഔൻ', ശൂലങ്ങളുടെ ഫിർഔൻ, Pharaoh of Pegs, Pharaoh of Spike മുതലായ വിശേഷണങ്ങൾ, വ്യാഖ്യാ താക്കൾ നൽകുന്നത്. എന്നാൽ ഖുർ ആനിൽ ഫിർഔന്റെ മർദ്ദനസമ്പ്രദാ യത്തെപറ്റി പ്രത്യേകമായ പരാമർശ മുണ്ട്. അതിൽ ശൂലങ്ങളും, കീലങ്ങ ളും, ആണികളും, ഉപയോഗിച്ചുകൊ ണ്ടുള്ള ഒരു രീതിയല്ല പരാമർശി ക്കുന്നത്. ഖുർആൻ വചനങ്ങൾ ഇങ്ങനെയാണ്.

*'അപ്പോൾ ആ ജാലവിദ്യക്കാരൻ സാഷ്ടാംഗം പ്രണാമം ചെയ്തു കൊണ്ട് വീണു. അവർ പറഞ്ഞു: ഹാറൂന്റേയും മൂസായുടേയും നാഥ നിൽ ഞങ്ങളിതാ വിശ്വസിച്ചിരിക്കു ന്നു. അവൻ (ഫിർഔൻ) പറഞ്ഞു: ഞാൻ നിങ്ങൾക്ക് അനുമതി നൽകു ന്നതിനു മുമ്പായി നിങ്ങൾ അവനെ (മൂസായെ) വിശ്വസിച്ചുവോ? (ഇ പ്പോൾ കാര്യം മനസ്സിലായി). തീർച്ച യായും നിങ്ങൾക്ക് മാന്ത്രികവിദ്യ അഭ്യസിപ്പിച്ച നിങ്ങളുടെ നേതാവാ ണിവൻ. അതുകൊണ്ട് തീർച്ചയായും ഞാൻ നിങ്ങളുടെ കൈകളും കാലു കളും വിപരീതഭാഗത്ത് നിന്ന് മുറിക്കു കയും ഈത്തപ്പനത്തടികളിൽ നിങ്ങളെ ബന്ധിച്ച് ക്രൂശിക്കുകയും ചെയ്യുന്നതാണ്. നമ്മിൽ ആരാണ് ഏറ്റവും കടുത്തതും നീണ്ടുനിൽക്കു ന്നതുമായ ശിക്ഷ നൽകുന്നവനെന്നു തീർച്ചയായും നിങ്ങൾ അറിയും (20:71, 72).*

*'അവൻ (ഫിർഔൻ) പറഞ്ഞു. 'ഞാൻ നിങ്ങൾക്ക് സമ്മതം തരുന്ന തിന് മുമ്പേ നിങ്ങൾ അവനിൽ വിശ്വ സിച്ചു കഴിഞ്ഞുവോ? തീർച്ചയായും നിങ്ങൾക്ക് ജാലവിദ്യ പഠിപ്പിച്ചുതന്ന നിങ്ങളുടെ മൂപ്പനാണവൻ. അതു കൊണ്ട് നിശ്ചയമായും ഇതിന്റെ ഫലം വേഗം നിങ്ങൾക്ക് മനസ്സിലാ വും. തീർച്ചയായും നിങ്ങളുടെ കൈകളും കാലുകളും വിപരീതഭാഗ ങ്ങളിൽ നിന്ന് ഓരോന്ന് വിട്ട് ഞാൻ മുറിച്ചു കളയും. നിശ്ചയമായും നിങ്ങളെ എല്ലാവരേയും ഞാൻ ക്രൂശി ക്കുകയും ചെയ്യും. (26:50)*

*'നിശ്ചയമായും ഞാൻ (ഫിർ ഔൻ) നിങ്ങളുടെ കൈകളും നിങ്ങ ളുടെ കാലുകളും വിപരീതഭാഗത്ത് നിന്ന് മുറിച്ചുകളയും. പിന്നെ നിങ്ങ ളെല്ലാവരെയും ഞാൻ ക്രൂശിക്കു കയും ചെയ്യുന്നതാണ് (7:125)*

പ്രസ്തുത ആയത്തുകളിലൊ ന്നും തന്നെ ശൂലങ്ങളോ, കീലങ്ങളോ ഉപയോഗിച്ചുകൊണ്ടുള്ള ശിക്ഷയെ പറ്റി പറയുന്നില്ല. അപ്പോൾ 'ഫിർഔ നു ദുൽ ഔതാദ്' എന്നതിന് കൂടു തൽ അനുയോജ്യമായ അർത്ഥം ചരി ത്രപരമായി തിരിച്ചറിയപ്പെടുന്ന രീതി യിൽ ഖുർആന്റെ ഈ വിശേഷണ ത്തിൽ നിന്നും ലഭിക്കേണ്ടതാണ്.

'ഔതാദ്' എന്ന പദം ഖുർആ നിൽ മറ്റു സ്ഥലങ്ങളിൽ ഉപയോഗി ച്ചതായി കാണാം. അത് തികച്ചും മറ്റൊരർത്ഥത്തിലാണ്. ഔതാദ് എന്ന പദം 'വമ്പിച്ച കെട്ടിട നിർമ്മാണമാ ണെന്ന' അർത്ഥം ലഭിക്കാൻ മറ്റു സ്ഥലങ്ങളിൽ ഖുർആൻ ഈ പദം പ്രയോഗിച്ചതിന്റെ അർത്ഥത്തെപറ്റി അല്പം വിശദീകരിക്കേണ്ടതുണ്ട്. അതായത് മലകളെ പറ്റിയും പർവ്വത ങ്ങളെ പറ്റിയും ഖുർആനിൽ 'ജിബാൽ' റവാസിഅ് എന്നീ രണ്ടു പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. അതിൽ 'ജിബാൽ' എന്ന പദത്തോടൊപ്പം മാത്രമേ 'ഔതാദ്' എന്ന വിശേഷണം ഖുർആൻ ഉപയോഗിക്കുന്നുള്ളൂ. 'റവാസി'ന്റെ പ്രയോഗം ഇങ്ങിനെ യാണ്.

*ഹുവല്ലദീ മദ്ദൽ അർള വജഅല ഫീഹാ റവാസിയ വ അൻഹാറ: = അവനത്രെ ഭൂതലത്തെ വിതാനിക്കു കയും അതിൽ റവാസിഅ് (പർവ്വത ങ്ങളെയും) മലകളെയും നദികളെയും സൃഷ്ടിക്കുകയും ചെയ്തത് (13:4).* ഇങ്ങനെ 15:20, 16:16, 21:32, 27:62, 31:11 എന്നീ ആയത്തുകളിൽ 'റവാസിഅ്' എന്ന പദം പ്രയോഗിച്ചതായി കാ ണാം. ഈ ആയത്തുകളിൽ ഭൂമി ഇള കാതിരിക്കാൻ 'റവാസിഅ്' (മലകളെ) സ്ഥാപിച്ചു എന്ന അർത്ഥത്തിലുള്ള ആയത്തുകൾ 16: 26, 21: 32, 31: 11 മുത ലായവയാണ്. അവയിലൊന്ന് -

*'വ അൽഖാ ഫിൽ അർളി റവാ സിയ അൻ തമീദബിക്കും = അവൻ (അല്ലാഹു) ഭൂമിയിൽ റവാസിഅ് (പർവ്വതങ്ങൾ) സ്ഥാപിച്ചിരിക്കുന്നു. നിങ്ങളേയും കൊണ്ട് അത് കുലുങ്ങാ തിരിക്കാൻ (16:16).*

ഭൂമി ഇളകാതിരിക്കുന്ന ധർമ്മം നിർവ്വഹിക്കുന്ന പർവ്വതങ്ങളെ വിവ രിക്കുന്നിടത്താണ് 'റവാസിഅ്' എന്ന പദം ഖുർആൻ പ്രയോഗിക്കുന്നത്. ഇളകുന്നതിനെ ഉറപ്പിച്ചു നിർത്തുന്ന ധർമ്മം 'റവാസിഅ്' എന്ന വിശേഷ ണമുള്ള പർവ്വതങ്ങൾ നിർവ്വഹിക്കു ന്നു. പക്ഷേ 'റവാസിഅ്' നോടൊപ്പം കീലം, ആണി എന്നീ അർത്ഥം ലഭി ക്കാനുപയോഗിക്കുന്ന 'ഔതാദ്' ഖുർ ആൻ വിശേഷണമായുപയോഗിക്കു ന്നില്ല. എന്നാൽ ഖുർആനിൽ 'ജി ബാൽ' എന്ന് വിശേഷണമുള്ള മല കളെ പറ്റി പറഞ്ഞിടത്തൊന്നും അവർക്ക് ഇളകുന്ന ഭൂമിയെ പിടിച്ചു നിർത്തുക എന്ന ധർമ്മത്തെ പറ്റി പറ യുന്നുമില്ല. അതായത് ഇളകുന്ന തിനെ ഉറപ്പിച്ചു നിർത്തുന്ന ആണി യുടെ അല്ലെങ്കിൽ കീലത്തിന്റെ ധർ മ്മം നിർവ്വഹിക്കുന്നതായി ജിബാൽ എന്ന പദത്തോടു ചേർത്ത് ഖുർആൻ വിശേഷിപ്പിക്കുന്നില്ല എന്ന കാര്യം ശ്രദ്ധേയമാണ്. അത്തരത്തിലുള്ള ജിബാലിന്റെ (മലകളെ) വിശേഷണ മായിട്ടാണ് 'ഔതാദ്' എന്ന പദം ഖുർ ആൻ പ്രയോഗിച്ചിട്ടുള്ളത്. അപ്പോൾ അ വിടെ 'ഔതാദിന് ഇളകുന്നതിനെ ഉറപ്പിച്ചു നിർത്തുന്ന ആണി, കീലം എന്നീ അർത്ഥങ്ങൾ ലഭിക്കുന്നില്ല. മലകളുടെ ഭീമാകാരമായ ആകാ രത്തെ പറ്റി വിശേഷിപ്പിക്കുന്ന മറ്റു അർത്ഥങ്ങളാണ് ഖുർആന്റെ പ്രയോ

രുള്ള ധാരാളം കെട്ടിടങ്ങൾ നിർമ്മിച്ചു എന്നും വിവരിച്ചിട്ടുണ്ടെന്ന് History Justifies to the Infallibility of Quran എന്ന കൃതിയിൽ ഡോ. ലോയെ ഫതൂഹിയും പ്രൊഫ: ശേതാ അൽ ദർഗസ്സാലിയും പറയുന്നു. (പേ. 139)

ഈജിപ്ഷ്യൻ ചരിത്രത്തിൽ ഇന്നും അവശേഷിക്കുന്ന വമ്പിച്ച നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത് രംസീസ് രണ്ടാമൻ ഫറോവയാണ്. ഭീമാകാരമായ സ്മാരകങ്ങൾ നിർമ്മിക്കുന്നതിൽ അദ്വിതീയനാണ് രംസീസ്. നൈലിന്റെ കരയിൽ തന്റെ സ്വന്തം നാല് പടുകൂറ്റൻ പ്രതിമകൾ പ്രതിഷ്ഠിച്ചുകൊണ്ട് പണിത അതിഭീമാകാരമായ അബു സിംബൽ ക്ഷേത്രം ഈജിപ്തി ലെ അത്ഭുതങ്ങളിലൊന്നാണ്. മൂസാ നബി(അ)ന്റെ കാലത്തെ ഫിർദൈനെ ഔതാദുകളുടെ ഫിർഔൻ എന്ന് ഖുർആൻ വിശേഷിപ്പിച്ചത് അതുകൊണ്ടായിരിക്കാം. Chronicle of Pharaohs എന്ന പുസ്തകത്തിൽ Clayton P.A. എഴുതുന്നു:

അദ്ദേഹത്തിന്റെ (രംസീസ് ഫറോവ) കെട്ടിട നിർ മ്മാണ സംരംഭങ്ങൾ ഹെർകുലീയൻ നിലവാരത്തിലുള്ളതായിരുന്നു. കർണക്കിലേയും ലക്സ്റിലേയും മഹത്തായ ക്ഷേത്രങ്ങൾ അദ്ദേഹം കൂട്ടിചേർത്തു പണിതു. ഗോർണയിലെ (തീബ്സ്) അദ്ദേഹത്തിന്റെ പിതാവിന്റെ ശവകുടീര ക്ഷേത്രവും പണിതീർത്തു. അബിഡോസ് ക്ഷേത്രവും അബിഡോസിലെ അദ്ദേഹത്തിന്റെ സ്വന്തം ക്ഷേത്രവും പണി കഴിപ്പിച്ചു. തീബ്സിലെ പടിഞ്ഞാറെക്കരയിൽ രംസീസിയം എന്ന പേരിൽ ബൃഹദാകാരമായ ഒരു ശവകുടീരക്ഷേത്രം അദ്ദേഹം പണിതു. ജബലുൽ സിൽസിലയിലെ ചെങ്കൽ ഖനിയിൽ എഴുതിവെച്ച രേഖകൾ പ്രകാരം രംസീസിയത്തിന് മാത്രമായി കല്ല് വെട്ടിയെടുക്കാൻ മൂവ്വായിരത്തോളം തൊഴിലാളികൾ അവിടെ ജോലി ചെയ്തിരുന്നു. ആബിയ (സുഡാൻ) യിലെ ബൈത്തുൽ വാലിയിലും, ഗെർഫ് ഹുസൈനിലും, വാദി സബുആയി

*ളുടെ ഉടമസ്ഥരായ ഇറമ് ഗോത്രത്തോട് - നിന്റെ നാഥൻ എങ്ങനെ പ്രവൃത്തിച്ചുവെന്ന് നീ കണ്ടില്ലേ? അവർക്ക് തുല്യരായി ആരും ആ നാടുകളിൽ സൃഷ്ടിക്കപ്പെട്ടിരുന്നില്ല. താഴ്‌വാരങ്ങളിൽ പാറകൾ തുരന്ന് (വീടുണ്ടാക്കിയിരുന്ന) സമൂദ് ഗോത്രത്തോടും. ഔതാദുകളുടെ (വൻ കെട്ടിടനിർമ്മിതികളുടെ) അധിപനായ ഫിർഔനോടും (നിന്റെ നാഥൻ എങ്ങിനെ പ്രവൃത്തിച്ചുവെന്ന് നീ കണ്ടില്ലേ)? ആ നാടുകളിൽ അതിക്രമം പ്രവർത്തിച്ചിരുന്നവരായിരുന്നു അവർ (89:7-11)*

ഈ ആയത്തുകളിൽ കെട്ടിട നിർമ്മാണത്തിൽ ഭ്രമമുള്ളവരും തങ്ങളുടെ പൊങ്ങച്ചവും പ്രതാപവും കാട്ടാൻ സൗധങ്ങൾ നിർമ്മിക്കുന്ന അതിക്രമകാരികളുമായ ജനസമൂഹങ്ങളെ പറ്റിയാണ് ഖുർആൻ പരാമർശിക്കുന്നത്. ആദ്, ഇറമ്, സമൂദ് ഗോത്രങ്ങളോടൊപ്പം ഫിർഔനേയും ഖുർആൻ ഈ കൂട്ടത്തിൽ ചേർത്തു പറഞ്ഞിരിക്കുന്നു. ഔതാദുകളുടെ ഫിർഔൻ (Pharaoh of Awta) എന്നതിനർത്ഥം 'പടുക്കൂറ്റൻ നിർമ്മിതികളുടെ അധിപനായ ഫിർഔൻ' എന്നാണ്. ഈ അർത്ഥത്തിൽ ചരിത്രത്തിൽ നിന്നും ഈ ഫറോവയെ നമുക്ക് എളുപ്പത്തിൽ തിരിച്ചറിയാനാവുകയും ചെയ്യും. അല്ലാതെ ശൂലങ്ങളുടെയും കീലങ്ങളുടെയും ഫിർഔൻ എന്നോ പട്ടാള ക്യാമ്പുകളുടെ ഫിർഔൻ എന്നോ അർത്ഥം പറയുമ്പോൾ ഈജിപ്ഷ്യൻ ചരിത്രത്തിലെ വമ്പിച്ച നിർമ്മിതികൾ നടത്തിയ ഫിർഔനെ തിരിച്ചറിയാതെ പോവും.

മാലികി മദ്ഹബിലെ പണ്ഡിതനും വിശ്വപ്രശസ്ത ഖുർആൻ വ്യാഖ്യാതാവുമായ അൽ ഖുർതുബി 'ഇബ്നു അബ്ബാസിനെ ഉദ്ധരിച്ചുകൊണ്ട് ഖുർആനിലെ 38:13 ആയത്തിലെ 'ഔതാദുകളുടെ ഫിർഔൻ' എന്ന പ്രയോഗത്തിലെ 'ഔതാദിന്' നൽകിയ അർത്ഥം 'സുരക്ഷിതമായ കെട്ടിടങ്ങളുടെ അധിപൻ' എന്നാണെന്നും മറ്റൊരു വ്യാഖ്യാതാവായ അൽദഹക്ക്, ഫിർഔൻ 'വതദ്' എന്ന് പേ

ഗത്തിൽ നിന്നും ഔതാദിന് ലഭിക്കുന്നത്. ജിബാൽ വിശേഷ്യവും ഔതാദ് വിശേഷണവുമായി ഉപയോഗിച്ച ആയത്തുകൾ ഇവയാണ്.

*'നാം ഭൂമിയെ ഒരു വിരിപ്പും ജിബാലിനെ (മലകളെ) ഔത്താദുമാക്കിയില്ലേ? (78:7)*

ഇവിടെ സമനിരപ്പായ ഭൂമിയും അതിൽ സ്തൂപാകൃതിയിൽ മാനം ഭേദിച്ചു ഉയർന്നുനിൽക്കുന്ന പർവ്വതങ്ങളുടെ ഗംഭീരമായ വലിപ്പത്തെയും പറ്റിയാണ് 'ഔതാദ്' എന്ന പദം യോജിക്കുക. ഭൂമിയുടെ അടിയിലേക്ക് വേരുകളുള്ള ആണിയോ, കീലമോ ആണെന്ന അർത്ഥത്തേക്കാൾ വലിപ്പത്തെ സൂചിപ്പിക്കുന്ന അർത്ഥം ഫലിപ്പിക്കാനാണ് ജിബാലിനെ ഔത്താദ് എന്ന് വിശേഷിപ്പിച്ചത് ഈ ആയത്ത് കുലുങ്ങുന്ന ഭൂമിയെ സ്ഥിരപ്പെടുത്തി നിർത്തുന്ന റവാസിഅ് ന്റെ ആയത്തിനോട് തുലനപ്പെടുത്തുന്നതിനേക്കാൾ താഴെ എഴുതിയ ആയത്തുമായി യോജിപ്പിക്കാവുന്നതാണ്.

*'ഒട്ടകങ്ങളിലേക്ക് അവർ നോക്കുന്നില്ലെ? അവ എങ്ങനെ സൃഷ്ടിക്കപ്പെട്ടുവെന്ന്. ആകാശത്തിലേക്കും (അവർ നോക്കുന്നില്ലേ) അതെങ്ങനെ ഉയർത്തപ്പെട്ടുവെന്ന്. പർവ്വതങ്ങളിലേക്കും (അവർ നോക്കുന്നില്ലേ). ജിബാലുകളിലേക്കും (മലകളിലേക്കും നോക്കുന്നില്ലേ) അതെങ്ങനെ ഉയർത്തി നിർത്തപ്പെട്ടതെന്നും (88:19).*

ഈ ഖുർആനിക വചനങ്ങളുടെ പശ്ചാത്തലത്തിൽ 'ഔതാദ്' എന്ന പദം 'ആകാശത്തേക്ക് ഉയർന്നു നിൽക്കുന്ന നിർമ്മിതികൾ' എന്ന അർത്ഥത്തിൽ ന്യായമായും എത്തിചേരാം. ഇതിൽ നിന്നും നമുക്ക് അനുമാനിക്കാൻ സാധിക്കുക 'ഫിർഔനുദുൽ ഔതാദ്' എന്നാൽ ഭീമാകാരമായ നിർമിതികൾ നടത്തിയ ഫിർഔൻ എന്നാണ്.

ഇനി നേരത്തെ പരാമർശിച്ച ആയത്ത് തന്നെ ഒന്നുകൂടി വിശകലനം ചെയ്യാം.

*'ആദിനോട് - കൂറ്റൻ കെട്ടിടങ്ങ*

ലും, കിഴക്കൻ നപാത്തയിലും വമ്പി ച്ച ശവകുടീരക്ഷേത്രങ്ങൾ രംസീസ് പണികഴിപ്പിച്ചിട്ടുണ്ട്' (പേ. 153)

ഖുർആനിൽ രേഖപ്പെടുത്തിയ ഫിർഔന്റെ ഭാര്യയുടെ പ്രാർത്ഥന യിൽ ഫിർഔൻ ഭൗതികലോകത്ത് കെട്ടിടനിർമ്മാണത്തിൽ ഉൽക്കടമായ ഭ്രമവുമുള്ള ആളാണെതിലേക്ക് സൂചന നൽകുന്നു. ഖുർആൻ അവരുടെ പ്രാർത്ഥനയെ പറ്റി പറയുന്നു.

*'ഫിർഔന്റെ ഭാര്യയെ സത്യവി ശ്വാസികൾക്ക് ഒരു മാതൃകയാക്കി അല്ലാഹു എടുത്തുകാട്ടുന്നു. അവർ പറഞ്ഞ സന്ദർഭം: 'എന്റെ നാഥാ നീ എനിക്കുവേണ്ടി നിന്റെ സവിധത്തിലുള്ള സ്വർഗ്ഗത്തിൽ ഒരു ഭവനം പണിതു തരേണമേ ഫിർഔനിൽ നിന്നും അവന്റെ ചെയ്തികളിൽ നിന്നും നീ എന്നെ രക്ഷിക്കേണമേ. അക്രമികളായ ജനങ്ങളിൽ നിന്ന് നീ എനിക്ക് മോചനം നൽകുകയും ചെയ്യേണമേ (66:12).*

ഫിർഔന്റെ ഭാര്യ ഹദ്റത്ത് ആസ്യാ ബീബിയുടെ പ്രാർത്ഥന യിൽ നിന്നും ഫിർഔൻ കെട്ടിട നിർമ്മാണ പ്രിയനാണ് എന്ന സൂചന ലഭിക്കുന്നുണ്ട്. ഈ ലോകത്ത് രമ്യ ഹർമ്മങ്ങൾ നിർമ്മിക്കുന്ന ലൗകി കനും ക്രൂരനുമായ തന്റെ ഭർത്താവിൽ നിന്നുമുള്ള മോചനത്തിനു വേണ്ടി പ്രാർത്ഥിക്കുന്ന അവർ സ്വർ ഗ്ഗീയമായ ഒരു വീട് എനിക്ക് നൽകേണമേ എന്ന കാര്യമാണ് ഊന്നി പറ യുന്നത്. ഈജിപ്ഷ്യൻ ചരിത്രത്തിൽ വമ്പിച്ച കെട്ടിടങ്ങളും ക്ഷേത്രസമുച്ച യങ്ങളും നിർമ്മിക്കുകയും ഇന്നും നിലകൊള്ളുകയും ചെയ്യുന്ന രം സീ സ് ഫിർഔന്റെ കെട്ടിട നിർമ്മാണത്വ രയെ അഭിവ്യഞ്ജിപ്പിക്കാൻ ഖുർ ആൻ നടത്തിയ പരാമർശം ഈജി പ്ഷ്യൻ ആർക്കിയോളജിയിലേക്ക് ഖുർആൻ നൽകുന്ന സൂചനയല്ലേ? ഇത് വഴി ചരിത്രത്തെ ഈജിപ്ഷ്യൻ ആർക്കിയോളജിയുമായി കണ്ണി കോർക്കാൻ സാധ്യമാവുന്നു.

(തുടരും)

*(24 -ാം പേജിൽ നിന്ന് തുടർച്ച)*

മാനുഷികമൂല്യങ്ങളെ വിലമതിക്കുകയായിരുന്നു.

രണശൂരതയും വിശ്വസ്തതയും വിശാലമനസ്കതയും മറ്റ് ഉത്തമഗുണങ്ങളും ഒത്തിണങ്ങിയ മിർസാ കുടുംബക്കാരിൽ ബ്രിട്ടീഷുകാർ തങ്ങളുടെ മിത്രങ്ങളെ കണ്ടെത്തിയതിൽ അത്ഭുതില്ല. ബ്രിട്ടീഷുകാർ പഞ്ചാബ് സംസ്ഥാനത്തെ, തങ്ങളുടെ സാമ്രാജ്യത്തോടു കൂട്ടിച്ചേർത്തപ്പോൾ ഖാദിയാനിലെ മിർസാ ഗുലാം മൂർത്തസാ സാഹിബിന്റെ കുടുംബജാഗീറുകൾ അവർക്കുതന്നെ തിരികെ നൽകുകയുണ്ടായി. ഇംഗ്ലീഷുകാർ ഇതിനകം ഇന്ത്യയിൽ തങ്ങളുടെ ആധിപത്യവും മേധാബലവും ഉറപ്പിച്ചുകഴിഞ്ഞിരുന്നു. ലോകമെങ്ങും സാമ്രാജ്യത്വമുന്നേറ്റം ദൃശ്യമായ ആ കാലഘട്ടത്തിൽ പാശ്ചാത്യശക്തികൾക്കെതിരെ പൊരുതുന്നത് ആത്മഹത്യാപരമെന്നു തെളിഞ്ഞുകഴിഞ്ഞതുമാണ്. ബ്രിട്ടീഷുകാർക്കെതിരെ പൊരുതിയ ടിപ്പുസുൽത്താൻ പോലും വഞ്ചിക്കപ്പെടുകയാണുണ്ടായത്. ഇംഗ്ലീഷുകാരല്ലെങ്കിൽ അവരെക്കാൾ നിർദ്ദാക്ഷിണ്യം പെരുമാറുന്ന മറ്റൊരു പാശ്ചാത്യ കോയ്മ ഇന്ത്യയെ കീഴടക്കുമായിരുന്നെന്ന്, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തന്റെ 'വിശ്വചരിത്രാവലോകന'ത്തിലൂടെ സൂചിപ്പിച്ചിട്ടുള്ളത് ഇവിടെ സ്മരണാർഹമാണ്.

അങ്ങനെ ചരിത്രത്തിന്റെ താളുകളിൽ പൊൻലിപികളാൽ രേഖപ്പെടുത്തപ്പെട്ട, ഖാദിയാനിലെ ആ പാർസി കുടുംബത്തിൽ, മിർസാ ഗുലാം മൂർതസായുടെയും ചിറാഗ് ബീബിയുടെയും മകനായി, 1835 ഫെബ്രുവരി13നു വെള്ളിയാഴ്ച പ്രഭാതത്തിൽ ഹദ്റത്ത് അഹ്മദ് ജനിച്ചു. ഈ കുട്ടിയാണ്, രണ്ടായിരം കൊല്ലം മുമ്പ് ഈസാനബി (അ) ദീർഘദർശനം ചെയ്ത അഹ്മദ് എന്ന പ്രവാചകനെന്ന് ആ മാതാപിതാക്കൾ പോലും അറിഞ്ഞിരുന്നില്ല. എന്നാൽ പിന്നീട് ലോകമതറിഞ്ഞു. നാം ഓരോരുത്തരും അതിനു സാക്ഷികളുമായി. വരും തലമുറകളും കൽപ്പാന്തകാലത്തോളം ഈ സത്യം ഏറ്റുപാടും, സംശയമില്ല.

**മജിലിസ് അൻസാറുല്ല കോഴിക്കോട് മേഖല 2006 നവംബർ 10,18,25 തീയ്യതികളിൽ കോഴിക്കോട് ടൗൺഹാളിൽ സംഘടിപ്പിച്ച തിരുനബികീർത്തന സമ്മേളനങ്ങളുടെ സിഡികൾ തയ്യാറായികൊണ്ടിരിക്കുന്നു.**




**4 സിഡികൾക്ക് 100 രൂപ.....!!**

എല്ലാവരും വാങ്ങി സൂക്ഷിക്കേണ്ട വിശിഷ്ടവ്യക്തികളുടെ പ്രഭാഷണങ്ങളടങ്ങിയ സിഡികൾ സാധാരണക്കാരും, വിജ്ഞാനകുതുകികളും, പണ്ഡിതൻമാരും നിർബന്ധമായും വാങ്ങി സൂക്ഷിക്കേണ്ടതാണ്.

**ബുക്കിങ്ങിന്**

ബന്ധപ്പെടുക:- അഹമദിയ്യ മുസ്ലിം ബുക്ക് സ്റ്റാൾ ജി.എച്ച് റോഡ് കോഴിക്കോട്-1
ഫോൺനമ്പർ 0495-6520733

# ജിന്ന് ആരാണ്?

ഏ.പി. കുഞ്ഞാമു

**ജിന്നുകൾ മനുഷ്യരിൽപ്പെട്ട ഒരു വിഭാഗം തന്നെയാണ്. മനുഷ്യരുടെ ചില സ്വഭാവ സവിശേഷതകളെ അഭിവ്യഞ്ജിപ്പിക്കാനാണ് ഖുർആൻ ഈ പദം പ്രയോഗിക്കുന്നത്.**

കണ്ണിമ വെട്ടുന്ന നേരം കൊണ്ട് കൊട്ടാരം പണിയുകയും വിചാരിച്ചതെല്ലാം സാധിക്കുകയും, ആഗ്രഹിക്കുന്ന വേഷങ്ങളിൽ പ്രത്യക്ഷപ്പെടുകയും ചെയ്യുന്ന അറബിക്കഥയിലെ ജിന്നുകളെ കുറിച്ച് കേൾക്കാത്തവരാരുമുണ്ടാവില്ല. കൊച്ചുകുട്ടികളെ പിടിച്ചിരുത്താനും, പേടിപ്പിക്കാനും, ഉറക്കാനും മുത്തശ്ശിമാർ പറയുന്ന രാക്കഥകളിലെ മുഖ്യകഥാപാത്രങ്ങളാണ് ജിന്ന്. മുസ്‌ലിംകളുടെ ഇടയിൽ ജിന്നിന് മറ്റൊരു റോൾ കൂടിയുണ്ട്. ഈ അരൂപികളായ ജിന്നുകൾ സ്ത്രീകളെ ബാധിക്കാറുണ്ട്. ജിന്നു ബാധിച്ച സ്ത്രീ സ്വവ്യക്തിത്വം നഷ്ടപ്പെട്ട് ജിന്നിന്റേതായി മാറുന്നു. അത്തരം ജിന്നുമ്മകൾ കേരളത്തിലങ്ങോളമിങ്ങോളമുണ്ട്. ചികിത്സ, ഭാവി പ്രവചനം, കാര്യസാദ്ധ്യം മുതലായ പല പരിപാടികളുമായി ഈ ജിന്നുമ്മമാർ പല സ്ഥലങ്ങളിലും ജനക്കൂട്ടങ്ങളെ ആകർഷിക്കുന്നുണ്ട്. മുസ്‌ലിംകളുടെ ജിന്നുകൂടലിന്റെ ഹിന്ദു സ്റ്റൈലാണ് ഗന്ധർവ്വൻ കൂടൽ. ഏതായാലും ജിന്നു കൂടലിന്റെ സങ്കീർണ്ണമായ മാനസിക പ്രതിഭാസങ്ങളുടെ വിശകലനമല്ല ഈ ലേഖനം കൊണ്ടുള്ള ഉദ്ദേശം. ഗഹനവും തത്ത്വശാസ്ത്രനിർഭരവുമായ വിശുദ്ധ ഖുർആനിൽ 'ജിന്നി'നെപറ്റി ധാരാളം പ്രതിപാദനങ്ങളുണ്ട്. ഖുർആനിൽ പറഞ്ഞ ജിന്നിനെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്.

ജിന്നിനെപോലെ ഖുർആൻ പ്രതിപാദിക്കുന്ന മറ്റൊരു സൃഷ്ടിവിശേഷമാണ് മലക്കുകൾ. ജിന്നുകളും മലക്കുകളെ പോലെയുള്ള ഒരു അലൗകിക ജീവിയായിട്ടാണ് ഭൂരിപക്ഷ മുസ്‌ലികളും കരുതുന്നത്. വാസ്തവത്തിൽ മലക്കുകൾ എന്നത് മനുഷ്യന്റെ ആത്മീയ നേത്രങ്ങൾക്ക് ദർശനയോഗ്യമായ ഒരു സവിശേഷ സൃഷ്ടിയാണ്. ഈസാനബി (അ) മിനും അദ്ദേഹത്തിന്റെ മാതാവിനും റസൂൽ തിരുമേനി (സ.)ക്കും പല രൂപത്തിൽ അവർ പ്രത്യക്ഷപ്പെട്ടതായി കാണാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ജിന്നിന് ഇത്തരം ഒരു പ്രതിഭാസമുള്ളതായി എവിടെയും കാണാൻ സാധിച്ചിട്ടില്ല.

വിശുദ്ധ ഖുർആന്റെ വിധി വിലക്കുകളെല്ലാം തന്നെ ജിന്നുകൾക്കും മനുഷ്യരെപ്പോലെ തന്നെ ബാധകമാണെന്ന് മനസ്സിലാവുന്നു. അവരെ അല്ലാഹുവിന്റെ വഴിയിലേക്ക് ക്ഷണിക്കേണ്ടത് എങ്ങിനെയാണ്? എന്താണ് അവരുമായുള്ള വിനിമയ മാധ്യമം? അവർക്ക് ശരീഅത്ത് ബാധകമാണോ? അവർ എങ്ങനെയാണ് നമസ്കരിക്കുന്നത്. എങ്ങനെ സക്കാത്ത് കൊടുക്കുന്നു. എങ്ങനെ ഹജ്ജ് ചെയ്യുന്നു. എങ്ങനെ വിവാഹം ചെയ്യുന്നു. ഇതൊക്കെ ശരീഅത്തുമായി ബന്ധപ്പെട്ടതാണ്. ഈ ജിന്നുകൾ ഒരു പ്രത്യേക തരം സൃഷ്ടിയാണെങ്കിൽ അവർക്ക് മനുഷ്യപ്രവാചകനെ അനുസരിക്കേണ്ട ബാദ്ധ്യത ഇല്ല. ഈ തത്വത്തെ വിശുദ്ധ ഖുർആൻ പ്രഘോഷിക്കുന്നുണ്ട്. ഭൂമിയിൽ മലക്കുകളാണ് വിഹരിക്കുന്നതെങ്കിൽ അല്ലാഹു മലക്കുകളെ പ്രവാചകന്മാരാക്കുമായിരുന്നു. മനുഷ്യരായതുകൊണ്ടു മനുഷ്യരിൽ നിന്ന് തന്നെ അവൻ പ്രവാചകന്മാരെ തിരഞ്ഞെടുക്കുന്നു. 'ജിന്ന്' ഒരു പ്രത്യേക ജീവിയായിരുന്നെങ്കിൽ അവർക്കായി പ്രത്യേകം പ്രവാചകന്മാരെ അവരിൽ നിന്ന് തന്നെ അല്ലാഹു തിരഞ്ഞെടുക്കുമായിരുന്നു. അങ്ങിനെ ഒരു ജിന്നിൽ പെട്ട പ്രവാചകനെ വിശുദ്ധ ഖുർആൻ പ്രത്യേകമായി എടുത്തു പറയേണ്ടതില്ല. റസൂൽ തിരുമേനി (സ) ജിന്നിനും മനുഷ്യർക്കും പ്രവാചകനായി അവതരിച്ച ആളാണ്. എന്നാൽ തിരുമേനി കൊണ്ടുവന്ന ശരീഅത്തിൽ ജിന്നുകൾക്ക് ഒരു പ്രത്യേക ശരീഅത്ത് വിവരിച്ചതായി കാണുന്നില്ല. അതേപോലെ തിരുമേനി(സ)യുടെ ജീവിതം ഒരു തുറന്ന പുസ്തകമാണ്. അതിൽ എവിടെയും

ജിന്നുകൾക്കായി ഒരു തർബിയത്ത് ക്ലാസ്സ് എടുത്തതായോ പ്രത്യേക മായി ഉപദേശനിർദ്ദേശങ്ങൾ നൽകി യതായോ കാണാൻ സാധിക്കുന്നില്ല. അപ്പോൾ ഈ സംബോധന ചെയ്യപ്പെ ട്ട ജിന്നുകൾ എന്ന സൃഷ്ടി മനുഷ്യ രിൽ പെട്ട ഒരു വിഭാഗം തന്നെയാ ണെന്ന് മനസ്സിലാകുന്നു. ആരാധന, വിവാഹം, സ്വത്തവകാശം മുതലായ കാര്യങ്ങളിലെ ശരീഅത്ത് നിയമം ജിന്നുകൾക്കും മനുഷ്യരെപോലെ ബാധകവുമാണ്.

ജിന്ന് എന്ന പദത്തിന്റെ അറബി ഭാഷയിലെ ധാത്വാർത്ഥം എന്താണെ ന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. പല അർത്ഥങ്ങളിലും ജിന്ന് എന്ന പദം ഇസ്ലാമിക സാഹിത്യത്തിൽ ഉപ യോഗിച്ചിട്ടുണ്ട്. മറഞ്ഞുനിൽക്കു ന്നത്, അദൃശ്യമായത്, ഒറ്റപ്പെട്ടു നിൽ ക്കുന്നത്, വിദൂരത്തുള്ളത്, ഇരുട്ട് എന്നെല്ലാം അർത്ഥമുണ്ട്. നിഴൽ എന്ന അർത്ഥവും അതിനുണ്ട്. അതേ മൂലാർത്ഥത്തിലാണ് 'ജന്നത്ത്' അഥ വാ സ്വർഗ്ഗം എന്ന പദത്തിന്റെ അർ ത്ഥവും ലഭിക്കുന്നത്. കനത്ത വൃക്ഷ ഛായയിൽ നിലകൊള്ളുന്നതാണ് സ്വർഗ്ഗം അഥവാ ആരാമം. അതു കൊണ്ടാണ് സ്വർഗ്ഗത്തെ 'ജന്നത്ത്' എന്ന് വിളിക്കുന്നത്. പാമ്പിനും ജിന്ന് എന്ന് പറയാറുണ്ട്. കാരണം അത് മറ ഞ്ഞ് മാളത്തിൽ നിൽക്കുന്നതുകൊ ണ്ടാണ്. രോഗാണുക്കൾക്കും ജിന്ന് എന്ന് പറയും. റസൂൽ തിരുമേനി ആ അർത്ഥത്തിൽ 'എല്ലിൻ കഷ്ണങ്ങ ളിൽ ജിന്ന് ഉണ്ടാകു' മെന്ന് പറഞ്ഞി ട്ടുണ്ട്. ആർത്തവകാരികളായി അക ന്നുനിൽക്കുന്ന സ്ത്രീകളെ ജിന്ന്' എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. മലനിവാ സികളായ ഗിരിജനങ്ങളെയും ജനങ്ങ ളിൽ നിന്ന് അകന്ന് കഴിയുന്ന ഉന്ന തകുലജാതരേയും സമൂഹത്തിലെ മേലേക്കിടയിലുള്ള ആളുകളേയും ബുദ്ധിജീവികളേയും ധനികരേയും ജിന്ന് എന്ന് വിശേഷിപ്പിക്കാം. ഇങ്ങനെ പല അർത്ഥവൈവിധ്യ ങ്ങളും ജിന്ന് എന്ന പദത്തിനുണ്ട്.

അപ്പോൾ റസൂൽ തിരുമേനി (സ)യുടെ അടുത്ത് ഒരു കൂട്ടം ജിന്നു കൾ വന്നു ഇസ്ലാം മതം ആശ്ലേഷി ച്ചതായി ചരിത്രത്തിൽ കാണുന്നുണ്ട്. അവർ മലകളിൽ താമസിക്കുന്ന ഒരു ഒറ്റപ്പെട്ട മനുഷ്യസമൂഹമായിരുന്നു. അവർ ആളുകൾ കാണാതിരിക്കാൻ വേണ്ടി പകൽ സമയത്ത് തമ്പടിച്ചു അതിൽ താമസിക്കുകയും രാത്രിസമ യത്ത് ആരും കാണാതെ തിരുമേനി (സ)യുടെ അടുക്കൽ പോയി ഇസ് ലാം മതം സ്വീകരിച്ചതായും ചരിത്ര ത്തിൽ കാണുന്നു. ചുരുക്കത്തിൽ മനുഷ്യരിൽപെട്ട ഒരു വർഗ്ഗമാണ് ജി ന്ന്. സാമ്പത്തികശേഷിയുള്ള കുബേ രന്മാരെ നമുക്ക് ജിന്ന് വർഗ്ഗത്തിൽ പെടുത്താം. സാധാരണക്കാർ ഇൻസു മാണ്. അതേപോലെ അധികബുദ്ധി സാമർത്ഥ്യമുള്ളവർ, വലിയ പണ്ഡി തന്മാർ, ശാസ്ത്രജ്ഞന്മാർ ഇതൊ ക്കെ സാധാരണക്കാരുമായി അടുത്തു കഴിയുന്നവരല്ല. അവർ സാധാരണ ക്കാരിൽ നിന്ന് എന്നും അകന്നു നിൽക്കുന്നു. അങ്ങനെയുള്ളവരെ യാണ് ജിന്ന് എന്ന സംബോധന കൊണ്ടു വിശുദ്ധ ഖുർആൻ അർത്ഥ മാക്കുന്നത്.

ജിന്നിനേയും ഇൻസിനേയും അല്ലാഹു സൃഷ്ടിച്ചതിനെപറ്റി വിചി ന്തനം ചെയ്താൽ നമുക്കത് മനസ്സി ലാകും. തീ കൊണ്ടാണ് ജിന്നിനെ സൃഷ്ടിച്ചത്. "തീ അഹങ്കാരത്തേയും അഹംഭാവത്തേയും സ്വാത്മബോധ ത്തേയും സൂചിപ്പിക്കുന്നു. ഇൻസിനെ അഥവാ മനുഷ്യനെ സൃഷ്ടിച്ചത് കളി മണ്ണിൽ നിന്നും. അപ്പോൾ ജിന്ന് എന്ന പദം മനുഷ്യന്റെ തന്നെ ഗുണ പരമായ ഒരു വിശേഷണത്തെ ദ്യോ തിപ്പിക്കുന്നു. അതായത് അഹങ്കാരി യായതുകൊണ്ടാണ് ജിന്ന് തീയുടെ സ്വഭാവം കാണിക്കുന്നത്. കളിമണ്ണ് രൂപാന്തരത്തിന് വിധേയമാണ്. അതു കൊണ്ട് ഒരു മൺകുടം ഉണ്ടാക്കാം. അല്ലെങ്കിൽ മറ്റെന്തെങ്കിലും ഒരു രൂപം അതുകൊണ്ടുണ്ടാക്കാം. ചുരുക്ക ത്തിൽ നാം ഇച്ഛിക്കുന്നവിധം കളിമ ണ്ണിനെ രൂപപ്പെടുത്താം. അതേപോ ലെ ഒരു പ്രവാചകൻ അവതീർണ്ണനാ യാൽ അദ്ദേഹത്തിൽ വിശ്വസിക്കുന്ന വർ ഈ കളിമണ്ണിന്റെ സ്വഭാവമുള്ള വരാണ്. അവർ പ്രവാചകന്റെ ഇച്ഛക്ക നുസൃതമായ രൂപം കൈകൊള്ളാൻ വിധേയപ്പെട്ടുനിൽക്കുന്നു. പക്ഷെ തീ കൊണ്ടുള്ള സൃഷ്ടി ഇങ്ങനെ വഴ ങ്ങുന്നതോ വിധേയപ്പെടുന്നതോ അല്ല. കാരണം വന്ന പ്രവാചകനെ ക്കാൾ വലിയ ആളാണ് താനെന്ന് വിചാരിക്കും. ആദം നബിയെ അനു സരിക്കാതിരുന്ന ഇബ്‌ലീസ് ജിന്നിൽ പെട്ട മനുഷ്യനായിരുന്നു. അന്ന് ഇബ് ലീസ് അനുസരണക്കേടിന്റെ ഉൽഘാ ടനം നിർവ്വഹിച്ചു. ഇന്ന് നമ്മുടെ പണ്ഡിതന്മാർ അതു പിന്തുടരുന്ന തായി അനുഭവത്തിൽ നിന്ന് നമുക്ക് മനസ്സിലാകുന്നു.

റസൂൽ തിരുമേനി(സ)യുടെ അടുത്ത് രാത്രിയിൽ വന്ന് ബൈ യ്യത്ത് ചെയ്ത മലനിവാസികൾ പക ലിൽ താമസിച്ച സ്ഥലം സന്ദർശി ച്ചപ്പോൾ അവർ ഭക്ഷണം പാകം ചെയ്തതിന്റെ അവശിഷ്ടങ്ങളും മറ്റും സഹാബത്ത് കണ്ടിരുന്നതായി പ്രസ്തുത ചരിത്രത്തിൽ പറയുന്നു. അപ്പോൾ ഭക്ഷണമൊക്കെ കഴിക്കുന്ന മനുഷ്യരിൽപെട്ടവരായിരുന്നു അവർ. ജിന്ന് എന്നാൽ ജനങ്ങളിൽ വെച്ചു ഉയർന്ന മണ്ഡലങ്ങളിൽ വിഹരിക്കു ന്നവർ, അകന്നു കഴിയുന്നവർ ഒളിച്ചു കഴിയുന്നവർ, മലനിവാസികൾ, എന്തും ചെയ്യാൻ മടിക്കാത്തവർ ഇവ രൊക്കെ ഈ ഗണത്തിൽ പെടുന്നു. ചുരുക്കത്തിൽ മലക്കുകൾ, മനുഷ്യർ ഇവരല്ലാത്ത മറ്റൊരു പ്രത്യേകതരം ജീവികളാണ് ജിന്ന് എന്ന കാര്യം വിശുദ്ധ ഖുർആനിൽ നിന്നും മനസ്സി ലാകുന്നില്ല. ഉദാഹരണത്തിന് രണ്ടു ആയത്തുകൾ ഞാൻ താഴെ ചേർ ക്കാം.

***(1) ജിന്നിന്റെയും ഇൻസി ന്റെയും സമൂഹമേ! എന്റെ ദൃഷ്ടാന്ത ങ്ങൾ നിങ്ങൾക്ക് വിവരിച്ചു തരു കയും ഈ നാളിനെ കണ്ടുമുട്ടുന്നത് സംബന്ധിച്ചു നിങ്ങൾക്ക് മുന്നറി യിപ്പ് നൽകുകയും ചെയ്യുന്ന നിങ്ങ ളിൽ നിന്നുള്ള ദൂതന്മാർ നിങ്ങൾക്ക് വന്നിട്ടില്ലെ? എന്ന് പുനരുത്ഥാന നാളിൽ അല്ലാഹു ചോദിക്കും). അവർ പറയും ഞങ്ങൾക്ക് എതി***

***രായി ഞങ്ങൾ തന്നെ ഇതാ സാക്ഷ്യം വഹിക്കുന്നു. അപ്പോൾ ഐഹികജീവിതം അവരെ വഞ്ചിച്ചു എന്ന് അവർക്ക് ബോധ്യമാകും. തങ്ങൾ അവിശ്വാസികളായിരുന്നുവെന്ന് അവർക്ക് എതിരായി അവർ തന്നെ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നതാണ് (6:131).***

***ജിന്നിന്റെയും ഇൻസിന്റെയും സമൂഹമേ! ആകാശങ്ങളുടേയും ഭൂമിയുടേയും മേഖലകളെ അതിലംഘിച്ച് അപ്പുറം കടക്കാൻ നിങ്ങൾക്ക് കഴിയുമെങ്കിൽ നിങ്ങൾ കടന്നുപോയികൊള്ളുക. തെളിവോടുകൂടിയല്ലാതെ നിങ്ങൾ കടന്നുപോവുകയില്ല. അപ്പോൾ നിങ്ങൾ ഇരുകൂട്ടരുടെ നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത് (55:34,35).***

ആദ്യത്തെ ആയത്തിലും രണ്ടാമത്തെ ആയത്തിലും സംബോധകർ മനുഷ്യരിൽ പെട്ടവരാണെന്ന് നമുക്ക് മനസ്സിലാകുന്നു. മനുഷ്യരിൽപെട്ട രണ്ടു വിഭാഗങ്ങളാണ് അത്. വിശുദ്ധ ഖുർആനിൽ എവിടെയും ജിന്നുകൾക്ക് ഒരു പ്രത്യേക പ്രവാചകനെ അയച്ചതായി കാണുന്നില്ല. അതുകൊണ്ടുതന്നെ ഈ സംബോധിതരും ശരീഅത്ത് നിയമം പാലിക്കാൻ ബാദ്ധ്യസ്ഥരാണെന്ന് മനസ്സിലാകുന്നു. അതേപോലെ വിധിനാളിൽ ജിന്നുകളെ വേറെയും മനുഷ്യരെ വേറെയും വിചാരണ ചെയ്യുന്നതായി വിശുദ്ധ ഖുർആനിൽ പറയുന്നുമില്ല. രണ്ടുകൂട്ടരേയും ഒരുമിച്ചു തന്നെ വിചാരണ ചെയ്യുന്നു.

രണ്ടാമത്തെ ആയത്തിൽ അതായത് (55:34, 35) പ്രയുക്തമായിരിക്കുന്ന ജിന്നും ഇൻസും രണ്ടു പ്രത്യയശാസ്ത്രങ്ങളിൽ വിശ്വസിക്കുന്നവരെ സംബന്ധിച്ചാണ്. ഒന്നു കേപിറ്റലിസമാണ്. മറ്റേത് സോഷ്യലിസ്റ്റ് സമൂഹമാണ്. കേപിറ്റലിസ്റ്റു രാജ്യങ്ങളെ ജിന്നെന്നും സോഷ്യലിസ്റ്റു ജനകീയ രാജ്യങ്ങളെ ഇൻസെന്നും വിശേഷിപ്പിക്കാവുന്നതാണ്. ബഹിരാകാശത്തു ള്ള റോക്കറ്റ് വിക്ഷേപണത്തെ സംബന്ധിച്ചാണ് പ്രസ്തുത ആയത്തിൽ പരാമർശിച്ചത്. ആകാശാതിർത്തികൾ ലംഘിച്ചു പോകാൻ അവർക്ക് സാധിക്കുമെന്നാണ് പറയപ്പെട്ടത്. പരിധി മറികടന്നുപോയാൽ നാശം ഉണ്ടാ വുമെന്നും പറയപ്പെട്ടിരിക്കുന്നു. മേൽ ആയത്തിൽ വളരെ പ്രകടമായി മനസ്സിലാവുന്ന ഒരു പ്രവചനമുണ്ട്. ഭാവിയിൽ മനുഷ്യരിൽ നിന്ന് തന്നെ രണ്ടുവിഭാഗങ്ങളുണ്ടായിത്തീരുകയും അതായത് കേപിറ്റലിസ്റ്റ് അഥവാ മുതലാളിത്ത രാജ്യങ്ങളും സോഷ്യലിസ്റ്റ് രാജ്യങ്ങളും. ഇവർ തമ്മിലുള്ള ശക്തിപരീക്ഷണങ്ങൾ ആകാശത്ത് റോക്കറ്റ് വിക്ഷേപിച്ചുകൊണ്ടു നടത്തും. ഈ പ്രവചനം വളരെ പ്രത്യക്ഷമായി ഈ കാലഘട്ടത്തിൽ പൂർത്തിയാവുകയുണ്ടായി. സോവിയറ്റ് യൂണിയനിൽ കമ്മ്യൂണിസ്റ്റ് ഭരണം നിലനിന്ന കാലഘട്ടത്തിലാണ് അമേരിക്കയും റഷ്യയും തമ്മിൽ ബഹിരാകാശത്ത് ആധിപത്യം നേടാനുള്ള തീവ്രമായ മത്സരങ്ങളുണ്ടായത് എന്നത് ശ്രദ്ധേയമാണ്. ഈ രണ്ടു ഡിവിഷനിൽപെട്ടവരെയാണ് "യാമഅ്ശറൽ ജിന്നി വൽ ഇൻസ്" കൊണ്ടു വിവക്ഷിക്കപ്പെടുന്നത്. അല്ലാതെ ജിന്ന് ഒരു അഭൗമികജീവിയല്ല. ആൾക്കാരുടെ ദേഹത്ത് ബാധയായി ആവേശിക്കുന്ന ശക്തിയുമല്ല. വിശുദ്ധ ഖുർആന്റെയും റസൂൽ തിരുമേനി(സ)യുടേയും വലിയ ഒരു സത്യസാക്ഷ്യമാണ് ഈ വാക്യം. ആകാശ വാഹനങ്ങളെപറ്റി സ്വപ്നം കാണാൻ കൂടി കഴിയാത്ത കാലഘട്ടത്തിൽ ഭാവിയിൽ മനുഷ്യർ തന്നെ രണ്ടു ബ്ലോക്കുകളായി തിരിഞ്ഞു ആകാശാതിർത്തികളെ അതിലംഘിച്ചുകൊണ്ടുപോകാനുള്ള ഒരുക്കങ്ങൾ നടക്കുമെന്ന് 1400 കൊല്ലങ്ങൾക്ക് മുമ്പു പ്രവചിക്കുകയും ഇക്കാലത്ത് അത് പൂർത്തിയാവുകയും ചെയ്തിരിക്കുന്നു. അപ്പോൾ വിശുദ്ധ ഖുർആൻ വിഭാവനം ചെയ്യുന്ന ജിന്ന് ഒന്നുകൂടി നമുക്ക് വ്യക്തമാകുന്നു. ഈ പറഞ്ഞതിന്റെ കൂടെ വിശുദ്ധ ഖുർആനിലെ ഒരു വചനം കൂടി വായിച്ചാൽ ഈ അർത്ഥം നമുക്ക് പൂർണ്ണമായും ബോദ്ധ്യമാകും. 'എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും നാം സൃഷ്ടിച്ചിട്ടില്ല.'' (5:157) അപ്പോൾ രണ്ടു കൂട്ടരുടേയും സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം ഒന്ന് തന്നെ. രണ്ടും ഒരേ ഇനത്തിൽപെട്ടവർ തന്നെ. "പറയുക, ജിന്നുകളിൽ പെട്ട ഒരു സംഘം (ഖുർആൻ) ശ്രദ്ധിച്ചു കേട്ടെന്നും എന്നിട്ട് അവർ തിരിച്ചുപോയി തങ്ങളുടെ നാട്ടുകാരോട് അത്ഭുതകരമായ ഒരു ഖുർആൻ തങ്ങൾ കേട്ടതായി പറഞ്ഞെന്നും എനിക്ക് ദിവ്യസന്ദേശം നൽകപ്പെട്ടിരിക്കുന്നു. (72:2) ഇവരെ പറ്റി ചരിത്രത്തിലും ഹദീസുകളിലും കാണുന്നത് ഇവർ യഹൂദികളായിരുന്നുവെന്നാണ്. അപ്പോൾ മനുഷ്യവർഗ്ഗത്തിൽപ്പെട്ടവർ തന്നെയാണ് ജിന്ന്. സൂറ: ജിന്ന് പരിശോധിച്ചുനോക്കിയാൽ ഇതിലും കൂടുതൽ നമുക്ക് ഗ്രഹിക്കാൻ സാധിക്കും. ഇന്നു സമൂഹത്തിൽ വിഹരിക്കുന്ന ജിന്ന് ഉമ്മമാരും, മൊല്ലമാരും അവരുടെ സൂത്രപ്പണികളും ജനങ്ങൾ മനസ്സിലാക്കണം. അന്ധവിശ്വാസങ്ങളിൽ നിന്നും സമൂഹത്തെ രക്ഷിക്കുന്ന ബാദ്ധ്യത നമുക്കുണ്ട്. വിശ്വാസത്തിൽ ബലഹീനരായ ആളുകൾ ഇത്തരം ജിന്നുകളിലും, അന്ധവിശ്വാസങ്ങളിലും അകപ്പെടുന്നു. വാസ്തവത്തിൽ ജിന്ന് എന്നത് മനുഷ്യവർഗ്ഗത്തിൽപ്പെട്ട ചില സവിശേഷ സ്വഭാവങ്ങളുള്ള ഒരു വിഭാഗത്തെ സൂചിപ്പിക്കാൻ ഖുർആൻ ഉപയോഗിക്കുന്ന പദം ജനങ്ങൾ തെറ്റിദ്ധരിക്കുകയും പണ്ഡിതന്മാർ അവരെ തെറ്റിദ്ധരിപ്പിക്കാനും ശ്രമിക്കുന്നു. ●

## ദൈവത്തിന്റെ പെരുമാറ്റം

ഞാൻ എന്റെ ദാസനോട് പെരുമാറുന്നത് എന്നോട് അവന്റെ വിശ്വാസവും പ്രതീക്ഷയുമനുസരിച്ചാണ്. അതുകൊണ്ട് അവനെന്നെ പറ്റി അവനുദ്ദേശിച്ച വിധം പ്രതീക്ഷിച്ചുകൊള്ളട്ടെ.

*മുഹമ്മദ് നബി - (ബുഖാരി)*

ലേഖനം

# യേശു ദൈവത്തിനു സമനോ?

അൻവർ, പാലക്കാട്

**യേശു ദൈവത്തിന്റെ മഹാനായ ഒരു പ്രവാചകനാണ്, ദൈവമോ ദൈവ പുത്രനോ അല്ല. മനുഷ്യയുക്തിക്കും, നീതിബോധത്തിനും നിരക്കാത്ത ക്രൈസ്തവ സിദ്ധാന്തങ്ങൾ ലേഖകൻ തുറന്നു കാട്ടുന്നു.**

ലോകത്തവതീർണരായ മതപുരുഷന്മാരിൽ മുഹമ്മദ് നബി (സ) ഒഴികെ ബാക്കിയുള്ളവരെല്ലാം ദൈ വമോ ദൈവത്തിന്റെ ഗുണാംശങ്ങളുള്ള അവതാരങ്ങളോ ആണെന്നാണ് മതങ്ങൾ അവകാശപ്പെടുന്നത്.

അതിലൊരാളാണ് യേശു. അദ്ദേഹം ദൈവമാണെന്നാണ് ഭൂരിപക്ഷ ക്രിസ്ത്യാനികളുടെ വാദം. ലോകത്ത് കോടിക്കണക്കായ ക്രൈസ്തവർ തെറ്റിദ്ധാരണ വെച്ചു പുലർത്തുന്ന ഒരു ചരിത്രപുരുഷനാണ് യേശു. ഇദ്ദേഹത്തെക്കുറിച്ച് വ്യത്യസ്തമായ പല അഭിപ്രായങ്ങളുമാണ് ജനഹൃദയങ്ങളിൽ കുടികൊള്ളുന്നത്. യേശുവിന്റെ കുരിശുമരണ വിശ്വാസത്തിലൂടെ ഒരു മനുഷ്യന് പാപമുക്തി കൈവരുന്നു എന്ന് ഇവർ ഘോഷിക്കുന്നു. യഹൂദർ ഇദ്ദേഹത്തെ വ്യഭിചാരപുത്രനും കള്ളവാദിയുമായിട്ടാണ് കരുതുന്നത്. മറ്റു ചിലർ യേശു എന്നൊരാൾ ഉണ്ടായിട്ടില്ലെന്നും ആ വിശ്വാസം വെറും ഒരു 'മിത്ത്' ആണെന്നും പറയുന്നു. ഇവരുടെ അഭിപ്രായത്തിൽ യേശുവിനെ കുറിച്ച് പറയപ്പെടുന്ന കാര്യങ്ങൾ വെറും കെട്ടുകഥകളുടെ അടിസ്ഥാനത്തിൽ ഉടലെടുത്തതാണെന്നാണ്. പക്ഷേ, ഈ വീക്ഷണങ്ങൾക്കെല്ലാം വിരുദ്ധമായി മുസ്‌ലിംകൾ വിശ്വസിക്കുന്നത് ആത്മീയമായി അധഃപതിച്ച ഇസ്രായീൽ ഗോത്രത്തെ നേർമാർഗത്തിലാക്കാൻ ദൈവം നിയോഗിച്ച ഒരു പ്രവാചകനാണ് യേശു എന്നാണ്.

യേശു മനുഷ്യരൂപം പൂണ്ട ദൈവമാണെന്ന ക്രിസ്ത്യാനികളുടെ വിശ്വാസം ബുദ്ധിക്കും യുക്തിക്കും നിരക്കാത്തതും ന്യായരഹിതവുമാണ്. സർവ്വവ്യാപിയും സർവ്വശക്തനും സർവ്വസ്രഷ്ടാവുമായ ദൈവം കേവലം മനുഷ്യനായി ഭൂമിയിൽ കഷ്ടപ്പെട്ടു ജീവിച്ചു എന്നതിലെ യുക്തിരാഹിത്യം മനസ്സിലാക്കാൻ വലിയ തത്ത്വജ്ഞാനമൊന്നും ആവശ്യമില്ല. ആത്മീയമായ നിലയിൽ ഒരാൾ ഉന്നതി പ്രാപിക്കുന്നുവെങ്കിൽ അയാൾ അനുഗൃഹീതനായ ദാസനാവും. അല്ലാതെ അയാൾ സ്വയം തന്നെ ദൈവമാകില്ല. ഇത്തരത്തിലുള്ളവരെയാണ് ദൈവത്താൽ പ്രേഷണം ചെയ്യപ്പെട്ട മഹാത്മാക്കളെന്നു പറയുന്നത്. ദൈവം തന്റെ ഇഷ്ടാനിഷ്ടങ്ങൾ അവർക്കറിയിച്ചുകൊടുക്കുകയും അവർ അതിനനുസരിച്ച് പ്രവർത്തിക്കുകയും അവന്റെ പ്രേമത്തിന് പാത്രീഭൂതരാവുകയും ചെയ്യുന്നതിനാൽ അവർ ദൈവത്തിനെ മനസ്സിലാക്കാനുള്ള ഒരു ഉപാധി മാത്രമാകുന്നു. അതല്ലാതെ ദൈവം തന്നെ അവരാണെന്നോ അവർ മനുഷ്യരൂപത്തിലുള്ള ദൈവമാണെന്നോ കരുതാൻ ന്യായമില്ല. ദൈവമങ്ങനെ ആരിലും ഇറങ്ങി കുടികൊള്ളാറില്ല. അന്യൂനനായ അവൻ ന്യൂനമായ ഒരവസ്ഥ സ്വീകരിക്കുമെന്ന് പറഞ്ഞുകൂടാ. ധർമ്മം ഈ ഭൂവിൽ നില നാട്ടാൻ ആവിർഭവിച്ച മഹാത്മാക്കളെ ദൈവമായി കരുതിയാൽ അവരെല്ലാവരെയും അതുപോലെ കരുതേണ്ടി വരുകയും അപ്രകാരം ദൈവം ഒന്നിൽ കൂടുതൽ രൂപങ്ങളിൽ പ്രത്യക്ഷപ്പെട്ടതായി പറയേണ്ടിയും വരികയും ചെയ്യും.

എന്നാൽ യേശുവിന്റെ ചില വചനങ്ങളെ തെറ്റിദ്ധരിക്കുകയും ബൈബിളിലെ ചില ഉപമാകഥകൾ യാഥാർത്ഥ്യമെന്ന് കരുതുകയും ചെയ്തതിനാൽ ആ സത്യാത്മാവ് ദൈവം തന്നെ എന്ന തെറ്റിദ്ധാരണ ഉണ്ടായിതീർന്നു.

യേശുവിനെപ്പറ്റി അദ്ദേഹം മനുഷ്യരൂപത്തിൽ വന്ന ദൈവമെന്ന് വിശ്വസിക്കുന്ന പോലെ അബദ്ധമാണ് അങ്ങനെയൊരാൾ ഉണ്ടായിട്ടേയില്ല എന്നു കരുതുന്നതും. കോടിക്കണക്കിനാളുകൾ നൂറ്റാണ്ടുകളായി വിശ്വസിക്കുന്ന ഒരാളെ ജീവിച്ചിരുന്നിട്ടേയില്ലെന്ന് പറയുന്നത് ന്യായരഹിതമാണ്. കാരണം അത് ചരിത്രത്തെത്തന്നെ നിരാകരിക്കുന്നതിന് തുല്യമാണ്. അതിരുകവിഞ്ഞ ബഹുമാനാദരവിനാലും കാലപ്പഴക്കം കൊണ്ടും ചരിത്രത്തെ കുറിച്ചുള്ള വ്യത്യസ്ത വ്യാഖ്യാനത്തിലെ കെട്ടുകഥകൾക്ക് പ്രാധാന്യം കൊടുത്തതിലൂടെയും ഒരാ

ളെക്കുറിച്ചുള്ള വിശ്വാസ സങ്കൽപങ്ങൾക്ക് വലിയ വ്യത്യാസം സംഭവിക്കാം. എന്നാലതുകൊണ്ട് അയാൾ ഒരു സാങ്കൽപിക സൃഷ്ടിയാണെന്ന കരുതാവുന്നതല്ല. അദ്ദേഹം ദൈവം നിയോഗിച്ച ഒരാളായിരുന്നില്ലെങ്കിൽ ഇത്രയും ആളുകളുടെ വിശ്വാസത്തിന് പാത്രമാകാൻ കഴിയുമായിരുന്നില്ല.

ക്രിസ്ത്യാനികളുടെ വാദം പോലെ അദ്ദേഹം ദൈവമായിരുന്നെങ്കിൽ മനുഷ്യകുലത്തിന് മാതൃകയാവാൻ കഴിയുന്നതെങ്ങനെ? മനുഷ്യന്റെ എല്ലാ ഗുണഗണങ്ങളും ശരീരഘടനയും പൂർണമായും ഉൾക്കൊള്ളണം. അല്ലാതെ അമാനുഷനായ വ്യക്തിയെ മനുഷ്യനായ ഒരാൾക്ക് അനുകരിക്കാൻ സാധ്യമല്ല. ഇനി അഥവാ അനുകരിച്ചാൽ തന്നെ അതിന്റെ പൂർണമായ ഫലം മനുഷ്യനിലുണ്ടാവുകയുമില്ല.

പക്ഷേ, മുഹമ്മദ് നബി(സ) പറഞ്ഞത് നോക്കൂക. ‘ നിങ്ങളെപ്പോലെ ഒരു മനുഷ്യനായ എന്നെ പിൻപറ്റുവിൻ’ സൃഷ്ടിപ്പിൽ നമ്മെപ്പോലെ ഏറ്റക്കുറച്ചിൽ ഉള്ള ഒരു മനുഷ്യനെയല്ലേ നാം മാതൃകയാക്കേണ്ടത്?

മറ്റു മതങ്ങളിലെ മതപുരുഷന്മാർ ചരിത്രാതീതരാണ്. ചരിത്രപരമായ സന്നിഗ്ധതകളും അവ്യക്തതയും നിറഞ്ഞതാണ് അവരുടെ വ്യക്തിത്വം തന്നെ. ശാസ്ത്രീയമായ ഒരു സമീപനത്തിലൂടെ അവരുടെ ചരിത്രം പഠിക്കാൻ സാദ്ധ്യമല്ല. ഇതിഹാസങ്ങളുടെയും പുരാണങ്ങളുടെയും കഥകളിലൂടെയാണ് അവരെ നാം അറിയുന്നത്. അതിനാൽ അവയിൽ പലതും യുക്തിക്കോ, പ്രകൃതിനിയമങ്ങൾക്കോ യോജിക്കാത്ത കെട്ടുകഥകളാണ്. അവ വിവരിക്കുന്ന ചരിത്രസംഭവങ്ങൾ വൈരുദ്ധ്യത്താലും അവ്യക്തതയായാലും അപൂർണങ്ങളാണ്. പക്ഷേ, ആർക്കും ഒരു തുറന്ന പുസ്തകം പോലെ വ്യക്തമാക്കിക്കൊടുക്കാവുന്നതാണ് മുഹമ്മദ് നബിയുടെ ചരിത്രം.

ക്രിസ്തീയ മിഷണറിമാർ കാടും മേടും കയറി യേശുവിന്റെ പാപപരിഹാരത്തിനായുള്ള കുരിശ് മരണവും അതിലൂടെ അദ്ദേഹം ദൈവപുത്രനാണെന്ന് സുവിശേഷമറിയിക്കുമ്പോൾ പാശ്ചാത്യരാജ്യങ്ങളിലുൾപ്പെടെയുള്ള ചിന്തകരും ധിഷണാശാലികളും ഈ വിശ്വാസം കൈവെടിയാൻ നിർബന്ധിതരായിത്തീരുന്നു.

യേശു തന്റെ ദൗത്യകാലത്ത് പ്രബോധനം ചെയ്ത സിദ്ധാന്തങ്ങളാണ് ഇവയെന്ന് യേശുവിന്റെ പേരിൽ പറഞ്ഞു നടക്കുന്ന ക്രൈസ്തവ പ്രചാരകരെക്കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നത് നോക്കുക.

*“അല്ലാഹു തനിക്കായി ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്ന് പറയുന്നവർക്ക് മുന്നറിയിപ്പ് നൽകുന്നതിനുവേണ്ടിയുമാണ് ഈ ഗ്രന്ഥം (ഖുർആൻ) ഇറക്കിയിട്ടുള്ളത്. അവർക്കോ അവരുടെ പിതാക്കൾക്കോ അതു സംബന്ധിച്ച് ഒരു അറിവുമില്ല. അവരുടെ വായകളിൽ നിന്ന് പുറപ്പെടുന്ന വാക്ക് ഗുരുതരമായതാണ്. കള്ളമല്ലാതെ അവർ പറയുന്നില്ല.” (18:5, 6)*

## ക്രിസ്തീയ വിശ്വാസത്തിലെ ചില വൈരുദ്ധ്യങ്ങൾ

ഒന്നാമതായി ക്രൈസ്തവ സഹോദരരുടെ വിശ്വാസപ്രകാരം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിയേകത്വ സിദ്ധാന്തം പറയുന്നതുപോലെ ഇവർ മൂവരും ചേർന്നതാണോ സർവ്വശക്തനായ ദൈവം? അതല്ല ഓരോരുത്തരും തന്നെ തുല്യശക്തികളായ ദൈവങ്ങളാണോ? ഓരോരുത്തരും തുല്യശക്തികളാണെങ്കിൽ മൂന്ന് ദൈവങ്ങളുടെ ആവശ്യമെന്ത്? അപ്പോൾ ഇവർ ശക്തിയിൽ തുല്യരാണെന്ന് പറയുന്നുവെങ്കിലും ഓരോരുത്തരും അപൂർണരാണെന്നല്ലേ ഇതിൽ നിന്ന് മനസ്സിലാകുന്നത്? ഇങ്ങനെ ദൈവത്തിന്റെ ഏകസത്തയെത്തന്നെ ചോദ്യം ചെയ്യുന്ന ഈ വിശ്വാസം മൂഢമല്ലേ?

ഇവർ പ്രഘോഷിക്കുന്നതുപോലെ യേശു ദൈവമാണെന്നതിലേക്കുള്ള തെളിവെന്താണ്? ആ മഹാത്മാവ് മറ്റ് മനുഷ്യരെപ്പോലെ തിന്നുകയും കുടിക്കുകയും നിദ്ര കൊള്ളുകയും മറ്റ് മനുഷ്യസഹജമായ നിയമങ്ങൾക്ക് വിധേയനായി ജീവിക്കുകയും ചെയ്തു. മാത്രമല്ല, അദ്ദേഹം മറ്റു പുണ്യാത്മാക്കളെപോലെ സർവ്വശക്തനായ ഏകദൈവത്തോട് പ്രാർത്ഥിച്ച് കൊണ്ടിരിക്കുകയും താൻ സർവ്വശക്തനും സർവ്വജ്ഞനുമല്ലെന്നു ഏറ്റുപറയുകയും ചെയ്തു. ഒടുവിൽ ക്രിസ്തീയ വിശ്വാസപ്രകാരം നിഷ്ഠൂരരായ യഹൂദികളുടെ കയ്യാൽ കൊല്ലപ്പെടുകയും ചെയ്തു. ആ സ്ഥിതിക്ക് അദ്ദേഹം ദൈവമാണെന്ന വിശ്വാസം യോജിക്കുന്നതെങ്ങനെ?

യേശു പല അദ്ഭുതങ്ങളും കാണിച്ചുവെന്ന് സുവിശേഷങ്ങൾ പ്രസ്താവിക്കുന്നത് കൊണ്ട് അദ്ദേഹം ദൈവമാണെന്ന് വരുമോ? വരുമെങ്കിൽ ഇസ്രായീല്യരിൽ മുമ്പ് കഴിഞ്ഞുപോയ പല പ്രവാചകന്മാരും യേശു കാണിച്ചതിനേക്കാൾ കൂടുതൽ അത്ഭുതപ്രവർത്തനങ്ങൾ കാണിച്ചതായി ബൈബിൾ പ്രസ്താവിച്ചിരിക്കുന്നതിനാൽ അവരും ദൈവങ്ങളാണെന്ന് വിശ്വസിക്കേണ്ടി വരില്ലേ?

കല്ലറയിൽ നിന്നും പുറത്തു വന്ന യേശു ജൂതഭടന്മാർ തിരിച്ചറിയാതിരിക്കാൻ വേഷപ്രച്ഛന്നനായി തന്റെ ശിഷ്യന്മാരോടൊന്നിച്ച് ഭക്ഷണം കഴിക്കുകയും അവർ ഇതൊരു പ്രേതമാണെന്ന് അത്ഭുതപ്പെട്ടപ്പോൾ കുരിശ് സംഭവത്തിലുണ്ടായ മുറിവുകൾ അവർക്ക് കാണിച്ചുകൊടുക്കുകയും ചെയ്തു. ഇതിൽ നിന്നും അദ്ദേഹം ശാരീരികമായി സുഖം പ്രാപിച്ചതല്ലാതെ സ്ഥൂലദേഹത്തോടെ ആകാശത്തേക്ക് കരേറിപ്പോയിട്ടില്ലെന്ന് മനസ്സിലാവുന്നു.

യേശു മാതാവിന്റെ ഗർഭത്തിൽ പത്തുമാസം കിടന്നതിന് ശേഷമാണല്ലോ ഭൂജാതനായത്. ആ സ്ഥിതിക്ക് അദ്ദേഹം ദൈവമാകുന്നതെങ്ങനെ? അമ്മയാരാണെന്നും കുട്ടിയുടെ രൂപമെന്താണെന്നും മനസ്സിലാക്കിയാണല്ലോ ജീവികളെ നാം തിരിച്ചറിയുന്നത്. ആട് പ്രസവിച്ചതും ആടിന്റെ രൂപത്തിൽ കാണപ്പെടുന്ന

തുമായ മൃഗം ആടാണ്. അതുതന്നെയാണ് മറ്റു ജീവികളുടെയും നില. ആ സ്ഥിതിക്ക് വന്ദ്യയായ മറിയമിന്റെ വയറ്റിൽ പിറക്കുകയും മനുഷ്യരൂപത്തിൽ വളർന്ന് മനുഷ്യനായി ജീവിച്ച് ഒടുവിൽ മരിക്കുകയും ചെയ്ത യേശു ദൈവമാണെന്ന് കരുതുന്നത് യുക്തിയും നീതിയുമാകുന്നതെങ്ങനെ?

കടുകളവ് വിശ്വാസമുള്ള ക്രിസ്ത്യാനികൾക്ക് താൻ കാണിച്ചതുപോലുള്ള അത്ഭുതങ്ങൾ കാണിക്കാൻ സാധിക്കുമെന്ന് യേശു പറഞ്ഞതായി സുവിശേഷം ഘോഷിക്കുന്നു. അപ്പോൾ കടുകളവ് വിശ്വാസമുള്ള ഏതൊരു ക്രിസ്ത്യാനിക്കും അദ്ദേഹത്തെപ്പോലെ അത്ഭുതകൃത്യങ്ങൾ ചെയ്യാമെന്നും അങ്ങനെ ചെയ്തുകാണിക്കുന്നവരെല്ലാം ദൈവങ്ങളായിത്തീരുമെന്നല്ലേ സിദ്ധിക്കുന്നത്?

കള്ള പ്രവാചകന്മാരും കള്ള ക്രിസ്തുമാരും പ്രത്യക്ഷപ്പെട്ട് ആദ്യ വിശ്വാസികളെ വഴിപിഴപ്പിക്കുമാറുള്ള അത്ഭുങ്ങൾ കാണിക്കുമെന്ന് ക്രിസ്തു പറഞ്ഞതായി സുവിശേഷം പ്രസ്താവിക്കുന്നു. യേശു അത്ഭുതം കാണിച്ചത്കൊണ്ട് അദ്ദേഹം ദൈവമാണെന്ന് വരുമെങ്കിൽ അദ്ദേഹം പറഞ്ഞതുപോലുള്ള അത്ഭുതം കാണിക്കുന്ന കള്ള പ്രവാചകന്മാരും കള്ള ക്രിസ്തുമാരും അദ്ദേഹത്തെപ്പോലെ ദൈവങ്ങളാണെന്ന് വിശ്വസിക്കുന്നത് എന്തുകൊണ്ട് ന്യായമാവുകയില്ല? മാത്രമല്ല, അത്ഭുതം കാണിച്ചത് കള്ള ക്രിസ്തുവാണെന്ന് ആരെങ്കിലും കരുതുകയാണെങ്കിൽ അത് തെറ്റാണെന്ന് പറയാവുന്നതെങ്ങനെ?

ഇന്ന് ക്രിസ്തീയ ലോകത്തിൽ കടുകളവ് വിശ്വാസമുള്ള ഒരു ക്രിസ്ത്യാനിയുമില്ലേ? ഉണ്ടെങ്കിൽ ക്രിസ്തു കാണിച്ച അത്ഭുതങ്ങൾ അയാൾ കാണിക്കുമോ? അയാൾക്ക് ഇപ്രകാരം അത്ഭുതം കാണിക്കാൻ കഴിഞ്ഞാൽ ദൈവമാകുകയില്ലേ?

യേശു 3 ദിവസം കല്ലറയിൽ കിടന്നതെന്തിനാണ്? അദ്ദേഹം മനുഷ്യരുടെ പാപം ചുമന്നത് കൊണ്ട് പാപി ആയതിനുള്ള ശിക്ഷയായിട്ടാണെങ്കിൽ ദൈവം ശിക്ഷിക്കപ്പെട്ടു എന്നു വരില്ലേ? അങ്ങനെ 3 ദിവസം കിടന്നത് പാപത്തിന്റെ ശിക്ഷയായിട്ടല്ലെങ്കിൽ അത് വെറുമൊരു പാഴ്‌വേലയല്ലേ? ദൈവം പാഴ്‌വേല ചെയ്യുന്നവനാണോ?

കുരിശിൽ തറക്കപ്പെട്ടവൻ ശപിക്കപ്പെട്ടവനാണെന്നും ബൈബിൾ പഠിപ്പിക്കുന്നു. അങ്ങനെ ക്രിസ്തു ശപ്തനാണെന്ന് വരുത്തുവാനാണല്ലോ യഹൂദർ അദ്ദേഹത്തെ ക്രൂശിച്ചത്. അദ്ദേഹം കുരിശിൽ മരിച്ചു എന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നുണ്ടെങ്കിൽ അദ്ദേഹം ശപ്തനായിത്തീർന്നു എന്ന് സമ്മതിക്കുകയല്ലേ അവർ ചെയ്യുന്നത്? ശാപത്തിനിരയായ ഒരാൾ ദൈവമാകുന്നതെങ്ങനെ?

ഒരു വ്യക്തി മനഃപൂർവം ഒരു കുറ്റം ചെയ്യുന്നതിനെയല്ലേ പാപം എന്നു പറയുന്നത്? അപ്പോൾ പണ്ട് എപ്പോഴോ ആദം പാപം ചെയ്തുവെന്നും അങ്ങനെ മനുഷ്യരാകമാനം പാപികളായിത്തീർന്നെന്നു പറയുന്നതിൽ എന്ത് ന്യായമാണുള്ളത്?

പാപം ചെയ്ത മനുഷ്യൻ സത്യ ഹൃദയത്തോടെ മാനസാന്തരപ്പെട്ട് ദൈവത്തോട് ക്ഷമായാചനം ചെയ്താൽ പാപപരിഹാരമാർഗം കൈവരുമെന്ന് സമ്മതിക്കാൻ ഓരോരുത്തന്റെ നീതിയും ബുദ്ധിയും നിർബന്ധിക്കുന്നു. ആയിരിക്കെ പാപരഹിതനായ യേശു ബലിയായതുകൊണ്ട് പാപികളായ മനുഷ്യരുടെ പാപങ്ങൾക്ക് പരിഹാരമാകുന്നതെങ്ങനെ? രോഗമുള്ളവൻ മരുന്ന് കഴിക്കണം. വിശക്കുമ്പോൾ ആഹരിക്കണം. പകരം മറ്റൊരാൾ മരുന്ന് കഴിക്കുകയോ ഭക്ഷിക്കുകയോ ചെ യ്താൽ രോഗിയുടെ രോഗവും വിശക്കുന്നവന്റെ വിശപ്പും മാറുമോ? അപ്പോൾ യേശു മരിച്ചത് കൊണ്ട് മറ്റുള്ളവരുടെ പാപത്തിന് പരിഹാരമാകുന്നതെങ്ങനെ? ഒരാളുടെ കടം മറ്റൊരാൾ വീട്ടിയാൽ കടം കൊടുത്തയാൾക്ക് കാശ് കിട്ടും എന്ന ഉദാഹരണം പാപത്തെ സംബന്ധിച്ച് അസ്ഥാനത്താണ്. പണമെന്നത് കൊടുക്കാനും വാങ്ങാനുമുള്ളതാണ്. പാപം ആ വിധത്തിലുള്ളതല്ല. ഏതൊരാൾക്കും ഗ്രഹിക്കാവുന്ന കാര്യമാണ്. പാപവും അതിനുള്ള ശിക്ഷയും ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് സംക്രമിക്കുകയില്ല. ആ സ്ഥിതിക്ക്, ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറയായ പാപപരിഹാര സിദ്ധാന്തം ന്യാ യമാകുന്നതെങ്ങനെ?

ആദം പാപം ചെയ്തതിനാൽ മനുഷ്യരാകമാനം പാപികളായിത്തീർന്നെങ്കിൽ യേശുവിന്റെ വന്ദ്യമാതാവ് ആദത്തിന്റെ സന്തതിയായതുകൊണ്ട് പാപിയാകില്ലേ? അങ്ങനെയെങ്കിൽ ആ മാതാവ് വഴി പുത്രനായ യേശുവിലും ആ പാപം സംക്രമിക്കേണ്ടതല്ലേ? കാരണം ആദം ചെയ്ത പാപം ആയിരക്കണക്കിന് വർഷങ്ങൾക്ക് ശേഷവും മനുഷ്യരിലേക്ക് സംക്രമിക്കുമെങ്കിൽ മറിയമിന്റെ പാപം അവരുട സന്താനമായ യേശുവിലും സംക്രമിച്ചിരിക്കേണ്ടതാണ്. ആദമിനെ പാപത്തിന് പ്രേരിപ്പിച്ച ഹവ്വ കൂടുതൽ പാപിയായ സ്ഥിതിക്ക് സ്ത്രീ ആയ മറിയം കൂടുതൽ പാപത്തിനർഹയാണെന്ന് ക്രിസ്തീയവിശ്വാസ പ്രകാരം പറയേണ്ടി വരും. അങ്ങനെ മറിയമിന് ജനിച്ച യേശു പാപത്തിന് അവകാശിയായിത്തീർന്ന സ്ഥിതിക്ക് ആ യേശു പാപികളായ മനുഷ്യരുടെ പാപം ചുമന്നുവെന്ന് പറയുന്നത് ന്യായമാകുന്നതെങ്ങനെ?

യേശുവിന്റെ കുരിശ് ബലിയിൽ വിശ്വസിച്ചതിനാൽ പാപമുക്തരായിത്തീർന്നെന്ന് പറയുന്ന ക്രിസ്ത്യാനികൾ കൊല, വ്യഭിചാരം, മോഷണം, അന്യരെ ദ്രോഹിക്കൽ മുതലായ പാപങ്ങൾ ചെയ്യുമ്പോൾ അത് ശിക്ഷാർഹമായ കുറ്റമാകുമോ? ആകുമെങ്കിൽ യേശു ക്രിസ്ത്യാനികളുടെ എല്ലാ പാപങ്ങളും ചുമന്നിട്ടില്ലെന്നല്ലേ വരുക? ക്രിസതീയ ഭരണകൂടങ്ങൾ തന്നെ ക്രിസ്ത്യാനികളുടെ ഇത്തരം ദുഷ്പ്രവർത്തനങ്ങളെ കുറ്റമായി പരിഗണിക്കുന്നതെന്തുകൊണ്ട്? അങ്ങനെയല്ല യേശുവിന്റെ ബലിയിലൂടെ മനുഷ്യർ അറിയാത്തതും ചെയ്യാത്ത

തുമായ ആദ്യപാപം അഥവാ ആദം ചെയ്തതായി പറയുന്ന സങ്കൽപ പാപം മാത്രമെ പരിഹരിക്കപ്പെടുക്കയു ള്ളെന്നാണോ? ഓരോ ആളും സ്വന്ത മായി ചെയ്യുന്ന പാപം പരിഹരിക്കപ്പെ ടില്ലേ? പരിഹരിക്കപ്പെടില്ലെങ്കിൽ യേശുവിന്റ ബലി മനുഷ്യർ ചെയ്യുന്ന പാപത്തിന് പരിഹാരമായില്ലെന്ന് പറ യേണ്ടി വരില്ലേ? മനുഷ്യർ ചെയ്യുന്ന അത്തരം പാപങ്ങൾക്കുള്ള പരിഹാ രമാർഗ്ഗം ഇവരുടെ ഭാഷയിലെന്താണ്?

യേശു കുരിശുമരണം വരിച്ചത് മനുഷ്യരുടെ പാപ പരിഹാരാർത്ഥമാ ണെങ്കിൽ ക്രിസ്തീയ ലോകം യഹൂ ദരോടം യൂദാസിനോടും നന്ദിയുള്ള വരാകേണ്ടതല്ലേ? എന്തുകൊണ്ടെ ന്നാൽ ഇവരുടെ പരിശ്രമമില്ലായിരു ന്നെങ്കിൽ (യൂദാസ് ഒറ്റ് കൊടുക്കു കയും ജൂതന്മാർ കുരിശിലേറ്റുകയും ചെയ്തില്ലെങ്കിൽ) യേശു കുരിശിക്ക പ്പെടുകയോ ക്രിസ്ത്യാനികളുടെ പാപം പരിഹരിക്കപ്പെടുകയോ ചെയ്യു മായിരുന്നുവോ?

പക്ഷേ വളരെ വിചിത്രമെന്നു പറയട്ടെ, ഇന്നുവരെ അവരോധിത നായ ഒരു പോപ്പും യൂദാസിനെ വാഴ്ത്തപ്പെട്ടവനായി അംഗീകരിച്ചിട്ടി ല്ലെന്നു മാത്രമല്ല ഇപ്പോഴും യൂദാ സിനെ ഒറ്റുകൊടുത്ത വഞ്ചകനാ യാണ് ക്രിസ്ത്യാനികൾ കരുതിപ്പോ രുന്നത്. ഇപ്പോഴും വഞ്ചനയുടെ പ്ര തീകം യൂദാസ് തന്നെയായി തുടരു കയാണ്.

ഇങ്ങനെ അനേകം അബദ്ധങ്ങ ളാലും വൈരുദ്ധ്യങ്ങളാലും കെട്ടിപ്പ ടുത്ത ആധുനിക ക്രിസ്തുമതം ഒരു പ്രതിസന്ധിയുടെ വക്കിലാണ്.

ഇത്രയെല്ലാം കെട്ടുകഥകൾ വെ ച്ചുപുലർത്തുന്ന ക്രൈസ്തവരുടെ പോപ്പ് ഈയടുത്ത കാലത്ത് ഇസ് ലാമിനെതിരെ തിരിയുകയും സംവാ ദത്തിന് ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്യുന്നു. ക്രിസ്തുമതത്തിന്റെ ആശ യപ്പാപ്പരത്തത്താൽ വിജയം ഇസ് ലാമിനായിരിക്കും. തീർച്ച.

ഇസ്‌ലാം മനുഷ്യന് ഒരു വിശ്വാ സമതം മാത്രമല്ല, മറിച്ച് അതൊരു കർമപദ്ധതിയാണ്; യേശുവിനെ സത്യപ്പെടുത്തിക്കൊണ്ട് സർവ്വജാതി മനുഷ്യർക്കുമായി വന്ന അതിന്റെ പ്രവാചകൻ മുഹമ്മദ് നബി (സ)യെ യും ഇസ്‌ലാമിനെയും കുറിച്ച് മനസ്സി ലാക്കാൻ ദൈവം എല്ലാവർക്കും ബുദ്ധി നൽകുമാറാകട്ടെ. ആമീൻ

ഖുർആനിലെ ഈ വചനം പ്ര ത്യേകം ശ്രദ്ധേയമാണ്.

***"അതുകൊണ്ട് ആർക്കും തടു ക്കാൻ കഴിയാത്ത ഒരു നാൾ അല്ലാ ഹുവിൽ നിന്ന് വരുന്നതിന് മുമ്പ് നിന്റെ ശ്രദ്ധയെ എന്നും നിലനിൽ ക്കുന്ന മതത്തിന്റെ ഭാഗത്തേക്ക് തിരിച്ചു നിർത്തുക. അന്നാളിൽ വിശ്വാസികളും അവിശ്വാസികളും പരസ്പരം വേർപ്പെട്ടുപോകും. വി ശ്വാസികൾ വിജയിക്കും അവിശ്വാ സികൾ പരാജയപ്പെടും" (30:44)***

●

Churidar, Maxies & all Dress materials

She

COLLECTIONS

Taliparamba

Opp. Bus Stand,
Ph : 0460 2207652

Kannur

Fort Road,
Ph: 0497 2707546

South Bazar
Ph : 0497 2768216

ലേഖനം

### മൗലവി ഗ്രൂപ്പ് മുജാഹിദിന്റെ 'വിചിന്തന'ത്തിന് മറുപടി:

# മൗലാനാ സനാഉല്ലാ അമൃത്സരിയുടെ ദാരുണമായ അന്ത്യം


**മുഹമ്മദ് ഉമർ എച്ച്.എ. കോഴിക്കോട്**


**ഹദ്റത്ത് അഹ്മദി(അ)ന്റെ സമകാലികനായ ഇന്ത്യയിലെ ഏറ്റവും വലിയ ഹദീസ് പണ്ഡിതൻ സനാഉല്ലാ സാഹിബ് അമൃത്സരി അഹ്മദിയ്യത്തിനെ പരാജയപ്പെടുത്തി എന്നാണ് വിചിന്തനം പറയുന്നത്. സനാഉല്ലാ ഇപ്പോൾ ലോകത്ത് അനുസ്മരിക്കപ്പെടുന്നുവെങ്കിൽ അത് വി ശ്വവ്യാപകമായി വളർന്നു പന്തലിച്ച അഹ്മദിയ്യത്തിനോട് പരാജയപ്പെട്ട ഒരു പ്രവാചക ശത്രു എന്ന നിലക്കാണ്. അല്ലാഹു നട്ടുവളർത്തിയ അഹ്മദിയ്യത്തിനെ സനാഉല്ലാക്ക് നശിപ്പിക്കാൻ കഴിയുന്നതെങ്ങനെ?**

ഹദ്റത്ത് അഹ്മദി(അ)ന്റെ സമകാലികനായ ഇന്ത്യയിലെ ഏറ്റവും വലിയ ഹദീസ് പണ്ഡിതൻ സനാഉല്ലാ സാഹിബ് അമൃത്സരി അഹ്മദിയ്യത്തിനെ പരാജയപ്പെടുത്തി എന്നാണ് വിചിന്തനം പറയുന്നത്. സനാഉല്ലാ ഇപ്പോൾ ലോകത്ത് അനുസ്മരിക്കപ്പെടുന്നുവെങ്കിൽ അത് വിശ്വവ്യാപകമായി വളർന്നു പന്തലിച്ച അഹ്മദിയ്യത്തിനോട് പരാജയപ്പെട്ട ഒരു പ്രവാചക ശത്രു എന്ന നിലക്കാണ്. അല്ലാഹു നട്ടുവളർത്തിയ അഹ്മദിയ്യത്തിനെ സനാഉല്ലാക്ക് നശിപ്പിക്കാൻ കഴിയുന്നതെങ്ങനെ?

സനാതനകാലം തൊട്ടുതന്നെ ദൈവനിയുക്തരായ സത്യാത്മാക്കളെ സത്യനിഷേധികൾ വിശ്വാസവഞ്ചന, ചതി, വ്യാജാരോപണം, കളവ് എന്നീ പൈശാചികായുധങ്ങളാൽ എതിർക്കുകയും അവസാനം പരിതാപകരമാംവിധം തോൽവിയടയുകയും ദൈവദൂതന്മാരായ പ്രവാചകന്മാർ വിജയം പ്രാപിക്കുകയും ചെയ്ത ചരിത്ര യാഥാർത്ഥ്യത്തെ വിശുദ്ധ ഖുർആൻ ഇപ്രകാരം വിളിച്ചോതുന്നു.

"നിങ്ങൾ ലോകം ചുറ്റിനോക്കുക (അതായത് ലോകചരിത്രം പാരായണം ചെയ്തു നോക്കുക). എന്നിട്ടു നബിമാരെ വ്യാജപ്പെടുത്തി അവരെ നിഷേധിച്ചുകൊണ്ടിരുന്നവരുടെ പര്യവസാനം എന്തായിത്തീർന്നു എന്ന് നിങ്ങൾ നോക്കിക്കാണുക (3:136).

ഈ ദൈവിക നിയതിക്കനുസൃതമായി ഈ കാലത്ത് ദൈവനിയുക്തനായവതരിച്ച വാഗ്ദത്ത മഹ്ദീ മസീഹി(അ)നെയും അദ്ദേഹത്താൽ സ്ഥാപിതമായ അഹ്മദിയ്യാ ജമാഅത്തിനെയും നശിപ്പിക്കുവാൻ ശ്രമിച്ചവരൊക്കെ നാശമടഞ്ഞ ചരിത്രസത്യമാണ് നമ്മുടെ മുമ്പാകെയുള്ളത്. അഹ്മദിയ്യാ ജമാഅത്തിന്റെ നൂറ്റിപ്പതിനേഴു വർഷക്കാല ത്തെ സുദീർഘ ചരിത്രം ഈ യാഥാർത്ഥ്യത്തിലേക്ക് വെളിച്ചം വീശുന്നു.

അഹ്മദിയ്യാ ജമാഅത്തിന്നെതിരിൽ കച്ച കെട്ടി പുറപ്പെട്ടിരുന്നവരിൽ ഒരാളായ മൗലവി സനാഉല്ലാ അമൃത്സരിക്ക് ഈ രംഗത്തുണ്ടായ പരാജയത്തിന്റെയും അമളിയുടെയും ചരിത്രം ദയനീയമാണ്.

ഈ ലേഖനമെഴുതാൻ എനിക്ക് പ്രേരണ നൽകിയത് ''ഹദീഥ് ശാസ്ത്രത്തിലെ ഇന്ത്യൻ പ്രതിഭകൾ എന്ന ശീർഷകത്തിൽ 'വിചിന്തനം' വാരിക പ്രസിദ്ധീകരിച്ചു വരുന്ന ലേഖനപരമ്പരയിൽ മൗലാനാ സനാഉല്ലാ അമൃത്സറിയെക്കുറിച്ചു 2006 ഡിസംബർ 8-ാം തിയ്യതിയിലെ ലക്കത്തിൽ വന്ന പരാമർശമാണ്.

മൗലാനാ സാഹിബിന്റെ ഗുണഗണങ്ങൾ പ്രകീർത്തിച്ചുകൊണ്ട് വിചിന്തനം എഴുതുന്നു.

"പ്രബോധനപ്രവർത്തനത്തിൽ കാര്യമായി അദ്ദേഹത്തിന്റെ ശ്രദ്ധ പതിഞ്ഞത് ഖാദിയാനിസത്തെ എതിർക്കുന്നതിലായിരുന്നു. ബ്രിട്ടീഷ്

സർക്കാറിന്റെ സഹായത്തോടെ ഉത്തരേന്ത്യയിൽ ഖാദിയാനിസത്തിന്റെ വേരുകൾ ഓടാൻ തുടങ്ങിയിരുന്നു. കാലക്രമത്തിൽ ഇത് ഭീകരമായ പ്രത്യാഘാതം സൃഷ്ടിക്കുമെന്നു അദ്ദേഹം കാലേക്കൂട്ടി മനസ്സിലാക്കി. ഇതിന്നു തടയിടൽ അത്യാവശ്യമാണെന്ന് അദ്ദേഹം തീരുമാനിച്ചു. (പേജ് - 8)

എന്നാൽ അദ്ദേഹത്തിന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ ത്വരിതഗമനത്തിന്നു തടയിടുവാൻ സാധിച്ചുവോ? ഒരിക്കലും ഇല്ലെന്നാണ് ചരിത്രം പറയുന്നത്. അഹ്മദിയ്യാ പ്രസ്ഥാനത്തെ എതിർത്തു വിജയം പ്രാപിക്കേണമെന്ന അദ്ദേഹത്തിന്റെ വ്യാമോഹം പാടെ പരാജയമടഞ്ഞതായി അഹ്മദിയ്യാ ജമാഅത്തിന്റെ ബദ്ധശത്രുക്കൾ തന്നെ സമ്മതിക്കുന്നു.

ജമാഅത്തെ ഇസ്ലാമിയുടെ പാക്കിസ്താനിൽ നിന്നും പുറപ്പെട്ടിരുന്ന അൽമുനീർ എന്ന പത്രം അമ്പത് വർഷങ്ങൾക്കു മുമ്പ് തന്നെ ഈ സത്യം തുറന്നു സമ്മതിച്ചതായിരുന്നു. ആ പത്രം എഴുതി:

"നമ്മുടെ പ്രാപ്തരായ പല പണ്ഡിതന്മാരും അവരുടെ സർവ്വശക്തികളുമുപയോഗിച്ചു ഖാദിയാനി പ്രസ്ഥാനത്തെ എതിർത്തുകൊണ്ടേ ഇരുന്നു. എന്നാൽ ഖാദിയാനിസം പണ്ടത്തേക്കാൾ ശക്തിയായി ലോകത്തെങ്ങും പരന്നുകൊണ്ടിരിക്കുന്നുവെന്ന വാസ്തവം നാം കണ്ടുകൊണ്ടിരിക്കുകയാണ്. മിർസാസാഹിബിന്നെതിരിൽ പ്രവർത്തിച്ചവരിൽ സയ്യിദുനദീർ ഹുസൈൻ ദഹ്ലവി മൗലാനാ അൻവർ ശാഹ്ദേവ്ബന്ദി മൗലാനാ മുഹമ്മദു ഹുസൈൻ ബട്ടാലവി, മൗലാനാ സനാഉല്ലാ അമൃത്സരി എന്നീ പണ്ഡിത ന്മാരെക്കുറിച്ച് പറയുന്നതായാൽ അവർ അങ്ങേയറ്റം കഴിവോടും ഊർജ്ജസ്വലതയോടും കൂടി ഖാദിയാനിസത്തെ എതിർത്തുകൊണ്ടേ ഇരുന്നു. എന്നാൽ എന്തുതന്നെ ശക്തിമത്തായ എതിർപ്പുണ്ടായിട്ടും ഖാദിയാനി ജമാഅത്ത് നാൾക്കുനാൾ അഭിവൃദ്ധിപ്പെട്ടുകൊണ്ടേ യിരിക്കുകയാണെന്നത് ഒരു കയ്പേറിയ സത്യമാണ്. ഇതിനെ നിഷേധിക്കുവാൻ സാദ്ധ്യമല്ല (അൽമുനീർ 3-3-1956).

പ്രകാരാന്തരേണ ഒരു കാര്യം ഇവിടെ പറയട്ടെ അഹ്മദിയ്യത്തിനെക്കുറിച്ച് 'വിചിന്തന'വും 'അൽമുനീറും' ഖാദിയാനിസം എന്ന പദമാണുപയോഗിക്കുന്നത്. അതിന്നുപകരമായി ഞങ്ങൾക്കും മൗദൂദിസമെന്നും വഹ്ഹാബിസമെന്നുമുള്ള വാക്കുകൾ പ്രയോഗിക്കാൻ അറിയാഞ്ഞിട്ടല്ല, എന്നാൽ "നിങ്ങൾ അപരനാമങ്ങൾ വിളിക്കരുതെന്ന (49:12) വിശുദ്ധ ഖുർആന്റെ കല്പന ഞങ്ങളെ വിരോധിക്കുന്നു.

അൽമുനീറിന്റെ പ്രസ്തുത പ്രസ്താവന 1956ലെതാണ്. എന്നാൽ അതിന്നുശേഷമുള്ള 50 വർഷക്കാലത്തിനിടയിൽ അഹ്മദിയ്യാ ജമാഅത്ത് ഒരാഗോള ആത്മീയശക്തിയായി വളർന്ന് അതിന്റെ ശാഖകൾ 185ൽ പരം രാഷ്ട്രങ്ങളിൽ വ്യാപിച്ചു കിടക്കുകയാണ്. ഇന്നു അഹ്മദിയ്യാലോകത്ത് സൂര്യൻ അസ്തമിക്കുന്നില്ല എന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്. ഈ പുരോഗതി ഒരാത്മീയ പ്രസ്ഥാനത്തിന്റെ സത്യതക്കുള്ള സാക്ഷ്യമാണെന്ന് വിശുദ്ധ ഖുർആൻ പലയിടങ്ങളിലും വിളിച്ചോതുന്നു. എന്നാൽ ഈ സത്യപ്രസ്ഥാനത്തെ നശിപ്പിക്കുവാൻ ആശ്രാന്തപരിശ്രമങ്ങൾ നടത്തിയിരുന്ന പ്രസ്ഥാനങ്ങളും അവരുടെ നേതാക്കന്മാരും എന്തിനേറെ രാഷ്ട്രത്തലവന്മാർ കൂടി നശിച്ചു നാമാവശേഷമായ കാഴ്ചയാണ് നാം കാണുന്നത്.

ഇനി നമുക്ക് വിഷയത്തിലേക്ക് കടക്കാം. 'വിചിന്തനം' എഴുതുന്നു:

"1326ൽ മിർസാ ഖാദിയാനി അദ്ദേഹത്തെ വെല്ലുവിളിച്ചു. ആ വെല്ലുവിളി അദ്ദേഹം സധൈര്യം സ്വീകരിച്ചു. അങ്ങനെ അവർ തമ്മിൽ ഒരു മുബാഹല നടന്നു." (പേ. 8) എന്നാൽ യാഥാർത്ഥ്യം ഇതിന്നു തികച്ചും വിരുദ്ധമാണ്. വാഗ്ദത്ത മസീഹിന്റെ കാലത്ത് അദ്ദേഹത്തെയും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തെയും എതിർത്തുകൊണ്ടു പല വ്യാജാരോപണങ്ങളും തെറ്റിദ്ധാരണകളും മൗലവി സനാഉല്ലാ അടക്കമുള്ള പണ്ഡിതന്മാർ പ്രകടപ്പിച്ചുകൊണ്ടിരുന്നു. ഇവരുടെ സത്യവിരുദ്ധവും നിരർത്ഥകവും ആയ കുറ്റാരോപണങ്ങൾക്ക് വ്യക്തമായ മറുപടിയും വിശദീകരണങ്ങളും നൽകപ്പെട്ടുകൊണ്ടിരുന്നിട്ടും (മരുന്നുകൊടുക്കുംതോറും രോഗം അധികരിച്ചുവന്നു) എന്നു പറഞ്ഞത് പോലെ ഇവർ തങ്ങളുടെ വ്യാജാരോപണങ്ങളും സത്യവിരുദ്ധമായ കുപ്രചരണങ്ങളും നിരന്തരമായി തുടർന്നു കൊണ്ടേ ഇരുന്നു.

ഈ സന്ദർഭത്തിലാണ് വാഗ്ദത്ത മസീഹ് (അ) തന്റെ 'അഞ്ചാമെ ആഥം' എന്ന ഗ്രന്ഥത്തിലൂടെ ഇന്ത്യയിലെ എതിരാളികളായ എല്ലാ പണ്ഡിതന്മാരെയും പൊതുവെ വാദ പ്രതിവാദത്തിന്നു ക്ഷണിക്കുകയും അതോടൊപ്പം ആരുടെ ഭാഗത്താണ് സത്യമുള്ളതെന്നു തെളിയുന്നതിന്നായി പ്രാർത്ഥനാസമരം അഥവാ മുബാഹല ചെയ്യുവാനുള്ള ആഹ്വാനം നൽകുകയും ചെയ്യുന്നത്.

മൗലവി സനാഉല്ലാ, ഈ വിജ്ഞാപനം കണ്ടിട്ടും മൗനമവലംബിച്ചതേയുള്ളു. എന്നാൽ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിക്കെതിരായുള്ള പ്രവർത്തനം അദ്ദേഹം തുടർന്നുകൊണ്ടേയിരുന്നു. മൗലവി സാഹിബിന്റെ ഇത്തരം പ്രവർത്തനങ്ങളും കുപ്രചരണങ്ങളും മുഖേന പല തെറ്റിദ്ധാരണകളും ഉണ്ടാകുവാൻ കാരണമായതിനാൽ അദ്ദേഹം മൗലവി സാഹിബുമായി ഏക് ആഖിരി ഫൈസല അതായത് ഒരു അവസാനത്തീർപ്പ് എന്ന വിജ്ഞാപനം പുറുപ്പെടുവിച്ച് അദ്ദേഹത്തെ മുബാഹലക്ക് ക്ഷണിച്ചു.

എന്നാൽ മൗലവി സാഹിബ് അദ്ദേഹത്തിന്റെ ഈ ആഹ്വാനം സ്വീകരിക്കാതെ കണ്ട് തന്റെ പത്രമായ അഹ് ലെ ഹദീസിൽ ഇപ്രകാരം എഴുതി.

"നിങ്ങൾ എഴുതിയിരിക്കുന്നത്

എനിക്ക് സമ്മതമല്ല (അഹ്‌ലെ ഹദീസ് 26-4-1907) തുടർന്ന് അദ്ദേഹം എഴുതി:

അല്ലാഹു വഞ്ചകർക്കും കള്ള വാദികൾക്കും കുഴപ്പക്കാർക്കും ദീർഘായുസ്സു നൽകുന്നു. (അഹ്‌ലെ ഹദീസ് 31-7-1907)

ഇതൊന്നും കൂടാതെ മൗലവി സാഹിബ് തന്റെ മുറഖ്ഖയെ ഖാദി യാനീ എന്ന കൃതിയിലെഴുതി.

'ഹദ്റത്ത് റസൂൽ കരീം (സ) സത്യവാദിയായിരിക്കെ കള്ളവാദി യായ മുസൈലിമത്തുൽ കദ്ദാബിന്ന് മുമ്പായിത്തന്നെ മരണമടഞ്ഞില്ലേ? മുസൈലിമ ഒരു കള്ളവാദിയായിരു ന്നിട്ടും സത്യവാദിയായ മുഹമ്മദു നബി (സ) അന്തരിച്ചശേഷവും ജീ വിച്ചിരുന്നു. (പേജ്. 7)

ഈ പ്രസ്താവനകളിൽ നിന്നെ ല്ലാം മൗലവി സാഹിബ് വാഗ്ദത്ത മസീഹിന്റെ മുബാഹലക്കുള്ള ക്ഷണം നിരസിക്കുകയാണുണ്ടായ തെന്ന് വ്യക്തമാകുന്നു.

ഇതിന്നുശേഷം ഹദ്റത്ത് വാഗ് ദത്ത മസീഹ് (അ) ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി.

കള്ളവാദി സത്യവാദിക്കു മുമ്പാ യി മരിക്കട്ടെ എന്ന മുബാഹലാ പ്രാർ ത്ഥനക്ക് അദ്ദേഹം സമതിക്കുമായിരു ന്നെങ്കിൽ നിശ്ചയമായും അദ്ദേഹം എനിക്ക് മുമ്പായി മരിക്കുമെന്ന് ഞാൻ തീർത്തും പറയുന്നു. (ഇ അ്ജാസെ അഹ്‌മദി പേ. 35)

ഇതെപ്രകാരം തന്നെ ഹദ്റത്ത് നബികരിം (സ) ക്രിസ്തീയ പാതിരി മാരെ മുബാഹലക്ക് ക്ഷണിച്ചിരുന്നു. എന്നാൽ അവർ ഈ ക്ഷണം സ്വീക രിക്കാതിരുന്നപ്പോൾ ആ പ്രവാചക ശ്രേഷ്ഠൻ (സ) ഇപ്രകാരം അരുൾ ചെയ്യുകയുണ്ടായി.

അവർ ഈ മുബാഹലക്ക് സമ്മ തിച്ചിരുന്നുവെങ്കിൽ അവരെല്ലാവരും തന്നെ ഒരു വർഷത്തിന്നകം മരിച്ചു പോകുമായിരുന്നു.

ചുരുക്കത്തിൽ ഹദ്റത്ത് വാഗ് ദത്ത മസീഹിന്റെ മുബാഹലക്കുള്ള ക്ഷണം മൗലവി സാഹിബ് സ്വീകരി ച്ചിരുന്നുവെന്ന വിചിന്തനത്തിന്റെ പ്രസ്താവന സത്യവിരുദ്ധമാണ്.

കള്ളവാദികൾ മുസൈലിമയെ പ്പോലെ സത്യവാദിക്കെതിരിൽ സു ദീർഘകാലം ജീവിച്ചിരിക്കുമെന്ന മൗലവി സാഹിബിന്റെ തന്നെ പ്ര സ്താവനക്കനുയോജ്യമായി ഹദ് റത്ത് വാഗ്ദത്ത മസീഹിന്നുശേഷവും സുദീർഘകാലം ജീവിച്ചു അദ്ദേഹം താനാരായിത്തീർന്നുവെന്നു തെളിയി ക്കുകയുണ്ടായി.

അദ്ദേഹത്തിന്നു തന്റെ ജീവിത കാലത്ത് തന്നെ അഹ് മദിയ്യത്ത് അഭി വൃദ്ധിയുടെ സോപാനത്തിലേക്കു കുതിച്ചുകയറിക്കൊണ്ടിരിക്കുന്നതു കാണുവാൻ സാധിച്ചു. വേണ്ടുവോളം കുഴപ്പങ്ങളും ഫിത്ത്നകളും ജമാഅ ത്തിന്നെതിരായി നടത്തിക്കൊണ്ടി രുന്നിട്ടും അഹ്‌മദിയ്യത്തിന്നു ഒരു പോറലും ഏല്പിക്കുവാൻ അദ്ദേഹ ത്തിന്നു സാധിച്ചില്ല.

ഹദ്റത്ത് അഹ്‌മദ് (അ) തനിക്കു ലഭിച്ച ദിവ്യ വെളിപാടുകളനുസരിച്ചു കൃത്യസമയത്ത് ദിവംഗതനായ പ്പോൾ, ഇതോടെ ഈ ജമാഅത്തും ചരമഗതിയടയുന്നതാണെന്ന് അദ്ദേ ഹം ആനന്ദക്കണ്ണീർ വാർത്തു. ഏറ്റവും എളുപ്പത്തിൽ ഈ ജമാഅ ത്തിനെ നശിപ്പിക്കുവാനുള്ള ഒരു പോംവഴി അദ്ദേഹം മുസ്‌ലിംകൾക്കു കാണിച്ചകൊടുത്തു. അതായത് അദ്ദേഹം 1908 ജൂൺ 13-ാം തിയതി യത്തെ വക്കീൽ എന്ന വാരികയിൽ താഴെപ്പറയുന്ന അഭ്യർത്ഥന മുസ് ലിംകളോടു ചെയ്തു.

"മിർസയുടെ എല്ലാ പ്രസിദ്ധീക രണങ്ങളും കീറി കടലിൽ എറിഞ്ഞു കളയുകയോ, ചുട്ടുചാമ്പലാക്കിക്കള യുകയോ ചെയ്യണമെന്നു ഞാൻ അല്ലാഹുവിന്റെ പേരിൽ എല്ലാ മുസ് ലിംകളോടും അഭ്യർത്ഥിക്കുകയാണ്. മാത്രമല്ല മുസ്‌ലിമോ അമുസ്‌ലിമോ ആയ ഒരു ചരിത്രകാരനും ഒരു ചരി ത്രാഖ്യായികയിലും മിർസയെക്കു റിച്ചു ഒരൊറ്റ വാക്കുപോലും ചേർത്തു പോകരുതെന്നും ഞാനപേക്ഷിക്കു ന്നു.

എന്നാൽ മൗലവി സാഹിബിന്റെ ഈ വിഷലിപ്തമായ ആഹ്വാനം ആരും ശ്രദ്ധിച്ചില്ല. നേരെമറിച്ച് ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ മിക്ക കൃതികളും പലതവണ പുനഃപ്രസി ദ്ധീകരിക്കുകയുണ്ടായെന്നു മാത്രമല്ല. ലോകത്തുള്ള നൂറു ഭാഷകളിൽ പ്രസ്തുത പല കൃതികളും ഭാഷാ ന്തരം ചെയ്യപ്പെടുകയുണ്ടായി. അങ്ങ നെ കോടിക്കണക്കി ലുള്ള ജനങ്ങൾ ആ ആത്മീയ ഖജനാവിൽ (റൂഹാനി ഖസായിൻ) നിന്നും ആത്മീയാനു ഭൂതി നേടിക്കൊണ്ടിരിക്കുകയാണ്.

ഈ വിഷയത്തിലും മൗലവി സാഹിബിന്നു കനത്ത പരാജയമാ ണു നേരിടേണ്ടി വന്നിട്ടുള്ളത് എന്നു മാത്രമല്ല മൗലവി സാഹിബിന്റെ അന്ത്യവും വളരെ പരിതാപകരവും നിരാശാജനകവും ആയിട്ടാണുണ്ടാ യിരുന്നത്.

മൗലവി സനാഉല്ലാസാഹിബിനെ ക്കുറിച്ചുള്ള ഒരു ഗ്രന്ഥം മൗലവി അബ്ദുൽ ഹമീദ് സുഹ്റ വർദി എന്ന യാൾ രചിക്കുകയുണ്ടായി. ഈ ഗ്രന്ഥ ത്തിൽ 1947ലെ ഇന്റോ പാക്ക് വിഭജ നകാലത്ത് പഞ്ചാബിലുണ്ടായ ഭയാ നകമായ സാമുദായിക കലാപത്തെ ക്കുറിച്ച് പരാമർശിച്ചുകൊണ്ട് ഇപ്ര കാരം എഴുതി.

ആയിരക്കണക്കായ രൂപ വില ക്കുള്ള ഒരു ഗ്രന്ഥാലയം തന്നെ അദ്ദേ ഹത്തിനു സ്വന്തമായുണ്ടായിരുന്നു. ഈ കലാപകാലത്ത് അദ്ദേഹത്തിന്നു കുറച്ചു വസ്ത്രവും അല്പം പണവും എടുത്ത് കുടുംബത്തോടുകൂടി സ്വ ന്തം നാടു വിട്ടോടിപ്പോകേണ്ടി വന്നു. അപ്പോൾ അക്രമികൾ വീടു ആക്രമി ക്കുകയും വീട്ടിലുണ്ടായിരുന്ന എല്ലാ സാധനങ്ങളും കൊള്ളയടിക്കുകയും ചെയ്തെന്നു മാത്രമല്ല, അദ്ദേഹം സ്വന്തം ജീവനെക്കാൾ വിലപ്പെട്ട തായി കണക്കാക്കിയിരുന്ന അദ്ദേഹ ത്തിന്റെ പുസ്തകങ്ങളെല്ലാം ചുട്ടെ രിച്ചു കളയുകയാണുണ്ടായത്. പ്രസ്തുത കലാപത്തിൽ തന്റെ ഒരേ

*(ശേഷം 42-ാം പേജിൽ)*

## കുറിപ്പുകൾ

**മുസാഫിർ**

# സദ്ദാം: വീരമൃത്യു വരിച്ച പോരാളി

അമേരിക്കൻ സാമ്രാജ്യത്വം ഒരുക്കിയ കഴുമരത്തിലേക്ക് അക്ഷോഭ്യനായി, കുശലം പറഞ്ഞ് നടന്നടുക്കുകയും ഹാരം അണിയുന്നത് നോക്കികാണുന്നത് പോലെ സ്വന്തം കഴുത്തിൽ കൊലക്കയർ കുരുക്കുന്നത് മുഖാവരണമില്ലാതെ നോക്കി നിൽക്കുകയും കലിമ ഉച്ചരിച്ച് ജീവൻ വെടിയുകയും ചെയ്ത സദ്ദാം ഹുസൈൻ ലോകത്തിന് മുമ്പിൽ വിസ്മയമുണർത്തുന്ന ഒരു സ്മരണയും പ്രതീകവുമായി മാറി. ജീവിതത്തോടുള്ള അനാസക്തിയോ, അമേരിക്കക്കെതിരെയുള്ള പോരാട്ട വീര്യത്തിന്റെ നിശ്ചയദാർഢ്യമോ ജയിൽ ജീവിതത്തിന്റെ മടുപ്പോ, ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷയില്ലായ്മയോ എന്താണെന്നറിയില്ല ഭൂഗോളത്തിലെ ഏക വൻശക്തി അമേരിക്ക ഈ മെസപ്പൊട്ടോമിയൻ പോരാളിയുടെ കൂസലില്ലായ്മക്കുമുമ്പിൽ തോറ്റുപോയിരിക്കുന്നു. 2003 ഡിസംബറിൽ ഇറാഖിലെ ഭൂഗർഭ അറയിൽ വെച്ച് അമേരിക്കൻ ഭടന്മാർ കടത്തിവിട്ട മയക്കുവാതകം ശ്വസിച്ച് അവശനിലയിലായ സദ്ദാം പരാജിതനായ പോരാളിയുടെ പരിവേഷത്തിലായിരുന്നു. എന്നാൽ അവസാന ദിനങ്ങളിൽ അമേരിക്കൻ പാവസർക്കാറിന്റെ കങ്കാരുക്കോടതി മുറിയുടെ പ്രതിക്കൂട്ടിൽ മുറിവേറ്റ സിംഹത്തെപ്പോലെ നിർഭയനായി ഗർജ്ജിച്ച സദ്ദാം അമേരിക്കൻ ഏകധ്രുവ സ്വേഛാധിപത്യത്തെ വെറുക്കുന്ന ലോകമെങ്ങുമുള്ള മനുഷ്യസ്നേഹികളുടെ വീരനായകനാകുകയായിരുന്നു. അമേരിക്കൻ ദാസത്വം സ്വീകരിച്ച അറബ് മുസ്‌ലിം നാടുകളിലെ ഭരണാധികാരികളിൽ നിന്നും വിഭിന്നനായി ചങ്ങലകളിൽ ബന്ധിതനായ സദ്ദാം അവസാനം വരെ പൊരുതി. ലോകമനസ്സാക്ഷിക്കു മുമ്പിൽ എക്കാലത്തും ഒരു ചോദ്യചിഹ്നമുയർത്തി യാത്രയായി.

ലോകത്തിന്റെ ധാർമിക മനസ്സാക്ഷിയെ അങ്ങേയറ്റം ദുഷിപ്പിക്കുകയും നീതിമാന്മാരിൽ അറുപ്പും വെറുപ്പും ഉളവാക്കുകയും ചെയ്യുന്ന അമേരിക്കയുടെയും ഇസ്രായേലിന്റെയും ഇറാഖിലെ നീതിഹത്യയും മനുഷ്യക്കുരുതിയേയും അപലപിക്കാൻ വാക്കുകളില്ല. മാനവരാശിയുടെ ശത്രുക്കളായ ഈ പൈശാചിക ശക്തികളെ ലോകം ഭയത്തോടെ വെറുക്കുന്നു. സദ്ദാം ഹുസൈൻ ആജന്മ പരിശുദ്ധനോ അപരാധമുക്തനോ അല്ല. എല്ലാ മുസ്‌ലിം ഭരണാധികാരികളേയും പോലെ അമേരിക്കയുടെ കൈയിൽ പാവ കളിച്ചയാളാണ്. അതിൽ കൂടുതലായി രക്തപുഴകളൊഴുക്കുകയും അധിനിവേശം നടത്തുകയും ചെയ്ത പശ്ചിമേഷ്യയിലെ ഒരു യുദ്ധപ്രിയ ഭരണാധികാരി കൂടിയായിരുന്നു എന്നതിന് ചരിത്രം സാക്ഷിയാണ്. പക്ഷേ സദ്ദാം ചെയ്ത അപരാധങ്ങൾക്കെല്ലാം അമേരിക്കയും കൂട്ടുപ്രതിയാണ്. അൻഫാൽ, ഹലാബ്ജ എന്നിവിടങ്ങളിൽ അമേരിക്ക നൽകിയ വിഷവാതകമുപയോഗിച്ചാണ് സദ്ദാം കുർദുകളെ കൂട്ടക്കൊല ചെയ്തത്. സദ്ദാമിനോടൊപ്പം നിരവധി കുറ്റകൃത്യങ്ങൾ നടത്തിയ അമേരിക്ക തങ്ങൾക്ക് നേരിട്ടു പങ്കില്ലാത്ത 148 ശിയാക്കൾ മാത്രം വധിക്കപ്പെട്ട ദുജൈൽ കൂട്ടക്കൊലയാണ് വിചാരണക്കെടുത്തത്. എന്നിട്ട് സദ്ദാമിന് വധശിക്ഷ വിധിച്ച് ഒട്ടകപക്ഷിയെ പോലെ അമേരിക്ക തലയൊളിപ്പിക്കാൻ നോക്കുന്നത് പരിഹാസ്യമാണ്. ഇറാഖിലെ എണ്ണ കൊള്ളയടിക്കാൻ വേണ്ടി 2003 മാർച്ച് മുതൽ സദ്ദാമിനെതിരെ നടത്തിയ അധിവേശ യുദ്ധത്തിൽ മാത്രം അമേരിക്ക 6,55,000 (ആറ് ലക്ഷത്തി അൻപത്തയ്യായിരം) ഇറാഖികളെ കൊലപ്പെടുത്തിയതായി അമേരിക്കയിലെ തന്നെ പ്രശസ്തമായ ജോൺ ഹോപ്കിൻസ് ബ്ലൂംബർഗ് സ്കൂൾ ഓഫ് പബ്ലിക് ഹെൽത്തും വിശ്വപ്രശസ്ത മെഡിക്കൽ ജേർണലായ ലാൻസെറ്റും ചേർന്നു നടത്തിയ പഠനത്തിൽ വെളിപ്പെടുത്തുന്നു. അതിന് മുമ്പ് ഒന്നാം ഗൾഫ് യുദ്ധത്തിലും ഉപരോധത്തിലും കൊല്ലപ്പെട്ടത് ദശലക്ഷക്കണക്കിന് ഇറാഖികളാണ്. ഇതെല്ലാം അമേരിക്ക ഇറാഖിൽ ഒറ്റക്ക് ചെയ്ത നരഹത്യകളാണ്. അതിന് മുമ്പ് സദ്ദാമിനോടൊപ്പം ചേർന്ന് ഇറാനെതിരെ നടത്തിയ ദീർഘയുദ്ധത്തിൽ 10 ലക്ഷം പേർ മരിച്ചു. അതിന്റെ ഇരട്ടിയിലധികം പേർ അംഗവൈകല്യം വന്നു. ഈ പൈശാചിക കൃത്യങ്ങൾ ചെയ്ത അമേരിക്കൻ രാഷ്ട്രനായകന്മാരെ എത്ര വട്ടം തൂക്കിലേറ്റണം. മുസ്‌ലിം ലോകത്ത് സമീപകാലത്തൊന്നും, സംഘർഷപരമായ പ്രശ്നങ്ങൾ സൃഷ്ടിക്കാത്ത രണ്ടു മതവിഭാഗങ്ങളാണ് സുന്നികളും ശിയാകളും. അതിനെ സംഘർഷമയമാക്കുവാനും ഭിന്നിപ്പിച്ച് ഭരിക്കാ നും അമേരിക്ക നടത്തുന്ന ശ്രമം ഹീനമാണ്. ഇത് തിരിച്ചറിയാനുള്ള വിവേകമോ പക്വതയോ മുസ്‌ലിം ലോകത്തിന് നഷ്ടപ്പെട്ടിട്ട് കാലം കുറേയായി എന്നതാണ് യാഥാർത്ഥ്യം.

ഒരു പഞ്ചായത്ത് കോടതിയുടെ നടപടിയെ അനുസ്മരിപ്പിക്കുന്ന കോടതി പ്രഹസനമാണ് ഇറാഖിൽ സദ്ദാമിനെതിരെ അരങ്ങേറിയത്. ഒരു അന്തർദേശീയ ട്രിബ്യൂണലാണ് വാസ്തവത്തിൽ സദ്ദാമിന്റെ വിചാരണ നടത്തേണ്ടത്. അമേരിക്ക തയ്യാറാക്കിയ തിരക്കഥ അനുസരിച്ചുള്ള ഒരു നാടകം! അന്തർദ്ദേശീയ നിയമങ്ങളിൽ പിടിപാടുള്ള സദ്ദാമിന്റെ മൂന്ന് അഭിഭാഷകർ ഇറാഖിൽ കൊല്ലപ്പെടുകയുണ്ടായി. സദ്ദാമിനുവേണ്ടി പിന്നീട് വാദിച്ച അഭിഭാഷകൻ കാര്യമായ നിയമപരിജ്ഞാനമില്ലാത്തവരാണ്. നവംബർ 5നുണ്ടായ വധശിക്ഷാവിധിയുടെ വിധിന്യായത്തിന്റെ പകർപ്പ് നവമ്പർ 22നാണ് സദ്ദാമിന്റെ അഭിഭാഷകർക്ക് ലഭിക്കുന്നത്. അപ്പീൽ നൽകാൻ 13 ദിവസം മാത്രമാണ് അനുവദിക്കപ്പെട്ടത്. 300 പേജുള്ള വിധിന്യായം പഠിച്ച് 13 ദിവസം കൊണ്ട് അപ്പീൽ സമർപ്പിക്കുക അസാധ്യമാണെന്ന് ഇക്കാര്യത്തിൽ വിവരമുള്ളവർ പറയുന്നു. പ്രതിയുടെ അഭിഭാഷകന്റെ ഹിയറിങ്ങും ഉണ്ടായില്ല. അഭിഭാഷകൻ കൊടുത്ത എഴുത്തപേക്ഷ മാത്രമാണ് അപ്പീൽക്കോടതി പരിഗണിച്ച് വധശിക്ഷ ശരിവച്ചത്. മാത്രമല്ല വധശിക്ഷ നടപ്പാക്കണമെങ്കിൽ ഇറാഖീ നിയമപ്രകാരം പുതിയ ഇറാഖി പ്രസിഡണ്ട് ജലാൽ തലബാനിയുടെ അംഗീകാരം വേണം. പ്രത്യക്ഷവും പരോക്ഷവുമായ നേതൃത്വത്തിൽ നടക്കുന്ന കോടതി വിചാരണയുടെ നേതൃത്വമേറ്റെടുത്ത ഇറാഖി പ്രധാനമന്ത്രി നൂറി അൽമാലിക്കി ഈ വ്യവസ്ഥ അത് വേണ്ടെന്ന് വെച്ച് അമേരിക്കൻ നിയന്ത്രണത്തിലുള്ള ഗ്രീൻ സോണിൽ കൊണ്ടുപോയി സദ്ദാമിനെ വധിക്കുകയാണുണ്ടായത്. രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ന്യൂറംബർഗ് കോടതിയിൽ യുദ്ധകുറ്റവാളികളായ ഫാസിസ്റ്റ് ഭീകരന്മാർക്ക് വരെ കോടതി അനുവദിച്ച നീതി സദ്ദാമിനു ലഭിച്ചില്ല എന്നതാണ് വാസ്തവം. ഇതാണ് അമേരിക്കൻ ഏകധ്രുവലോകത്തിലെ നീതിവ്യവസ്ഥ എന്ന കാര്യം നാം മറക്കരുത്.

പശ്ചിമേഷ്യയിലെ മുസ്ലിം ലോകം ബലിപെരുന്നാൾ ആഘോഷിക്കുന്നവേളയിലാണ് സദ്ദാമിനെ തൂക്കിലേറ്റിയത്. അമേരിക്കയെ സംബന്ധിച്ചേടത്തോളം സദ്ദാം നിരുപദ്രവിയായ ഒരു തടവുകാരനായിരുന്നു. സദ്ദാമിനെ തൂക്കിക്കൊല്ലുന്നതിനേക്കാൾ സുരക്ഷിതം കൊല്ലാതിരിക്കുന്നതാണെന്നും അവർക്ക് അറിയാത്തതല്ല. എന്നിട്ടും എന്തുകൊണ്ട് അവർ ധൃതി പിടിച്ച് പെരുന്നാൾ ദിനത്തിൽ തന്നെ അദ്ദേഹത്തെ തൂക്കിലേറ്റീ. ഇതിന് പിന്നിൽ അമേരിക്കയും ഇസ്രയേലും മുസ്ലിം ലോകത്തിനും മറ്റെല്ലാ രാജ്യങ്ങൾക്കും ചില സന്ദേശങ്ങളും താക്കീതുകളും നൽകുന്നുവെന്ന് വ്യക്തം. അതായത് അമേരിക്കക്കും ഇസ്രയേലിനുമെതിരെ ശബ്ദിച്ചാൽ കയ്യൂക്കിന്റെ കരുത്തുകൊണ്ട് അതിനെ അടിച്ചൊതുക്കുമെന്നതാണ് ആ താക്കീത്. നീതിയും നിയമവും, പ്രമാണവും, കീഴ്വഴക്കങ്ങളൊന്നും അവർക്കൊരു പ്രശ്നമല്ല. ഏത് ശക്തനായ ഭരണാധികാരിയായാലും വിധി ഇതായിരിക്കുമെന്നാണ് ആ താക്കീത്. അതുകൊണ്ട് വളർത്തുമൃഗത്തെപോലെ വിധേയപ്പെട്ടു. മറ്റുള്ളവർ കഴിഞ്ഞുകൊള്ളണം.

ലോകനേതൃത്വം കൈയ്യടക്കാൻ ചരിത്രത്തിൽ അമേരിക്ക ഇത്തരം കിരാതകൃത്യങ്ങൾ മുമ്പും നടത്തിയിട്ടുണ്ട്. അത് യഹൂദന്മാരുടെ സഹായത്തോടെയാണെന്ന കാര്യവും ശ്രദ്ധേയമാണ്. രണ്ടാം ലോകമഹായുദ്ധത്തിൽ ജപ്പാനെതിരെ ആറ്റംബോംബ് പ്രയോഗിച്ചതിന് ഇത്തരമൊരു മാനം കൂടിയുണ്ടെന്ന് നാം മനസ്സിലാക്കണം. അക്കാര്യം അല്പം വിശദീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് തോന്നുന്നു. 1945 ഏപ്രിൽ ഹിറ്റ്ലറുടെ ജർമ്മൻ തലസ്ഥാനമായ ബെർലിൻ സോവ്യറ്റ് ചെമ്പട കീഴടക്കുകയും ഹിറ്റ്ലർ ആത്മഹത്യ ചെയ്യുകയും ചെയ്തതോടെ അച്ചുതണ്ടുശക്തികൾക്ക് പരാജയം ഉറപ്പായികഴിഞ്ഞിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ അമേരിക്കയുടെ പേൾ ഹാർബർ ആക്രമിച്ചുകൊണ്ട് 1942ൽ ജപ്പാൻ യുദ്ധത്തിൽ പ്രവേശിച്ചത് മുതൽ അവർക്കും അടിക്കടി പരാജയമായിരുന്നു. അവസാനം ശവപ്രായമായ ജപ്പാൻ കീഴടങ്ങുമെന്ന് ഉറപ്പായ ഘട്ടത്തിലാണ് അമേരിക്ക 1945 ആഗസ്റ്റ് 6നും 9നും ജപ്പാനിൽ ആറ്റം ബോംബ് വർഷിച്ചത്. ആറ്റംബോംബ് വർഷിക്കാതെ തന്നെ ജപ്പാനടക്കമുള്ള അച്ചുതണ്ടുശക്തികളെ കീഴടക്കാമായിരുന്നിട്ടും അമേരിക്ക എന്തുകൊണ്ട് അറ്റമില്ലാത്ത മനുഷ്യദുരിതങ്ങൾ സൃഷ്ടിച്ച ആറ്റംബോംബ് വർഷിച്ചു. തീർച്ചയായും യുദ്ധാനന്തരലോകത്തിന്റെ മേധാവിത്വവും നേടിയെടുക്കാനും ലോകത്തെ മുഴുവൻ ഭയപ്പെടുത്തി നിർത്താനുമുള്ള മനശ്ശാസ്ത്ര യുദ്ധത്തിന്റെ ഒരു വശം കൂടി അതിലുണ്ടായിരുന്നു. ആറ്റംബോംബ് നിർമ്മിക്കാൻ അമേരിക്കയെ പ്രേരിപ്പിച്ചതും അതിന്റെ അതിമാരകമായ പ്രഹരശക്തിയെ അമേരിക്കൻ പ്രസിഡണ്ട് ഫ്റാങ്ക്ളിൻ റൂസ്വെൽറ്റിനെ പരിചയപ്പെടുത്തിയതും മഹാനായ ഐൻസ്റ്റീനാണ്. യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ നിന്ന് നാസികൾ പുറത്താക്കിയ ഒരു സംഘം ജൂതന്മാരുടെ സജീവ സഹകരണത്തോടെയാണ് അമേരിക്ക ആറ്റംബോംബ് വികസിപ്പിച്ചത്.

ആറ്റംബോംബിന്റെ ശക്തിയെക്കുറിച്ച് അത് നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ചും അമേരിക്കൻ പ്രസിഡന്റിനെ ബോദ്ധ്യപ്പെടുത്താൻ വേണ്ടി 1939 ആഗസ്റ്റ് 2ാം തീയതി ഐൻസ്റ്റീൻ അയച്ച കത്തിലെ പ്രസക്ത ഭാഗമാണിത്.

To

Franklin D. Roosvelt

President of United States

White House, Washington DC

Sir,

Some recent work of F. Fermi and L. Szilard which has been communicated to me in manuscript, leads me to expect that the element uranium may be turned into a new and important source of energy, in the immediate future. Certain aspects of the situation which has arisen seern

to call for watchfulness and if the necessary, quick action on the part of the administration. I believe therefore that It is my duty to bring to your attention the following facts and recomendation...

This new phenomenon would also lead to the construction of bombs, and it is conceivable - though muchless certain - that extremely powerful bombs of a new type may thus be constructed. A single bomb of this type, carried by boat and exploded in a part, might very well destroy the whole part together with some of the surrounding territory.

Yours very truly,

Albert Einstein

ഇ. ഫെർമിയും എൽ.സിലാഡും ഈയ്യിടെ നടത്തിയ പഠന പ്രവർത്തനങ്ങളുടെ കൈയ്യെഴുത്ത് രേഖകൾ എനിക്കയച്ചു തരികയുണ്ടായി. സമീപ ഭാവിയിൽ യൂറേനിയം എന്ന മൂലകം പുതിയതും പ്രധാനപ്പെട്ടതുമായ ഒരു ഊർജ്ജ സ്രോതസ്സായി മാറ്റപ്പെട്ടേക്കാമെന്ന പ്രതീക്ഷയിലേക്കാണ് എന്നെയിത് നയിക്കുന്നത്. സംജാതമായിട്ടുള്ള ചില പ്രത്യേക സാഹചര്യങ്ങളിൽ ജാഗ്രത ആവശ്യമാണെന്ന് തോന്നുന്നു. അത് ആവശ്യമാണെങ്കിൽ ഭരണകൂടത്തിന്റെ, ഭാഗത്തു നിന്ന് സത്വരനടപടികൾ ആവശ്യമാണ്. താഴെപറയുന്ന വസ്തുതകളും നിർദ്ദേശങ്ങളും താങ്കളുടെ ശ്രദ്ധയിൽപെടുത്തേണ്ടത് എന്റെ കടമയാണെന്ന് ഞാൻ വിശ്വസിക്കുന്നു....

ഈ പുതിയ പ്രതിഭാസം ബോംബുകളുടെ നിർമ്മാണത്തിലേക്ക് നയിക്കും. അത്യന്തം മാരകമായിട്ടുള്ള പുതിയതരം ബോംബ് ഇങ്ങനെ നിർമ്മിക്കാൻ കഴിയുമെന്ന് ഏറെക്കുറെ ഉറപ്പാണെന്ന് കരുതാം. ഈ തരത്തിലുള്ള ഒരൊറ്റ ബോംബ് ഒരു ബോട്ടിൽ കയറ്റി ഒരു തുറമുഖത്ത് വെച്ച് പൊട്ടിക്കുകയാണെങ്കിൽ ആ തുറമുഖം അതിന്റെ പരിസരപ്രദേശമടക്കം നിശ്ശേഷം നശിച്ചുപോകും....

എന്ന്,

സത്യസമേതം

ആൽബർട്ട് ഐൻസ്റ്റീൻ

ഐൻസ്റ്റീൻ ഈ കത്തിന്റെ തുടക്കത്തിൽ പ്രതിപാദിച്ച ഇ. ഫെർമി (Enrico Fermi) ജൂതബന്ധമുള്ള പ്രഗത്ഭനായ അണുശാസ്ത്രജ്ഞനും നോബേൽ സമ്മാനജേതാവുമാണ്. അദ്ദേഹത്തിന്റെ ഭാര്യ ജൂതസ്ത്രീയായതിനാൽ ഇറ്റലിയിൽ ഫാസിസ്റ്റുകൾ അധികാരമേറ്റപ്പോൾ ജൂത കുടുംബമാണെന്ന് പറഞ്ഞ് പീഡിപ്പിച്ചതിന്റെ പേരിൽ അമേരിക്കയിലേക്ക് പലായനം ചെയ്തതാണ്. അതുപോലെ എൽ. സിലാഡ് (Leo Szilard) ജർമ്മനിയിൽ നാസികൾ അധികാരത്തിൽ വന്നപ്പോൾ അമേരിക്കയിലേക്ക് കുടിയേറിയ ജൂതനാണ്. 'ജർമ്മൻ മാഡം ക്യൂറി' എന്ന് ഐൻസ്റ്റീൻ വിശേഷിപ്പിച്ച മെയിറ്റ്നർ ലൈസ്, നീൽബോർ എന്നീ ആണവ ശാസ്ത്രജ്ഞന്മാരെല്ലാം അമേരിക്കൻ ആറ്റംബോംബുമായി ബന്ധപ്പെട്ട യഹൂദരാണ്. യുദ്ധഗതി അമേരിക്കക്കനുകൂലമായിട്ടും അത് ജപ്പാനെതിരെ പ്രയോഗിക്കാൻ പ്രേരിപ്പിച്ചത് അവരാണ്. യുദ്ധം കഴിഞ്ഞപ്പോൾ സഖ്യകക്ഷികളുടെ സഹായത്തോടെയാണ് യു.എൻ. രൂപീകരണവും അതുവഴി അന്യായമായ ഇസ്രയേൽ സ്ഥാപനവും നടന്നത് എന്ന കാര്യവും നാമോർക്കണം.

സോവ്യറ്റ് യൂനിയന്റെ പതനത്തിനുശേഷം അമേരിക്കയെ ആധാരമാക്കി ഏകധ്രുവലോകം കെട്ടിപ്പടുക്കാൻ ഉണ്ടാക്കിയ PNAC (Project for New American Century) എന്ന പദ്ധതിയുടെ നിയന്ത്രണം നവയാഥാസ്ഥിതികർ എന്നറിയപ്പെടുന്ന ജൂത ക്രൈസ്തവ മതതീവ്രവാദികളുടെ കൈയിലാണ്. ഇറാക്ക് യുദ്ധം PNAC യുടെ മസ്തിഷ്ക സന്തതിയാണ്. ചുരുക്കത്തിൽ എണ്ണസമ്പന്നമായ ഇറാക്കിന്റെ പതനത്തിലും പശ്ചിമേഷ്യയിലെ മുസ്‌ലിം രാജ്യങ്ങളെ ദുർബലമാക്കുന്നതിലും അമേരിക്കയേക്കാൾ താല്പര്യം. യഹൂദികൾക്കും ഇസ്രയേലിനുമാണെന്ന് കാര്യം സ്പഷ്ടമാണ്. കാര ണം ആ ഭൂമിയിൽ അതിക്രമിച്ചു കയറി കുടിപ്പാർക്കുന്ന രാജ്യം ഇസ്രയേലാണ്. മറ്റുള്ളവർ ദുർബലമാവുന്നതിന്റെ നേട്ടം അമേരിക്കയെക്കാൾ അവർക്കാണ്. അമേരിക്കയുടെ ചിലവിൽ ഈ വിധ്വംസക പ്രവർത്തനങ്ങളെല്ലാം കാണാമറയത്ത് നിന്ന് നടത്താൻ അവർക്കറിയാം. അനീതിയിലും അന്യായത്തിലും പണിതുയർത്തിയ ഇസ്രയേൽ, ലോകസമൂഹം ചിരന്തനമായി സൂക്ഷിച്ചുവരുന്ന പാവനമൂല്യങ്ങളെ തകിടം മറിച്ച് അവരുടെ എല്ലാ അന്യായങ്ങൾക്കും അതിക്രമങ്ങളും ന്യായീകരണമുണ്ടാക്കാമെന്ന് കരുതുന്നു. ലോകരാജ്യങ്ങളും യൂറോപ്പും അമേരിക്കയും ഈ യാഥാർത്ഥ്യം തിരിച്ചറിയാത്തിടത്തോളം കാലം ലോകസമാധാനം അകലെയായിരിക്കും. ഖുർആൻ യഹൂദികളെ കുറിച്ചു പറയുന്നു: *'അവരിൽ (യഹൂദരിൽ) ചുരുക്കം പേരൊഴിച്ച് ബാക്കിയുള്ളവരിൽ നിന്ന് എന്തെങ്കിലും വഞ്ചനയെപറ്റി എപ്പോഴും നിനക്ക് അറിവ് കിട്ടിക്കൊണ്ടിരിക്കും. അതിനാൽ നിങ്ങൾക്ക് മാപ്പ് ചെയ്യുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യുക. തീർച്ചയായും അല്ലാഹു സുകൃതവാന്മാരെ സ്നേഹിക്കുന്നു... അവർ യുദ്ധത്തിന്നുള്ള തീ കത്തിച്ചപ്പോഴെല്ലാം അല്ലാഹു അതു കെടുത്തിക്കളഞ്ഞിരിക്കുന്നു. നാട്ടിൽ കുഴപ്പമുണ്ടാക്കുന്നതിനുവേണ്ടി അവർ ഓടിനടക്കുകയാണ് അല്ലാഹു കുഴപ്പക്കാരെ ഇഷ്ടപ്പെടുന്നില്ല* (5:14, 65).

അരാചകത്വത്തിന്റേയും യുദ്ധത്തിന്റേയും ഏറ്റവും അടിത്തട്ടിൽ ജൂതന്മാരുടെ കരങ്ങളുണ്ടെന്നത് സമകാലിക ചരിത്രം തന്നെ സൂക്ഷ്മമായി നിരീക്ഷിക്കുന്നവർക്കറിയാം. മുസ്‌ലിംകൾ അല്ലാഹുവിന്റെ സ്നേഹത്തിൽ നിന്ന് അകന്നു പോവുകയും അല്ലാഹുവിന്റെ, അനിഷ്ടങ്ങളെ മുഴുവൻ വാരിപ്പുണരുകയും ചെയ്തതിനാൽ അവരുടെ വഞ്ചനകൾക്കും യുദ്ധങ്ങൾക്ക് കുറിമാനമായിതീരുന്നു എന്നേയുള്ളു. പക്ഷേ ഇത് എല്ലാ കാലവും തുടരാമെന്ന് യഹൂദികൾ ധരിക്കേണ്ട. നീതിമാനായ ദൈവം അക്രമികളെ ശിക്ഷിക്കാതെ വിട്ടുകളയുമെന്ന് ധരിക്കുന്നവർ ബുദ്ധിശൂന്യരാണെന്ന് ഖുർആൻ നിരന്തരം നമ്മെ ഓർമ്മപ്പെടുന്ന അല്ലാഹു ലോകത്തെ ഗൂഢാലോചനക്കാരുടെയും അക്രമകാരികളുടേയും കൈയിൽ നിന്ന് രക്ഷിക്കട്ടെ. ●

(38 -ാം പേജിൽ നിന്ന് തുടർച്ച)

ഒരു മകൻ കൊല്ലപ്പെട്ടപ്പോൾ അനുഭവിച്ച വേദനയേക്കാൾ പതിന്മടങ്ങു വേദന തന്റെ ഗ്രന്ഥാലയം തീവെച്ചു നശിപ്പിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്നനുഭവപ്പെട്ടു. ഈ രണ്ടു കാരണങ്ങളായിരുന്നു അദ്ദേഹത്തിന്റെ മരണത്തിന്നു നിദാനം.

(സീറത്തെ സനായി ഭാ. 389, 390)

അല്പമെങ്കിലും ദൈവഭക്തിയുള്ളവർ ചിന്തിച്ചുനോക്കട്ടെ. മിർസാ സാഹിബിന്റെ ഗ്രന്ഥങ്ങൾ ചുട്ടെരിക്കപ്പെട്ടാൽ അദ്ദേഹത്തിന്റെ പ്രസ്ഥാനം നശിച്ചുപോകുന്നതാണെന്ന് മൗലവി സാഹിബ് വ്യാമോഹിച്ചു. അപ്പോൾ അല്ലാഹു തന്റെ 'അർശിൽ പുഞ്ചിരി തൂകുന്നുണ്ടായിരിക്കും. പക്ഷെ സംഭവിച്ചതെന്താണ്? അദ്ദേഹം തന്റെ ജീവിതകാലം മുഴുവനും ശേഖരിച്ചു വെച്ചിരുന്ന ഗ്രന്ഥങ്ങൾ മുഴുവനും അദ്ദേഹത്തിന്റെ കൺമുമ്പാകെ തന്നെ ചുട്ടെരിക്കപ്പെടുന്ന കാഴ്ച അദ്ദേഹത്തിന്നും കാണേണ്ടി വന്നു. അദ്ദേഹത്തിന്റെ ഏക മകൻ കൊല്ലപ്പെട്ടു. അങ്ങനെ അദ്ദേഹത്തിന്റെ വംശാവലി തന്നെ എന്നെന്നേക്കുമായി അവസാനിച്ചു. ഇത്രയും ദുഃഖങ്ങൾ താങ്ങാനാവാതെ അദ്ദേഹം ഹൃദയം തകർന്ന് മരണപ്പെട്ടു!" "തീർച്ചയായും ഇതിൽ ഉൾക്കാഴ്ചയുള്ളവർക്ക് ഒരു വലിയ പാഠമുണ്ട്." (3:14)

മറുഭാഗത്ത് വാഗ്ദത്ത മസീഹിന്റെ സന്താനപരമ്പര ആയിരക്കണക്കിലായി വർദ്ധിച്ചു. അദ്ദേഹത്തിന്റെ സന്താനപരമ്പരയിൽപെട്ട ഖലീഫമാർ അതെ ഫാർസിവംശജർ, കാർത്തികാനക്ഷത്രത്തിലേക്കുയർന്നു പോയ ഈമാനെ കോടിക്കണക്കിലുള്ള സത്യാത്മാക്കളുടെ ഹൃദയങ്ങളിൽ പ്രതിഷ്ഠിച്ചുകൊണ്ടിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമന്റെ നേതൃത്വത്തിൽ ആ ജൈത്രയാത്ര തുടരുകയാണ്.

ഫഅ്ത്തബിറൂ യാ ഉലിൽ അബ്സാർ

*അതുകൊണ്ടു ഉൾക്കാഴ്ചയുള്ളവരേ! നിങ്ങൾ പാഠം പഠിച്ചുകൊള്ളുക. (59:3)* ●

# ഉദ്ഘാടനം ചെയ്തു

**കടലായി:** അഹ്മദിയ്യാ മുസ്ലിം ജമാഅത്തിനുവേണ്ടി പുതുതായി നിർമ്മിച്ച മുബല്ലിഗ് ക്വാർട്ടേഴ്സ് 2006 ഡിസംബർ 3ന് മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് ഉദ്ഘാടനം ചെയ്തു. ●



മജ്ലിസ് അൻസാറുല്ലാഹ് കോഴിക്കോട് മേഖല സംഘടിപ്പിച്ച നബി കീർത്തനയോഗത്തിൽ ഇയ്യാച്ചേരി കുഞ്ഞികൃഷ്ണൻ പ്രസംഗിക്കുന്നു.

## ഒരു പ്രത്യേക അറിയിപ്പ്

2006 ജനുവരി മുതൽ ഡിസംബർ വരെയുള്ള സത്യദൂതൻ മാസികയുടെ വരിസംഖ്യയിലെ കുടിശ്ശിക ബാക്കിയുള്ളവർ നേരിട്ടോ എം.ഒ./ഡി.ഡി.യോ ആയി മാനേജർ സത്യദൂതൻ, ജി.എച്ച്. റോഡ് എന്ന വിലാസത്തിൽ അയച്ചു തരുവാൻ വിനീതമായി അപേക്ഷിക്കുന്നു. 2007 ജനുവരി മുതൽ പൂർവ്വാധികം പുതിയ വരിക്കാരെ ചേർത്ത് വരിസംഖ്യ കഴിയുന്നതും വേഗത്തിൽ പ്രസ്തുത അഡ്രസ്സിൽ അയച്ചു തരേണമെന്ന് ജമാഅത്ത് ഭാരവാഹികളോട് അഭ്യർത്ഥിക്കുന്നു.

മറ്റൊരു പ്രധാന അറിയിപ്പ്: ചിലവുകൾ വർദ്ധിച്ചിട്ടും കഴിഞ്ഞ കുറേ വർഷങ്ങളായി സത്യദൂതന്റെ വാർഷിക വരിസംഖ്യ അധികരിപ്പിച്ചിട്ടില്ല. ഇപ്പോൾ സത്യദൂതന്റെ വാർഷിക വരിസംഖ്യ നേരിയ തോതിൽ വർദ്ധിപ്പിക്കാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. വാർഷിക വരിസംഖ്യ 100 രൂപയിൽ നിന്നും 120 രൂപയും ഒറ്റ പ്രതി 10 രൂപയിൽ നിന്നും 12 രൂപയുമായിട്ടാണ് വർദ്ധിപ്പിച്ചത്. കഴിഞ്ഞ മൂക്കാൽ നൂറ്റാണ്ടിലധികമായി ദീനി പ്രബോധനം നടത്തിവരുന്ന സത്യദൂതന്റെ മാന്യവായനക്കാരും അഭ്യുദയകാംക്ഷികളും ഇത് സദയം പൊറുത്ത് ഞങ്ങളോടു തുടർന്നും പൂർണ്ണമായും സഹകരിക്കണമെന്നും സർവ്വോപരി സത്യദൂതന്റെ പുരോഗതിക്ക് വേണ്ടി പ്രാർത്ഥിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

**മാനേജർ**
**സത്യദൂതൻ**
**ജി.എച്ച്. റോഡ്, കോഴിക്കോട്**